# ADVANTAGES OF BANK NATIONALISATION

C. Purushothaman, III B. Com.

Nationalisation of banks implies the transfer of ownership and management of banks from private hands to the State. Theoritically, text books highlight four issues to cover all the arguments of the nationalisation. They are: Monetisation issue, Integration issue, Socialisation issue and Efficiency issue. (Sayers, "Modern Banking"). Newly emerged nations in the developing world have not found this classification much useful, because some of these issues can also be used against nationalisation. The all pervasive control of the central banks have rendered the first two issues redundant. Banking industry whether under Public control or private management hould function on commercial basis, so long s it deals with other people's money. Hence he principles of liquidity, cupidity and security ill have to be observed.

After the Second World War several ountries in Europe, such as France. Belgium weden, and Spain have brought banks under ublic ownership and control. In many apitalistic' countries quite a sizeable area is rown open to the public sector. On the other nd. many countries which have opted r democratic socialism have a flourshing ivate sector including banking.

Dr. Muranjan points out that banks are a position to "reap where they have not wn". Banks make profits on the people's oney; because of the savings kept with them the people. The profit arising out of the people's savings must go back to the people and not into the hands of the private owners of the banks.

It is now more than 22 yeras since India became free, but during this period the teeming millions have waited in vain for some improvement in their economic prosperity. One of the factors which has prevented the benefits of the development percolating to the lowest levels is that the economic power commanded by our banks has been the monopoly of a handful of leading business groups who have dominated the country's economic life. In a poor country where it is extremely difficult to mobilise adequate resources for development, it is necessary that institutions like the banks which touch the life of millions should be made to subserve the national priorites and objectives. Nationalisation of banks is inevitable if we wish to establish a truly egalitarian society.

Nationalisation of banks will, again, put an end to the diversion of deposits to industrial houses controlled by private bank directors, eithers directly or by the "back searching technique" — a technique by which directors in one bank by mutual arrangement lend money to directors in the other bank and vice versa. The result is the concentration of economic power and monopoly by interlocking directorships of banks and non-governmental industrial undertakings.

Government will be able to divert credit to areas of its choice, without providing the finance for speculation, hoarding, and cornering of stocks. It aims at primarily to ensure better management of our existing resources, and it helps to generate more national income. Under the new dispensation the banks are being asked to extend their operation to rural areas as well, so that surplus incomes being generated there. are also mopped up. Agriculture is contributing more than 40% to our economy and as the banking habits take routes in the rural areas this precentage will go up further.

While 50% of offices of Scheduled banks are concentrated in larger towns having a population of more than 50,000 some districts are still without a branch of a bank. On a population basis one banking office in India serves 75,000 people. The corresponding figures for U. S. A., U. K and Japan are 7000, 4000 and 15,000. The per capita deposits in India is Rs. 47/- as against Rs. 6000/- in U. S. A., Rs. 25000/- in W. Germany and Rs. 2000/- in U. K.

The investment of private bank resources is biased against the rural sectors. Private banks mobilise sizeable savings from rural and semi urban areas, but direct their uses to industry and trade. This accentuates regional and sectoral disparities. Private banks never encourage and absorb new entrepreneurs, technicians, engineers or educated unemployed. The nationalisation of banks would contribute to the launching of the principles and programmes for a balanced inter-sectoral and inter-regional growth of the economy in confirmity with larger social objectives and plan priorities.

Our Prime Minister said, "I should like to reiterate my assurance that even after nationalisation, the legitmate credit needs of private industry and trade, big or small will be met. Indeed it shall be our endeavour to ensure that the needs of the productive sectors of the economy, and in particular those of farmers, small scale industrialists and self employed personnel groups are met in an increasing measure. It will be one of the positive objectives of the nationalised banks to actively foster the growth of new and progressive entrepreneurs and to create fresh opportunities for hitherto neglected and backward areas in different parts of the country. The banks will now be better placed to serve the former and to promote agricultural production and rural development generally."

Bank nationalisation has been welcomed and acclaimed by the majority of the common people, especially the small traders and entrepreneurs, the farmers and cultivators. The strongest supporters of the needs to nationalisation of banks have been the bank employees. In the euphoria created by nationalisation energetic assurances have been given by their organisations to the effect that they will work hard and devotedly.

In a young democrary, engaged in gigantic effort of national reconstruction as India it, is very necessary that the commanding heights of the economy especially banks — should be controlled by the nation as a whole; and not by a few individuals Nationalisation of banks therefore, is, no doubt, a step in the right direction.

# ‘ആൻഡ്രിയാ ഡെൽസാർട്ടോ’വും ബ്രൗണിങ്ങിന്റെ തത്വചിന്തയും

കുഞ്ഞാലി, വാണിമേൽ II B. A. (Li

ആംഗ്ലേയകവിതാസാഹിത്യനഭോമണ്ഡലത്തിലെ ഒരുജ്ജ്വലതാരമാണ് ബ്രൗണിങ്ങ് — ധിഷണാപരമായും ആത്മീയമായും അസ്വാസ്ഥ്യം നടമാടിയിരുന്ന ഒരു സമൂഹത്തെയാണ് അദ്ദേഹത്തിന്നു് അഭിമുഖീകരിക്കേണ്ടിവന്നതു്. മതവും ശാസ്ത്രവും തമ്മിലാരംഭിച്ച കുഴപ്പം ദൈവനിഷേധത്തിലേക്കും നാസ്തികവാദത്തിലേക്കും വഴിതെളിയിച്ചു. ഈയൊരു പരിതഃസ്ഥിതി അന്നത്തെ സാഹിത്യകാരന്മാരെ ‘വിഷാദാത്മകത്വത്തി’ (Pessimism) ലേക്കെത്തിച്ചിരുന്നു. പക്ഷെ, പരിതഃസ്ഥിതികളെ തൃണവൽഗണിച്ചുകൊണ്ടു് മഹാനായ ബ്രൗണിങ്ങ് തന്റെ കൃതികളിൽക്കൂടി ദൈവവിശ്വാസം പുനഃസ്ഥാപിക്കാൻ ശ്രമിച്ചു. ഇതിന്റെ സ്പഷ്ടമായൊരുദാഹരണമാണ് ആൽഡ്രിയ ഡൽസാർട്ടോവിൽക്കൂടി നമുക്കു കാണാൻകഴിയുന്നതു്. മനുഷ്യജീവിതം വരാനിരിക്കുന്ന ജീവിതത്തിലേക്കുള്ള ഒരു പരീക്ഷണശാല മാത്രമാണെന്നു കവി സമർത്ഥിക്കുന്നു.

“Ah, but a man’s reach should exceed his grasp, or which’s a heaven for ?”

ഭൂമിയിൽ മനുഷ്യനുണ്ടാകുന്ന പരിണാമങ്ങളെ അന്വേഷിച്ചു കണ്ടെത്തേണ്ടതു മനുഷ്യന്റെ പ്രാഥമികകർത്തവ്യമാണെന്നു ബ്രൗണിങ്ങ് വാദിക്കുന്നു. ഇവിടെ കഥാപുരുഷനായ ആൽഡ്രിയ തന്റെ സഹധർമ്മിണിയായ ലൂക്രീഷ്യയോടു് ഒരു കലാകാരനെന്ന നിലക്കുള്ള തന്റെ നേട്ടങ്ങളെ പുരസ്സരിച്ചു പറയുകയാണ്. ഒരു കലാകാര(ന്) അവശ്യം ആവശ്യമായ ഗുണങ്ങളൊന്നും ത(ന)ക്കില്ലെന്നു് അയാൾ ദുഃഖസമേതം തന്റെ ഭാ(ര്യ)യോടു ആവലാതിപ്പെടുന്നു. സ്വയം ഉയരാ(ൻ)വേണ്ടി താനൊന്നും ചെയ്തിട്ടില്ലെന്നു് അയാ(ൾ) സമ്മതിക്കുന്നു. ‘ആത്മപ്രചോദനത്തിന്നുവേ(ണ്ടി)യുള്ള യാതൊരാശയങ്ങളും തന്റെ ജീവിത(ത്തി)ലില്ലെന്നുള്ളതു് ഒരു നഗ്നസത്യം മാത്രമാണ്.’

ഈ നശ്വരമായ ജീവിതത്തിന്നു് ഒരുദ്ദേശ്യ(വും) ലക്ഷ്യവും ഉണ്ടാകേണ്ടതുണ്ടെന്നു കവി ഓർമ്മി(പ്പി)ക്കുന്നു. പക്ഷെ യാതൊരാൾക്കും ഉദ്ദേശവും (അ)ചെയ്യാനുള്ള കരുത്തും ഒന്നിച്ചുണ്ടാവുകയില്ലെ(ന്നു)ള്ളതു ഒരു സത്യം മാത്രമാണ്.

In this world who can do a thing, will no
And who would do it, cannot I percie
Yet the the will’s, somewhat-somewh
too the pow
And thus we half men struggle

ആൻഡ്രിയ വീണ്ടും ലൂക്രീഷ്യയോടു പറയു(ക)യാണ്. പ്രസിദ്ധ കലാകാരന്മാരായ റഫേ(ലി)നോടും ആൻജലോവിനോടും താരതമ്യപ്പെടു(ത്തി)യാൽ തന്റെ കഴിവുകളെല്ലാം നിസ്സാരമാ(ണ്) പക്ഷെ വീണ്ടും അയാൾ സമാശ്വസിക്കു(ക)ണ്ട്. ‘‘ഈ ലോകത്തു് ആർക്കും തന്റെ ആശ(യ)ങ്ങൾ തൃപ്തികരമാംവിധം പരമോന്നതിയിലെ(ത്തി)ക്കാൻ സാദ്ധ്യമല്ല. ഒരാശയം കണ്ടെത്താനു

ഉദ്ദേശ്യവും അതു ചെയ്യാനുള്ള കരുത്തും യാതൊരു മനുഷ്യനും ഒന്നിച്ചുകിട്ടുന്നില്ല. ആരെങ്കിലും ഈ ലോകത്തു് അങ്ങനെയുണ്ടെങ്കിൽ അവർ അർദ്ധമനുഷ്യരും (half-man) തങ്ങളുടെ അന്തും അടുത്തവരുമാണു്.'' ആൻഡ്രിയ അതുപോലെയുള്ള ഒരർദ്ധമനുഷ്യനാണു്.

ബ്രൗണിങ്ങിന്റെ തത്വചിന്തയുടെ അഗാധത അളക്കാൻ കഴിയുന്ന ഭംഗിയുള്ള നാലു വരികളാണു് മുകളിൽ ഞാനുദ്ധരിച്ചതു്. അദ്ദേഹം വീണ്ടും സ്പഷ്ടമാക്കുന്നു; മേൽപ്പറഞ്ഞ അർദ്ധമനുഷ്യർ എപ്പോഴും പരാജയത്തിലേക്കു വഴുതിവീഴുകയാണു് ചെയ്യുന്നതു്. പക്ഷെ, പരിചയത്തിന്റെ പേരിൽ അയാൾ ഒരിക്കലും നിരാശനാകുന്നില്ല. ഈ ലോകത്തുള്ള പരാജയം ഒരിക്കലും അയാളുടെ ആത്മീയവീര്യം നശിപ്പിക്കുന്നില്ല. ഒരാളുടെ ഉദ്ദേശം മഹത്താണെങ്കിൽ ഒരിക്കലും വിരസത കാണിക്കേണ്ടതില്ല. ഈ ലോകത്തു പരാജയപ്പെട്ട ആൻഡ്രിയ സാന്ത്വനവും പ്രതീക്ഷയും അർഹിക്കുന്നു.

"At the end,
God, I Conclude, Compensates, Punishes"

"മഹത്തായ ഉദ്ദേശം ഈ ലോകത്തുണ്ടായിരുന്ന ഒരാൾക്കു ദൈവം തക്കതായ പ്രതിഫലം കൊടുക്കുമ്പോൾ ഈ ലോകത്തു വിജയമുണ്ടായിരുന്നിട്ടും ചെറിയ ഉദ്ദേശം മാത്രമുണ്ടായിരുന്നവരെ ദൈവം ശിക്ഷിക്കുന്നു.''

മനുഷ്യജന്മം നശ്വരമാണെന്നും ഒരു പുനർജന്മത്തെ അവനഭിമുഖീകരിക്കേണ്ടതുണ്ടെന്നും കവി വീണ്ടും വീണ്ടും ഉണർത്തുന്നു. അതുകൊണ്ടു മരണംകൊണ്ടു അവൻ തൃപ്തിപ്പെടേണ്ടതില്ല. 'മരണം പുനർജന്മത്തിലേക്കുള്ള ഒരു വാതിൽ മാത്രമാണു്. അവിടെ മാത്രമേ ജീവിതം പൂർണ്ണമാകുന്നുള്ളു.

തന്റെ ചിത്രരചന അതിന്റെ പരിപൂർണ്ണതയിൽ സ്വർഗ്ഗത്തിൽവെച്ചെത്തിക്കാമെന്നു് അവസാനമായി സമാശ്വസിക്കുന്നു.

"For great walls in the new Jerusalam,
Meted on each side by the angel's reed"
In the glorious company of Leornado,
Rephael, and Angelo.

നാളെ സ്വർഗ്ഗത്തിൽ ലേണാഡോവിന്റെയും റഫേലിന്റെയും എൻജലോവിന്റെയും സാന്നിദ്ധ്യത്തിൽ അവിടത്തെ മഹത്തായ ചുവരുകൾ തന്റെ ചിത്രങ്ങളാൽ അലങ്കരിക്കാമെന്നു അയാൾ ആശിക്കുന്നു.

അങ്ങനെ പെസ്സിമിസത്തിനെതിരായി തന്റെ ജീവിതകാലം മുഴുവൻ അടരാടിയ മഹാനായ ബ്രൗണിങ്ങ് തന്റെ ശുഭപ്രതീക്ഷയും (Optimism) ദൈവവിശ്വാസവും 'ആൻഡ്രിയ'യിൽകൂടി വ്യക്തമാക്കുന്നു. ബ്രൗണിങ്ങിന്റെ തത്വചിന്തക്കും നിശ്ശബ്ദനാടകത്തിനും (Dramaticmonologue) വ്യക്തമായ ഉദാഹരണമാണു് 'ആൻഡ്രിയ ഡെൽസാർട്ടോ.'

# BLOOD GROUPS AND BLOOD TRANSFUSION

Dr. P. Ali, Shoranur (old student)

This is the age of blood transfusion and heart transplantation. Are there any restrictions in blood transfusion? What are the principles of blood test?

A few decades ago, suppose a man got severely wounded and lost a considerable amount of blood from his body. He becomes pale and cold, his lips white, eye balls glassy, the pupils dilated, heart weak struggling for breath. Death is nearing and within a few minuties he would be embraced by the icy cold hands of death. In such a critical scene the physicians of that time were quite helpless. They had nothing to do but watch the scene as silent and passive witnesses. It is not the condition now. A few bottles of the suitable blood brings him back to life, gradually the original scarlet colour is regained by the lips, the eyes become lively, heart reaches its normal stage, and "death" gives way to "life".

Human blood can be divided into four main groups namely Group. A., Group. B., Group. AB., and and Group. O., This classification is based on the presence in or absence from the red blood corpuscles of two substances known as 'Agglutinogen. A' and Agglutinogen. B'. If only agglutinogen. A. is present in the R. B. C., the blood is of the Group. A. and just like if only agglutinogen. B. is present in the RBC, then the blood belongs to 'Group. B'; if both agglutinogens A & B are present in RBC, it is of 'Group. AB'; and lastly if neither agglutinogen A nor B is present in the RBC the blood belongs to Group O.

The above said agglutinogens are present in the RBC. In addition to the red cell agglutinogens there are substances "Agglutinins", which when present are found in the blood serum, and these also have to be taken into account when considering blood groups and transfusion. There are two serum agglutinins: Agglutinin-A. (Aggl. Alfa.) and Agglutinin-$\beta$. (Aggl. Beta). Redcell Agglutinogen-A. and Serum Agglutinin-$\alpha$. are antagonistics, and if they come into contact the red blood cells stick together or agglutinate in clumps, and disintegrate. The same is true of Red cell Agglutinalnogen. B. and Serum Agglutinin-b. Obviously these combinations cannot exist naturally in the same individual. But Red cell Agglntinogen. A. can exist with Sernm Agglutinin-b. and B with-a. Thus we can see persons belonging to Blood Group. A. (agglutinin. A. in RBC) have Agglutinin. $\beta$. in their serum; Group B. have Agglutinin. a. in their serum; Group. AB. (agglutinogen A&B in RBC) have neither 'a' nor 'b' in their serum; and Group. O. (neither A nor B in RBC) have both Agglutinins '$\alpha$' and '$\beta$' in their serum.

Therefore when blood transfusion is required the blood to be given should be of the same group to which the patient belongs. If blood of the same group is not available then blood of certain groups may be given to patients belonging to different groups in accordance with the following rules.

Group. 'A'. blood (A-in cells) can be given only to some one who has no Agglutinin '$\alpha$'.

in their serum. That is to some one of blood group 'AB'.; Group. 'B' blood can be given to someone of Grp. 'AB' for the same reason. But Group. 'AB' blood (Agglutinogen 'A' and 'B' in RBC) can be given only to patients of the same blood group; and at the same time Group. 'O' blood (neither A. nor B. in RBC) can be given to patients of any group. Hence persons of blood group 'O'. are known ss "Universal Donors". Here we can see that presons who belong to Blood Group. 'AB' can give blood only to those of the same group, but can receive from presons of any group. Hence persons of blood group 'AB' are known as "Universal Recipients."

| *Blood Group* | *can be given to* | *can be recieved from* |
|---|---|---|
| A | A, AB. | A, O |
| B | B, AB. | B, O |
| AB | AB. | AB, A, B, O. |
| O | O, A, B, AB. | O. |

**How to discover the Blood Group:**

To discover the blood group to which a person belongs, some of his red blood cells are suspended in a saline solution and added to two seperate drops of serum containing agglutinins $\alpha$ & $\beta$ respectively. If it RBCs agglutinate with serum a the group is 'A' If with serum $\beta$ it is group 'B'; if with both serum $\alpha$ & $\beta$ it is Group 'AB'; and if the red cells agglutinate with neither serum-$\alpha$ nor serum $\beta$ it belongs to Group 'O'

**Rh-Factor:**

In blood transfusion the group discovery is the first step. The second step is the determination of whether it is 'Rh positive' or 'Rh-negative'

The terms Rh positive and Rh negative refer to two other blood groups of considerable importance. The letters Rh are the abbreviation of Rhesus which refers to a substance first discovered in Rhesus monkeys. The Rh substance is present in the R. B. C. of about 83% of people. They belong to Rh positive Group and the Rh substance is absent from the R. B. C. of about 17% of people who belong to Rh Negetive Group.

The Rh substance has no naturally occurring antagonistic agglutinin except in the following circumstances: If Rh positive blood is given to some with Rh Negative blood, the body, at once begins to manufacture "Anti-Rh-agglutinin". This is a slow phenomenon so that there will be no ill effect with the first transfusion of Rh positive blood except in the case of a woman who has developed anti-Rh-agglutinie in the way described below. Subsequent transfusion may give rise to immediate severe reaction.

If a man of Rh positive marries a woman of Rh negative blood, some or all of their children will be Rh positive. If the child is Rh negative like the mother, there will be no problem But if the child happens to be Rh positive while it is developing in the mothers uterus it may provoke the formation of anti Rh agglutinin in her blood. Then this agglutinin can enter the child'e circulation and destroy its blood cells. As this agglutinin formation is a slow process the first pregnancy is usually uneventful unless the mother had already developed Anti-Rh-agglutinin by previous transfusions with Rh Positive blood. But should subsequent Rh positive children be conceived then the level of agglutinin may rise to dangerous levels, with the result that the child may die or may be born with severe anaemia.

Fortunately enough, blood grouping of pregnant women is now a routine practice so that Rh negative woman can be detected. If their husbande are also Rh negative there will be no trouble. But if the husband is Rh positive then the woman is carefully observed throughout pregnancy. The amount of anti-Rh agglutinin is estimated as pregnancy develops and if this reaches a critical level the child may be affected In such a condition arrangements are made to remove all the blood from the child soon after birth and to replace it at the same time with Rh negative blood. By this method of exchange transfusion the precious lives of very many new born babies are saved each year.

# DO YOU KNOW THESE "RATIONS"?

P. Abdul Azeez, I B. Sc. (Zoology)

(a) The ration which gives change of speed [Acceleration]

(b) The ration which gives the method of ruling [Administration]

(c) The ration which gives fame [Admiration]

(d) The ration which gives the change in position [Alteration]

(e) The ration which gives the disposition of colours [Coloration]

(f) The ration which brings the mind to one point [Concentration]

(g) The ration which gives joint effort [Co-operation]

(h) The ration which gives an emphatic statement [Declaration]

(i) The ration which gives new life [Regeneration]

(j) The ration which gives the reckless state of mind [Desperation]

(k) The ration which changes into vapours [Evaporation]

(l) The ration which carries one beyond the truth [Exaggeration]

(m) The ration which gives the complete removal of a body [Expiration]

(n) The ration which gives sudden feeling [Inspiration]

(o) The ration which gives freedom [Liberation]

(p) The ration which gives the ability to change abode [Migration]

(q) The ration which counts [Enumeration]

# എന്റെ നാടു്,
# എന്റെ സ്വപ്നം!

എ. പി. കുഞ്ഞാമു, II B. A.

സ്വാതന്ത്ര്യപ്പുലരി ജനസാമാന്യത്തിനു് ഒരു പുതുയുഗപ്പിറവിയായി അനുഭവപ്പെടുന്നില്ലെങ്കിൽ ആ സ്വാതന്ത്ര്യം അർത്ഥശൂന്യമാണെന്നു മഹാത്മാ ഗാന്ധി ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി. നാം സ്വതന്ത്രരായിട്ടു വർഷങ്ങൾ പത്തിരുപത്തിരണ്ടെണ്ണം കഴിഞ്ഞു. ഇംഗ്ലീഷുകാരായ യജമാനന്മാർക്കുപകരം ഇന്ത്യക്കാരായ യജമാനന്മാരുണ്ടായി എന്നല്ലാതെ സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ മററു വല്ല ചലനവും ഇവിടെയുണ്ടായോ എന്നു ചിന്തിക്കുന്നതു് ഇത്തരുണത്തിൽ നന്നു്. ചുററുപാടുകളിലേക്കു് ഒന്നു കണ്ണോടിച്ചുനോക്കുമ്പോൾ കാണാൻ കഴിയുന്ന ചിത്രം ഒരിക്കലും സംതൃപ്തിദായകമല്ല. അല്ലെങ്കിൽ എന്തിനു ഗാന്ധിജി പറഞ്ഞതിനെ മുഖവിലക്കെടുക്കണം? സ്വന്തം ചക്രവാളങ്ങൾ നേടിയെടുക്കാനുള്ള ശ്രമങ്ങൾക്കിടയിൽ ഉന്നതാദർശങ്ങളും കർമ്മപദ്ധതികളും വിസ്മരിക്കുന്ന നേതാക്കളും അവർക്കൊത്ത അനുയായികളും നിറഞ്ഞ ഒരു നാട്ടിൽ ഗാന്ധിക്കെന്തു വില?

ആർഷപ്രോക്ത ധാർമ്മികമൂല്യങ്ങളെക്കുറിച്ചുള്ള മിഥ്യാഭിമാനത്തിന്റെ കാര്യത്തിൽ നാമാരുടെയും പിന്നിലല്ല. ഈ മണ്ണിൽ വേരുറപ്പിച്ചു്, ഇവിടെനിന്നു് വെള്ളവും വെളിച്ചവും തേടി, ഇവിടെ ഉദിച്ചസ്തമിച്ചുപോയ സംസ്കാരികപൈതൃകങ്ങളും അവ നമുക്കു സംഭാവനചെയ്ത യുഗാചാര്യന്മാരുമൊക്കെ നമ്മിൽ പുളകം പകരുന്ന ഓർമ്മകളാണു്. സിന്ധുഗംഗാനദീതടങ്ങളിലെ സമ്പത്തിനെക്കുറിച്ചും അവിടെ തളിർത്തുതളിരിട്ട നാഗരികതയെക്കുറിച്ചും നാമഭിമാനപൂർവ്വം പുളകമണിയുന്നു. വേദേതിഹാസകാലങ്ങൾക്കും അതിനുശേഷം മൌര്യ-ഗുപ്തകാലഘട്ടങ്ങൾക്കും നമ്മുടെ പ്രസംഗങ്ങളിൽ വേണ്ടതിലധികം സ്ഥാനമുണ്ടു്. അന്നു നാം ചവിട്ടിക്കയറിയ സംസ്കാരത്തിന്റെ സൌവർണ്ണമേഖലകളെക്കുറിച്ചു നാമാവേശപൂർവ്വം പ്രസംഗിക്കാറുണ്ടു്. ഇസ്ലാമിക ഭരണകാലത്തു് ഇവിടെ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള സമ്പന്നമായ സംസ്കാരത്തേയും അന്നു നാം പുലർത്തിപ്പോന്ന അഭിനന്ദനീയമായ മതസൌഹാർദ്ദത്തെയും ചൊല്ലി നാമഭിമാനിക്കുന്നു. വ്യാസനെയും വാല്മീകിയെയും കബീറിനെയും ശങ്കരാചാര്യരെയും ഇങ്ങേത്തലക്കൽ ഗാന്ധിയേയും ആസാദിനെയും ജവാഹർലാലിനേയുമൊക്കെ നാം ആദരവിന്റെ ഉത്തുംഗശൃംഗങ്ങളിലേററി വാഴിക്കുന്നു. പക്ഷെ നാമിതിനൊക്കെ അർഹത നേടിയിട്ടുണ്ടോ എന്നുകൂടി ചിന്തിക്കേണ്ടതു് അത്യാവശ്യമാണു്.

പണ്ടത്തെ സുവർണ്ണദശയെക്കുറിച്ചു് എന്തൊക്കെ പഴം പുരാണങ്ങൾ പറഞ്ഞാലുംശരി, ഇന്നു നാം ജാതിയുടെയും മതത്തിന്റെയും പേരിൽ പരസ്പരം കലഹിക്കുകയാണു് എന്നതൊരു വസ്തുതയത്രെ. സംഘർഷത്തിന്റെയും പരസ്പരസ്പർദ്ധയുടെയും അന്തരീക്ഷമാണിവിടത്തേതു്. ഒരു ഭാഗത്തു ഗാന്ധിജന്മശതാബ്ദിയാഘോഷങ്ങളോടനുബന്ധിച്ച സ്മാരകസ്തൂപങ്ങളും മണിമന്ദിരങ്ങളുമുയർത്ത

പ്പെട്ടുകൊണ്ടിരുന്നപ്പോൾ മറുവശത്തു് ആ മനുഷ്യസ്നേഹിയുടെ ജന്മനാടിനു തൊട്ടടുത്തു കിടക്കുന്ന അഹമ്മദാബാദിൽ ഹിന്ദുവും മുസൽമാനും പരസ്പരം കഴുത്തറുത്തു രസിക്കയായിരുന്നു. അഹമ്മദബാദ് ഒരൊററപ്പെട്ട സംഭവമല്ല. ''ഒരേ മണ്ണിൽ ജനിച്ചു, ഒരു വേലിക്കപ്പുറത്തുമിപ്പുറത്തുമായി വളർന്നു് ഒരേ വായുവും വെള്ളവും നുകർന്നു'' ജീവിക്കുന്ന സഹോദരന്മാർ പരസ്പരം കഴുത്തറുത്തു, കരുത്തു കട്ടപിടിച്ചുകിടക്കുന്ന ചോരയിൽ താണ്ഡവനൃത്തമാടുന്ന കാഴ്ച ഇവിടെ സാധാരണമാണു്. മുദ്രാവാക്യങ്ങളുടെയും ഉള്ള പൊള്ളയായ വാചകങ്ങളുടെയും ബഹളത്തിനിടയിൽ അതാരും ശ്രദ്ധിക്കാറില്ലെന്നുമാത്രം. എന്തേ നമ്മുടെ നാട്ടിലിങ്ങനെ സാർവ്വത്രികമായ തോതിൽ വർഗ്ഗീയലഹളകൾ പൊട്ടിപ്പുറപ്പെടാൻ? അതിനുപിന്നിലുള്ള സങ്കീർണ്ണങ്ങളായ കാരണങ്ങളെക്കുറിച്ചു പഠിക്കാതെ തന്നെ മൌലികകാരണത്തെക്കുറിച്ചു മനസ്സിലാക്കാൻ കഴിയും. ഭിന്നമുഖങ്ങളുള്ള പ്രസ്തുത കാരണത്തെ ഒററവാക്കിലൊതുക്കി നിർത്തിയാൽ വിശ്വാസരാഹിത്യമെന്നു പറയാം.

വിശ്വാസരാഹിത്യം ഇന്ത്യയിലിന്നു സാർവ്വത്രികമാണു് എന്നതു തിക്തമായ ഒരു യാഥാർത്ഥ്യമാണു്. ലോകത്തെമ്പാടും സാർവ്വജനീനമായിരിക്കുന്ന വിശ്വാസരാഹിത്യത്തിൽനിന്നും ആലസ്യത്തിൽനിന്നും സവിശേഷമായി നമുക്കുമാത്രമെന്തൊരു പ്രത്യേകത എന്നചോദ്യം ഇവിടെ ഉയർന്നുവന്നേക്കാം. അതിനുള്ള ഉത്തരം നമ്മുടെ കുത്തഴിഞ്ഞുകിടക്കുന്ന സാമൂഹ്യ-സാമ്പത്തിക രാഷ്ട്രീയ രംഗങ്ങൾ പറഞ്ഞുകൊള്ളും. വികസനത്തിൻെറ പരിണാമപ്രക്രിയകളിലൂടെ കടന്നുപോകുന്നൊരു വികസിത രാഷ്ട്രത്തിൻെറ ഈററുനോവുകളുടെ ശബ്ദമല്ല ഇവിടെ മുഴങ്ങിക്കേൾക്കുന്നതു്. മറിച്ചു് പ്രയാണത്തിന്നിടയിൽ കാൽതെററിത്തളർന്നുവീണ ഒരു ക്ഷയോന്മുഖരാഷ്ട്രത്തിൻെറ ദീനരോദനങ്ങളത്രേ വർഷങ്ങൾ ഇരുപത്തിരണ്ടും കടലാസുപദ്ധതികൾ മൂന്നും കഴിഞ്ഞുപോയെങ്കിലും സാമ്പത്തിക നയങ്ങളാസൂത്രണം ചെയ്തുവിഷ്ക്കരിക്കുന്നതിൽ വരുത്തിവെച്ച അക്ഷന്തവ്യങ്ങളായ പിഴവുകൾ മൂലം ലോകരാഷ്ട്രങ്ങളുടെ പടിപ്പുരവാതിലുകൾക്കു മുമ്പിലെല്ലാം കഷ്ടപ്പാടിൻെറ അദ്ധ്യായങ്ങൾ തുറന്നുവെച്ചു പിച്ചതെണ്ടേണ്ട ഗതികേടാണു നമു

ക്കുണ്ടായതു്. സോഷ്യലിസ്റ്റു്സമുദായമെന്ന സങ്കല്പ
നമ്മെസംബന്ധിച്ചിടത്തോളം ഒരു മരു മരീചി
യാണു്. നാട്ടിലെ സമ്പത്തായ സമ്പത്തു മുഴവന
ഏതാനും വ്യക്തികളുടെ വ്യാവസായിക മൂലധ
ത്തിലും ബാങ്കു് നിക്ഷേപങ്ങളിലുമൊതുങ്ങിനി
കയും പുരോഗമനത്തിൻെറ പ്രയാണത്തിൽ കാ
മായ സംഭാവനയർപ്പിക്കേണ്ട കാതലായ സാധാ
ണക്കാരൻ അരക്ഷിതാവസ്ഥയുടെ അഗാധഗ
ങ്ങളിലാണ്ടുകിടക്കുകയും ചെയ്യുന്ന ഒരു പതനത്ത
ലെത്തിച്ചേർന്നിരിക്കയാണു നാം. അതൊരുവശ
മാത്രം. ഉല്പാദനത്തിൻെറ കാര്യമോ? ഓരോ വ
ത്തിലും മന്ത്രിമാരുരുവിടുന്ന സ്ഥിതിവിവരക്കണക്
കളിലെ ജീവനില്ലാത്ത അക്കങ്ങൾ ഭീമമായ ഉ
ദനവർദ്ധനവിൻെറ കഥകൾ പറയാറുണ്ടെന്നു
നേരുതന്നെ. അടുത്ത വർഷം സ്വയംപര്യാപ്തിനേ
മെന്ന പ്രതീക്ഷയുടെ അകമ്പടിയുമായവതരിക്ക
വുള്ള അത്തരം കണക്കുകളുടെ അർത്ഥശൂന്യ
വ്യക്തമാകണമെങ്കിൽ ചുററുപാടുമൊന്നു കണ്ണോ
ടിച്ചാൽ മതി. പല കാരണങ്ങളാലും നമ്മു
വികസനപരിപാടികളെല്ലാം വൻപരാജയ
ളായിക്കലാശിച്ചിരിക്കയാണു്. അതിൻെറ ഫ
കടുത്ത പട്ടിണിയും.

സാമൂഹ്യമണ്ഡലമാകെ ദുഷിച്ചു നാറിയ
ക്കുന്നു. കൈക്കൂലിയും സ്വജനപക്ഷപാതവും
ടത്തു്. അഴിമതിയും ചുവപ്പുനാടയും മറൊ
ടത്തു്. വിലക്കയററവും കരിഞ്ചന്തയും മാ
ഠെക്ലും ഇനിയുമൊരിടത്തു്. മായം ചേർക്കാ
വിഷംപോലും കിട്ടാനിടയില്ലെന്ന പരുവ
ലത്രേ നാം. കടലാസുകൾ ചുകപ്പുനാടയുടെ
കളിൽനിന്നു വിമുക്തമായി നീങ്ങിപ്പോകണ
ങ്കിൽ കൈക്കൂലി നല്കിയേ പററൂ. അഴിമതിയു
കാര്യമാണെങ്കിൽ പറയാനുമില്ല. അനാസ്ഥയു
നീരാളിപ്പിടുത്തത്തിൽപെട്ടു വികസനത്തെ
വെച്ചു സ്ഥാപിക്കപ്പെട്ട കാര്യാലയങ്ങളൊ
വെറും പ്രഹസനങ്ങളായി മാറിയിരിക്കുന്നു. വ
ലങ്ങളായ കർമ്മപരിപാടികൾ കടലാസുപ
കളായവശേഷിക്കുന്നു പക്ഷേ നാം ഉഗ്രമായ
തിൽ വാചകമടിക്കാറുണ്ടു്. എന്നാൽ സ
നിലനില്പിൻെറയും കീശയുടെ കനത്തിൻെ
പ്രശ്നം നാടിൻെറ പൊതുപ്രശ്നത്തേക്കാൾ
വവും കനപ്പെട്ടതുമായിക്കലാശിക്കുമ്പോൾ ഇ
നെയൊക്കെയായില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ

രാഷ്ട്രീയരംഗമാണ് ഇതിലും ദയനീയം. രാഷ്ട്രീയമെന്നത് ഏതാനുംപേർക്ക് വായിട്ടലക്കാനുള്ള ഒരുപാധിമാത്രമാണിവിടെ. മുദ്രാവാക്യപ്രാണങ്ങളാണിവിടത്തെ രാഷ്ട്രീയപ്പാർട്ടികൾ. മാനിഫെസ്റ്റോകളിലും പ്രകടനപത്രികകളിലും ഉന്നതാദർശങ്ങളും മോഹനസുന്ദരവാഗ്ദാനങ്ങളുമൊക്കെ പ്രത്യക്ഷപ്പെടാറുണ്ടെങ്കിലും അവയെയൊക്കെ വ്യഭിചരിക്കുന്ന വിലകുറഞ്ഞ പണിയിലത്രെ രാഷ്ട്രീയക്കാർ ഏർപ്പെട്ടിരിക്കുന്നത്. വൈജ്ഞാനികസമ്പത്തും രാഷ്ട്രീയോദ്ബുദ്ധതയും സമാർജ്ജിച്ചിട്ടില്ലാത്ത സാധാരണക്കാരനെ പഞ്ചാരവാക്കുകളാലും അതുകൊണ്ടൊത്തില്ലെങ്കിൽ മററു പല രീതിയിലും പാട്ടിലാക്കി വോട്ടുനേടി അധികാരത്തിലേറിയാൽമതി — പിന്നെ സ്വന്തം കീശ വീർപ്പിക്കാനും അധികാരക്കസേരയുടെ ഈടുമുറപ്പും വർദ്ധിപ്പിക്കാനും എന്തും ചെയ്യും. തങ്ങൾതന്നെ പൊക്കിപ്പിടിക്കുന്ന മഹത്തായ ആദർശങ്ങളെ ബലികഴിച്ചുകൊണ്ട് കാലുമാറാം, കാലുവാരാം. പൊതുജനങ്ങളും അവരുടെ ഇഷ്ടാനിഷ്ടങ്ങളും ഇവർക്ക് പ്രശ്നമല്ല. മറിച്ച് വൻകിടമുതലാളിമാരുടെ മെഗഫോണുകളാണുതാനും പല രാഷ്ട്രീയപ്രത്യയശാസ്ത്രക്കാരും. പ്രത്യയശാസ്ത്രപരമായി ഐക്യമുണ്ടെന്നവകാശപ്പെടുന്ന വിവിധ പാർട്ടികൾ സ്ഥാപിതതാല്പര്യത്തിന്റെയും ഏതാനും ചില നേതാക്കളുടെ അന്തസ്സിന്റെയുംപേരിൽ ഭിന്നിച്ചുനിന്നു പാർട്ടികളുടെ ഒരണിതന്നെ ഇവിടെ ഉണ്ടാക്കിയിരിക്കുന്നു. സമത്വസുന്ദരവും ചൂഷണരഹിതവുമായ ഒരു ലോകത്തെ സ്വപ്നം കാണുന്ന, അതിനുവേണ്ടി അരയും തലയും മുറുക്കി പ്രവർത്തിക്കുന്നവരെന്നവകാശപ്പെടുന്ന വിപ്ലവാദർശക്കാർ ചേരിതിരിവിന്റെയും ഭിന്നിപ്പിന്റെയും ചുഴികളിൽപ്പെട്ടു വട്ടംകറങ്ങുകയാണ്. വൈദേശികശക്തികളിൽനിന്നാണ് പലരും പ്രചോദനം നേടുന്നത്. ഇവരിവിടെ നടത്തുന്നതാകട്ടെ വിപ്ലവങ്ങളുടെ വികൃതങ്ങളായ അനുകരണങ്ങളും. ഇരുട്ടിൽ നഗരങ്ങളിലെയും നാട്ടിൻപുറത്തെയും പൊതുചുമരുകളിൽ വാൾപോസ്റ്ററൊട്ടിക്കുന്നതിലുമപ്പുറം ഇവരുടെയൊന്നും വിപ്ലവബോധം വളർന്നിട്ടില്ലെന്നതത്രെ നേര്. പ്രസംഗിക്കാനെല്ലാവരും മിടുക്കന്മാരാണ്. പക്ഷെ പ്രസംഗത്തിന്റെ പത്തിലൊന്നു പ്രാധാന്യമെങ്കിലും പ്രവൃത്തിക്കു കൊടുത്തിരുന്നുവെങ്കിൽ നമ്മുടെ നാട് ഇത്രയേറെ അധഃപതിക്കുമായിരുന്നുവോ? മഹത്തായവയെന്നു നാമഭിമാനപൂർവ്വം പറഞ്ഞുപോരുന്ന സങ്കല്പങ്ങൾ ഇത്രയെളുപ്പത്തിൽ തകർന്നുവീഴുമായിരുന്നുവോ?

സ്ഥിതിഗതികളിങ്ങിനെയൊക്കെ ആയിരിക്കെ ഇവിടെ വിശ്വാസരാഹിത്യവും അനിശ്ചിതാവസ്ഥയും സാർവ്വത്രികമായതു സ്വാഭാവികമെന്നേ പറയേണ്ടു. വിദ്യാഭ്യാസരംഗത്തും ആസൂത്രണത്തിന്റെ അപര്യാപ്തതകൾ തെളിഞ്ഞുകാണാം. പഠിച്ചുകഴിഞ്ഞശേഷം തൊഴിൽ കിട്ടാനുള്ള സാധ്യതക്കുറവും പഠനസമ്പ്രദായങ്ങളിലെ കോലക്കേടുകളും അർഹിച്ചവനല്ല അവസരങ്ങൾ ലഭിക്കുന്നതെന്ന ദുഃഖകരമായ അവസ്ഥയും രാഷ്ട്രീയക്കാർ തങ്ങളുടെ ഇടയിലുണ്ടാക്കിത്തീർത്ത ഗുലാമാലകളുമൊക്കെ വിദ്യാർത്ഥിസമൂഹത്തെ അമ്പരപ്പിച്ചിരിക്കയാണ്, അസ്വസ്ഥരാക്കിയിരിക്കയാണ്. അനുകരണഭ്രമവും വ്യക്തിത്വമില്ലായ്മയുമാണ് വിദ്യാർത്ഥികളുടെ ഇടയിൽ വളരുന്ന മറെറാരാപത്ത്. സ്വന്തമായൊരു ജീവിതവീക്ഷണവും കാഴ്ചപ്പാടും കരസ്ഥമാക്കാൻ കഴിയാതെപോയതുകൊണ്ടാവാം പാശ്ചാത്യരെ അന്ധമായനുകരിക്കാനുള്ള വെമ്പൽ ഇന്നെവിടെയും പ്രകടമായിരിക്കയാണ്. കാലുകൾ കാലുറകൾക്കുള്ളിലുരുക്കിയൊഴിച്ചതുപോലുള്ള വേഷവിധാനങ്ങളും വിവിധവർണ്ണാങ്കിതമായ വസ്ത്രങ്ങളും അണിഞ്ഞു തലമുടി നീട്ടിവളർത്തി ബീററ്നിക്കുകളേയും ബീററിൽസുകളെയും ഹിപ്പികളെയുമൊക്കെ ഒന്നുമറിയാതെ അനുകരിച്ചു കൃത്രിമത്വത്തിന്റെ നിശ്ചലജലത്തിൽ പൊങ്ങിനില്ക്കുന്ന പൊങ്ങുതടികളായി മാറിയ വിദ്യാർത്ഥികൾ നമ്മുടെ സാംസ്കാരികാധഃപതനത്തിന്റെ ഒന്നാം നമ്പർ ഉദാഹരണങ്ങളാണ്. നമ്മുടെതായ ഒന്നുമവർക്കിഷ്ടപ്പെടാൻ കഴിയുന്നില്ല. പാശ്ചാത്യസംഗീതവും പാശ്ചാത്യരീതിയിലുള്ള ജീവിതക്രമങ്ങളുമൊക്കെയേ അവർക്ക് പിടിക്കയുള്ളൂ. നമ്മുടെ സംസ്കാരത്തിന്റെ മൂലസ്രോതസ്സുകൾ അല്പമെങ്കിലും അളന്നറിയാൻ ശ്രമിക്കാത്ത ഇത്തരമൊരു തലമുറ നമുക്കെന്തു സംഭാവനനല്കും എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. നമുക്കാവശ്യം നിർജ്ജീവികളായ ഇത്തരം ധൈഷണികഷണ്ഡന്മാരെയല്ല, സ്വന്തമായൊരു ജീവിതവീക്ഷണവും കറച്ചൊരു ചോദ്യബുദ്ധിയും ആ ചോദ്യബുദ്ധി

പ്രകടിപ്പിക്കാൻ കരുത്തുമുള്ള ഒരു പുതിയ തലമുറയാണ്.

സമൂഹത്തിൽ ഈ ധിക്കാരത്തിന്റെ വിത്തു പാകേണ്ടതിന്റെ ഉത്തരവാദിത്വം സാഹിത്യകാരന്നാണെന്നുറച്ചുവിശ്വസിക്കുന്നു ഞാൻ. പക്ഷെ സാഹിത്യകാരനാണെങ്കിൽ ആധുനികജീവിതത്തിന്റെ അർത്ഥശൂന്യതയിലും സാംസ്കാരികമൂല്യങ്ങളുടെ തകർച്ചയിലും മതങ്ങളുടെയും മറ്റുന്നതാദർശങ്ങളുടെയുമൊക്കെ പൊള്ളത്തരത്തിലും മനം മടുത്തു മോഹഭംഗക്കാരായി മാറിയിരിക്കയാണ്. നമ്മുടെ നാട്ടിൽ കുറെയേറെ ജീവിതം അനിശ്ചിതവും അലക്ഷ്യവുമായി മാറിയിട്ടുണ്ടെന്നു സമ്മതിച്ചുകൊണ്ടുതന്നെ പറയുന്നു ഈ മോഹഭംഗം വെറും കള്ളനാണയമാണ്, ഫാഷനാണ്. ജീവിതം ലക്ഷ്യമില്ലായ്മകൊണ്ടു വഴിമുട്ടിനില്ക്കുകയും നമ്മുടെ സാംസ്കാരികചൈതന്യം കെട്ടടങ്ങുകയും ചെയ്തിട്ടുണ്ടെങ്കിൽ ക്രിയാത്മകങ്ങളായ പ്രവർത്തനപരിപാടികളിലൂടെ അതവസാനിപ്പിച്ച് പുതിയൊരു ജീവിതചൈതന്യമുല്പാദിപ്പിച്ചെടുക്കേണ്ടതു സാഹിത്യകാരനാണ്. ആ ശ്രമത്തിൽ, പുരോഗമനോന്മുഖമായ ഒരു സംസാരം ഇവിടെ വിളയിച്ചെടുക്കാനുള്ള ശ്രമത്തിൽ മനുഷ്യരാശി അവനിൽ വിശ്വാസമർപ്പിച്ചിരിക്കെ, ഒന്നും പ്രവർത്തിക്കാതെ മോഹഭംഗമെന്നു മോങ്ങുന്നവരെ ഉത്തമസാഹിത്യകാരന്മാരായെണ്ണാൻവയ്യ. ഈ കാലഘട്ടത്തിന്റെ സ്ഥായിയായ സ്വഭാവമായ മരവിപ്പിൽനിന്ന് ജീവചൈതന്യമൂറ്റിയെടുത്തു സംസ്കാരത്തിന്റെ പുതുനാമ്പുകൾ മുളപ്പിച്ചെടുക്കേണ്ട കടമ സാഹിത്യകാരന്റേതാണ്. അതിന്നാണ് തന്റെ കൈമുതൽ അവൻ ചിലവഴിക്കേണ്ടത്. അതല്ലാതെ ഈ മോഹഭംഗംകൊണ്ടൊന്നും ഒന്നും നേടാനില്ല.

അന്ധമായി അനുസരിക്കാത്തവരുടെ ഒരു തലമുറയാണിവിടെ ആവശ്യം എന്നു പറഞ്ഞുവല്ലോ. പക്ഷെ സാഹിത്യകാരൻപോലും സാഹചര്യങ്ങളുടെ അനിയന്ത്രിതമായ പ്രേരണയാൽ ക്രിയവിക്രയമനോഭാവത്തിന്നടിപ്പെട്ടുകിടക്കെ ഈ ധിക്കാരം എവിടെനിന്നുത്ഭവിക്കാനാണ്? ഇവിടെ സാഹിത്യം വെറുമൊരു ബിസിനസ്സാണ്. ഒരുകാലത്തു തങ്ങളുടെ കൃതികൾവഴി സംസ്കാരവിപ്ലവത്തിന്റെ വിത്തെറിഞ്ഞ പുരോഗമനസാഹിത്യകാരന്മാർ ഇന്നും പഴകിയ സങ്കേതങ്ങളിലൂടെത്തന്നെയത്രെ യാത്രചെയ്യുന്നത്. സ്വന്തം നിലനില്പിനുവേണ്ടി, സുസ്ഥിരമായ ഒരു സാമ്പത്തികനിലക്കുവേണ്ടി പഴയ പ്രശസ്തിയുടെ മറ വിൽ മൂന്നാംതരം കൃതികളെഴുതുകയാണ് നമ്മുടെ ഒന്നാംകിട സാഹിത്യകാരന്മാർ. ഒരുകാലത്തു നല്ല കൃതികളെഴുതിയിരുന്ന തകഴിയും ദേവും ബഷീറ മൊക്കെ ഇന്നു പടച്ചുവിടുന്ന കൃതികൾ മൂന്നാം കിട സാഹിത്യകാരന്മാരെഴുതുന്ന നാലാംകിട നോ വലുകളേക്കാളും തരംതാണവയത്രെ. എന്നിട്ടു തങ്ങളാണ് വിശ്വസാഹിത്യത്തിലെ അതികായ ന്മാരെന്ന ഭാവവും. മലയാളത്തിൽ നോവലിന വർദ്ധിച്ചുവരുന്ന ഡിമാൻറും ഇത്തരം വിലകുറഞ്ഞ സാഹിത്യങ്ങളുടെ ആവിർഭാവത്തെ ഒരളവോളം സഹായിക്കുകയത്രെ. നല്ല കഥകളെഴുതിപ്പോന്ന കാരൂരും നല്ല നാടകങ്ങളെഴുതി പേരെടുത്ത കെ ടി. മുഹമ്മദും നോവൽരംഗത്തേക്കു കടന്നുവന്ന കാൽതെറ്റിവീണതു സ്മരണീയമാണ്. മാർക്കറ്റി ന്നനുസരിച്ച് എന്തുമെഴുതിയാൽ സാഹിത്യമായ എന്ന ആ ധാരണ എഴുത്തുകാർ—പ്രത്യേകിച്ച പ്രശസ്തരായ എഴുത്തുകാർ—വെടിഞ്ഞേ മ യാറൂ. വാളെടുത്തവരൊക്കെ വെളിച്ചപ്പെടാ കഴിയില്ല എന്നവർ ഓർക്കുന്നതു നന്ന്.

പ്രശസ്തന്മാരെഴുതുന്ന പീറക്കഥകളെ ഇവി പ്രോത്സാഹിപ്പിക്കുന്നതു പത്രമാസികക്കാരാണ് വിശേഷാൽപ്രതികളിറക്കുമ്പോൾ നോട്ടുകെട്ടുക മായി പത്രാധിപന്മാർ പ്രശസ്തരുടെ പടിവാതി ക്കൽ തപസ്സിരിക്കുന്നു. പ്രശസ്തരെന്തെഴുതിയാലു വായിക്കാനാളുണ്ടാവുമെന്നു കച്ചവടത്തിന്റെ സങ്കീർണ്ണമനഃശാസ്ത്രമറിഞ്ഞ പത്രാധിപന്മാർ നന്നായറിയാം. നോട്ടുകെട്ടുകൾ കണ്ടാൽ പി എഴുത്തുകാരാണോ അടങ്ങിനില്ക്കുന്നത്? ഉടൻ കൃ കൾ പെറവുവീഴുകയായി. അങ്ങിനെയാണ ബ റിന്റെ തങ്കമോതിരവും ഉപാസനയിൽ വി. എൻ. എഴുതിയ നിലനില്പിയവുമൊക്കെ സാ ത്യലോകത്തു സ്ഥലംപിടിക്കാനിടയായത്.

അല്പമൊരാശക്കു വക പുതിയ എഴുത്തുകാ തന്നെ ആധുനികസാഹിത്യത്തിന്റെ വിവി മേഖലകളിൽ അറിവു നേടിയവരാണിവരിൽ ലരും. സങ്കീർണ്ണങ്ങളായ മാനസികപ്രശ്നങ്ങ പ്രാധാന്യം നല്കി പുതിയൊരു രീതിയിൽ ക

ങ്ങളെ നോക്കിക്കാണാനുള്ള കഴിവും തങ്ങളുടെ കഴിവിനൊത്തുള്ള കരുക്കൾ ശക്തമായി അവതരിപ്പിക്കാനുള്ള സിദ്ധിയും ഇവർക്കുണ്ട്. പക്ഷെ ആധുനികത്വം പലരെയും താളം തെറ്റിച്ചിട്ടില്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. അത്യന്താധുനികസങ്കേതങ്ങളെന്നപേരിൽ ഫാൾസ്‌റൈറ്റിംഗ് സാഹിത്യത്തിൽ സ്ഥലംപിടിക്കുന്ന തന്നഭിലഷണീയമാണ് ആധുനികത്വമണക്കാനുള്ള വെമ്പലിൽ കഥകൾക്കു ദുർഗ്രഹതയും അവ്യക്തതയുമണക്കാനുള്ള ശ്രമവും നന്നല്ല. പിന്നെ പ്രശസ്തിയുടെ പ്രശ്നംതന്നെയാണ്. അംഗീകാരം സിദ്ധിച്ചുതുടങ്ങിയതോടെ എന്തെഴുതിയാലും സാഹിത്യമാകും എന്ന ധാരണ പുതിയ എഴുത്തുകാരിലും വന്നുതുടങ്ങിയിട്ടുണ്ട്. മലയാളകഥാ സാഹിത്യരംഗത്തു പുതിയൊരു പാത വെട്ടിത്തെളിയിച്ച വി. കെ. എന്നും എം. മുകുന്ദനുമൊക്കെ ഇങ്ങിനെ പ്രശസ്തിയുടെ മായാവലയത്തിൽ പെട്ടുപോയിട്ടില്ലേ? ഖസാക്കിലെ വാറ്റുചാരായം മണക്കുന്ന ഇടവഴികളിലെയും പൊന്തക്കാടുകളിലെയും ജീവസ്പന്ദനങ്ങൾക്കു ജീവൻ കൊടുത്ത കൂമൻകാവിൽ ബസ്സും കാത്തു കിടന്നുറങ്ങിയ രവി എന്ന അനശ്വര കഥാപാത്രത്തിനു ജന്മംകൊടുത്ത ഒ. വി. വിജയൻ പിൽക്കാലത്തു 'എട്ടുകാലി'യെപ്പോലുള്ള തനി സെക്സുകഥകളെഴുതിയതിന്റെ പിന്നിലുള്ള കാരണവും ഇതുതന്നെയായിരിക്കും. രക്തമില്ലാത്ത മനുഷ്യൻ എന്ന നോവലിലൂടെ തങ്കവേലു എന്ന കഥാപാത്രത്തിനു എന്തെന്നില്ലാത്ത മിഴിവും തെളിവും കാഴ്ചവെച്ച വി. ടി. നന്ദകുമാറും തുടക്കത്തിൽത്തന്നെ ശ്രദ്ധേയനായിത്തീർന്ന സി. രാധാകൃഷ്ണനുമൊക്കെ തരംതാണതും ഉദാഹരണങ്ങളാണ്.

നിരൂപണരംഗവും ഇവിടെ ശുദ്ധമല്ല. വ്യക്തിവിദ്വേഷങ്ങളും കണ്ണടച്ചെതിർക്കലുമൊക്കെ നിരൂപണത്തിന്റെ മുഖംമൂടിയണിഞ്ഞു സാഹിത്യരംഗത്തു വലിഞ്ഞുകയറിയിട്ടുണ്ട് എന്നതൊരു യാഥാർത്ഥ്യമത്രെ! നിഷ്പക്ഷമായ നിരൂപണങ്ങൾ നമ്മുടെ സാഹിത്യത്തിൽ വിരളമാണ്. യുക്തിഭംഗത്തിന്റെ കത്രികയും വിദ്വേഷത്തിന്റെ ചാട്ടുളിയുമായി നിരൂപകന്മാർ സർഗ്ഗാത്മകപ്രതിഭയുള്ള സാഹിത്യകാരന്മാരെ ആക്രമിക്കാൻ കാത്തിരിക്കയാണെന്നു കാഥികന്മാരാക്ഷേപിക്കുന്നു. വിമർശനംകൊണ്ടു തങ്ങൾക്കു യാതൊരു ഗുണവുമുണ്ടായിട്ടില്ലെന്നാണ് എഴുത്തുകാരുടെ പക്ഷം. വ്യക്തിസ്പർദ്ധയുടെയും തൊഴുത്തിൽക്കുത്തിന്റെയും വിലകുറഞ്ഞ മണ്ഡലങ്ങളോളം സാഹിത്യകാരനധഃപതിക്കുമ്പോൾ ആ അധഃപതനത്തിൽ മനംനൊന്തിരിക്കാനേ ആസ്വാദകനു കഴിയൂ.

കച്ചവടക്കണ്ണോടെ കാര്യങ്ങൾ നോക്കിക്കാണുന്ന പ്രവണത സാഹിത്യരംഗത്തുനിന്നു തൂത്തെറിയപ്പെട്ടേ പറ്റൂ. പ്രശസ്തിക്കു പുറകെ പത്രക്കാരും പ്രസാധകരും പാഞ്ഞുനടക്കുകയും നിരൂപകർപോലും നോവൽരംഗത്തേക്കു ഡിമാന്റിന്റെ പേരിൽ കടന്നുവരികയും ചെയ്യുന്ന ഇക്കാലത്ത്, നോവലുകൾ ഈയാംപാറ്റകളെപ്പോലെ വർദ്ധിച്ചുവരുന്ന ഈ പരിതഃസ്ഥിതിയിൽ നമുക്കു ഭാവിയെക്കുറിച്ചധികമൊന്നുമാശിക്കാൻ വയ്യ. കവികളാണെങ്കിൽ ആധുനികതയെ വാരിപ്പുണരാൻ വേണ്ടി വൃത്തബന്ധമില്ലാത്ത കവിതകളെഴുതി പ്രശസ്തിനേടുന്നു. പഴമക്കാരും പുതുമക്കാരുമൊക്കെ ക്രയവിക്രയങ്ങളുടെ അടിസ്ഥാനത്തിലെ ആദ്യന്തം ചിന്തിക്കുന്നുള്ളൂ. ഈ ചിന്താഗതിയുടെ ചപ്പുചവറുകൾ വാരിവലിച്ചു തീകൊടുക്കാൻ ധിക്കാരികളായ ഒരു തലമുറതന്നെ വേണ്ടിയിരിക്കുന്നു.

പുതിയൊരു ലോകം ലക്ഷ്യംവെച്ചു പ്രവർത്തിക്കുന്നവരെന്നു നാഴികക്കു നാല്പതുവട്ടം ആണയിട്ടവകാശപ്പെടുന്ന സാമൂഹ്യസേവനസംഘടനകളിവിടെ എണ്ണത്തിലേറെയാണ്. പക്ഷെ ഏതാനും ഉയർന്ന ഹോട്ടലുകളിൽ ആഴ്ചതോറും ചേരുന്ന വിരുന്നിലും ഏതെങ്കിലും ഉന്നതോദ്യോഗസ്ഥൻ നടത്തുന്ന വാചകക്കസർത്തുകളിലുമധികം അവക്കൊന്നും അർത്ഥമില്ല. ഏതാനും വൻതോക്കുകളൊത്തുചേർന്നു അധരവ്യായാമം നടത്താനുള്ള പരിപാടി എന്നതിലധികം സാധാരണക്കാരിന്നിവയെപ്പറ്റി തോന്നിയിട്ടില്ല. സാധാരണക്കാരന്റെ പ്രശ്നങ്ങളിൽ തെല്ലും താല്പര്യം പ്രകടിപ്പിക്കാത്ത ഇത്തരം ഉന്നതമണ്ഡലങ്ങൾ ഇല്ലാതിരിക്കുന്നതുതന്നെയാണ് നല്ലത്.

ഇവിടെ ആവശ്യം ചോദ്യബുദ്ധിയുള്ള കുറെ യുവാക്കളാണ്. പഴമയുടെ മാറാലകളെ തട്ടിയെറിയാനും പുതുമയുടെ പൊങ്ങച്ചങ്ങളെ തൂത്തുവാരാനും കഴിവുള്ള, തന്റേടമുള്ള കുറെ ധിക്കാരികൾ. വസ്തുതകളെ നിറംപിടിപ്പിച്ചു ചില്ലുവാതി

ലുകളിലൂടെയല്ലാതെ നോക്കികണ്ട്, വസ്തുതകൾ പഠിച്ച്, സ്വയമൊരു ജീവിതബോധവും കാഴ്ചപ്പാടും കരസ്ഥമാക്കി നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയെ തകിടം മറിക്കാൻ കഴിവും ആത്മാർത്ഥതയുമുള്ള കുറെ യുവാക്കൾ! അവർക്ക് മാത്രമേ നമ്മുടെ നാട്ടിൽ ശോഭനമായ ഒരു ഭാവി സംജാതമാക്കാൻ കഴിയൂ. കച്ചവടകണ്ണിന്റെ കാപട്യത്തിൽനിന്നു ലോകത്തെ വിമുക്തമാക്കി ഒരു പുതുജീവിതത്തിന്റെ നവ്യവും നൂതനവുമായ പൊൻതുടിപ്പ് ഇവിടെ ഉണ്ടാക്കണം. എങ്കിൽ മാത്രമേ മുമ്പൊരിക്കൽ നാം പുലർത്തിപ്പോന്നിരുന്ന സമ്പന്നമായ സംസ്കാരത്തെക്കുറിച്ചും, അന്നു നാം ചവിട്ടിക്കയറിയ വികാസത്തിന്റെ പടവുകളെക്കുറിച്ചും നമുക്കഭിമാനം കൊള്ളാൻ പററൂ. മനുഷ്യരാശി യുഗങ്ങളായി പുലർത്തിവരുന്ന അന്വേഷണപരതയുടെ ഫലങ്ങൾ എങ്കിൽ മാത്രമേ നമ്മളനുഭവിച്ചു എന്നു നമുക്കു പറയാൻ പററൂ. കാലഘട്ടത്തിന്റെ നാഡിമിടിപ്പുകൾ നാം അളന്നറിയണം. മനുഷ്യൻ ചന്ദ്രമണ്ഡലത്തെപ്പോലും കൈപ്പിടിയിലൊതുക്കി നിർത്തിയിരിക്കെ നാമിന്നും നഷ്ടപ്പെട്ട പ്രാഭവങ്ങളെക്കുറിച്ചുള്ള പഴംപുരാണങ്ങളും പറഞ്ഞുകൊണ്ടിരിക്കയാണ്. നമ്മുടെ അലസതയും അനാസ്ഥയുംമൂലം നമുക്കൊരിടത്തുമെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ ലക്ഷ്യം വളരെയകലെയാണ്. കർമ്മനിരതമായ പദ്ധതികൾ, തന്റേടത്തോടുകൂടി പ്രവർത്തിച്ചു മുന്നേറാൻ സന്നദ്ധതയുള്ള ഒരു തലമുറ, ഇവ രണ്ടുമുണ്ടെങ്കിലേ നമുക്കു നമ്മുടെ ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയൂ. എന്നാണ് എപ്പോഴാണു നാം ആ ലക്ഷ്യത്തിലെത്തിച്ചേരുക ?

# IT INCREASES YOUR VOCABULARY

R. Ananth Narayan, II B. Com.

**CARS :—**

| | |
|---|---|
| The Car of a City | — Caracas. |
| The Car of a Heart | — Cardiac. |
| The Car of a Church | — Cardinal. |
| The Car of a Traveller | — Caravan. |
| The Car of a Riotious Merriment | — Carnival |
| The Car of Smooth Sail | — Caravelle |
| The Car of Artist | — Cartoon. |
| The Car of Jewellers | — Carat. |

# ജനാധിപത്യം ഇന്ത്യയിൽ

പി. എം. എ. സലാം, B. Sc. I. (Physics)

നൂററാണ്ടുകളോളം നീണ്ടുനിന്ന കിരാതവും പൈശാചികവുമായ വിദേശാധിപത്യത്തിന്റെ ചങ്ങല നാം പൊട്ടിച്ചെറിഞ്ഞതു് 1947-ലായിരുന്നു. അങ്ങിനെ തലമുറകളായി നാം അനുഭവിച്ചുവന്ന രാഷ്ട്രീയമായ അടിമത്തത്തിനും, സാമ്പത്തികചൂഷണത്തിനും വിരാമം കുറിക്കപ്പെട്ടു! 1947-ൽ ഒരു സ്വതന്ത്രരാഷ്ട്രമായിത്തീർന്നെങ്കിലും, ഇന്ത്യ ഒരു ജനാധിപത്യ റിപ്പബ്ലിക്കായിത്തീർന്നതു് 1950-ലായിരുന്നു. അങ്ങിനെ ഇന്ത്യ ലോകത്തിലെ ഏററവും വലിയ ജനാധിപത്യരാഷ്ട്രമെന്ന പദവി നേടിയെടുത്തു. ജനാധിപത്യ ഇന്ത്യയുടെ മറെറാരു പ്രത്യേകത യാതൊരു മതത്തിനും പ്രത്യേക പരിഗണന നല്കാതെ എല്ലാ മതവിഭാഗങ്ങൾക്കും തുല്യപരിഗണന നൽകുകയുണ്ടായി എന്നുള്ളതാണു്. അങ്ങിനെ ഒരു മതേതര രാഷ്ട്രമെന്ന നിലയിലും നാം ലോകത്തിന്റെ ശ്രദ്ധയാകർഷിക്കുകയുണ്ടായി. ഇന്ത്യയുടെ വിദേശനയത്തിന്റെ അടിസ്ഥാനപ്രമാണം 'ചേരിചേരാനയ'മായംഗീകരിച്ചതും അന്താരാഷ്ട്രരംഗത്തു് ഒരു സുപ്രധാനസംഭവമായിരുന്നു. ആഭ്യന്തരവും വൈദേശികവുമായ നമ്മുടെ പ്രഖ്യാപിതനയങ്ങൾ നമ്മുടെ ജനാധിപത്യത്തിന്റെ വളർച്ചയെ ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ബാധിക്കുകയുണ്ടായി. നമ്മുടെ പ്രഖ്യാപിതലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിലും സമ്പൽസമൃദ്ധമായൊരു രാഷ്ട്രം കെട്ടിപ്പടുക്കുക എന്നുള്ള സ്വപ്നം സഫലീകരിക്കുന്നതിലും നാം എത്രമാത്രം വിജയിച്ചു എന്നുള്ളതും വിവാദവിഷയമാണു്. സ്വാതന്ത്ര്യലബ്ധിക്കുശേഷം നമ്മുടെ ജനാധിപത്യപ്രസ്ഥാനത്തിനു് വിവിധരംഗങ്ങളിൽനിന്നായി പല വെല്ലുവിളികളേയും നേരിടേണ്ടതായി വന്നിട്ടുണ്ടു്. ആഭ്യന്തരമായി നമ്മുടെ രാജ്യത്തു നടന്നിട്ടുള്ള പല സംഭവവികാസങ്ങളും നമ്മുടെ ജനാധിപത്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കു് പ്രതിബന്ധമായി ഭവിച്ചിട്ടുണ്ടു്.

ജനാധിപത്യത്തിന്റെ അനുസ്യൂതമായ പുരോഗതിക്കു് രാഷ്ട്രീയവും, ആഭ്യന്തരവുമായ ഭദ്രത ഒരു സുപ്രധാനഘടകമാണു്. ശത്രുവിനെ നേരിടുക എന്നുള്ള ഒരു പൊതുലക്ഷ്യത്തിനുവേണ്ടി ആശയപരവും മതപരവുമായ എല്ലാ വ്യത്യാസങ്ങളും വിസ്മരിച്ചുകൊണ്ടു് നാം സഹകരിച്ചു പ്രവർത്തിക്കുകയുണ്ടായി. എന്നാൽ, ദൗർഭാഗ്യകരമെന്നു പറയട്ടെ സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം നാം അന്യോന്യം കലഹിക്കാൻ തുടങ്ങി. വർഗ്ഗീയവും പ്രാദേശികവുമായ ദുർബ്ബലവികാരങ്ങൾ തലമുറകളായി നമ്മിൽ സ്വാധീനം ചെലുത്തുകയുണ്ടായി. 'നാനാത്വത്തിൽ ഏകത്വം' എന്ന സുന്ദരമായ സ്വപ്നം പൂർണ്ണമായി സാക്ഷാൽക്കരിക്കുവാനോ, അതുവഴി നമ്മുടെ ആഭ്യന്തരസാംസ്കാരികരംഗത്തു വേണ്ടത്ര ഭദ്രത കൈവരുത്താനോ നമുക്കു കഴിഞ്ഞിട്ടില്ല. നിരവധി മതങ്ങളുടേയും, ഭാഷകളുടെയും വർഗ്ഗങ്ങളുടെയും ഒരു സങ്കേത

മാണ് ഭാരതം. ഭാഷയുടെയും മതത്തിന്റെയും സംസ്ഥാനത്തിന്റെയും പേരിൽ ഭാരതീയർ അന്യോന്യം കഴുത്തറുക്കുകയുണ്ടായി. സംഭവബാഹുലമായ സ്വതന്ത്രഇന്ത്യയുടെ ചരിത്രത്തിൽ അതിന്ന് തെളിവുകൾ നിരവധിയുണ്ട്. ദേശീയോൽഗ്രഥനം ഇന്നും പ്രസംഗങ്ങളിലും പ്രമേയങ്ങളിലുമായിത്തന്നെ അവശേഷിക്കുകയാണ്. രാഷ്ട്രീയസംഘട്ടനങ്ങളുടെയും, വർഗ്ഗീയകലാപങ്ങളുടെയും എണ്ണം കുതിച്ചുകയറുകയുണ്ടായി. ഇത്തരത്തിലുള്ള അഭ്യന്തരകലാപങ്ങൾ നമ്മുടെ പ്രഖ്യാപിതലക്ഷ്യങ്ങൾക്ക് കനത്ത തിരിച്ചടി നല്കുകയുണ്ടായി. അങ്ങിനെ ഇന്ത്യയുടെ മണ്ണിൽ വേരുറച്ചുകൊണ്ടിരിക്കുന്ന ജനാധിപത്യപ്രസ്ഥാനത്തിന്ന് വമ്പിച്ച വെല്ലുവിളികളെ നേരിടേണ്ടതായി വന്നിട്ടുണ്ട്.

നമ്മുടെ ജനാധിപത്യത്തിന്റെ മേന്മക്ക് കളങ്കംചാർത്തുന്ന, ചില ഗുരുതരമായ ദൂഷ്യങ്ങൾ, നമ്മുടെ രാഷ്ട്രീയരംഗത്തെ പിടികൂടിയിട്ടുണ്ട്. കുപ്രസിദ്ധമായ നിയമസാമാജികരുടെ 'കൂറുമാററം' ഇന്ത്യൻ ജനാധിപത്യത്തെ പിടികൂടിയിട്ടുള്ള ഒരു മാരകരോഗമാണ്. ജനാധിപത്യത്തിന്റെ പവിത്രതക്ക് തുരങ്കംവെക്കുന്ന ഈ മാരകരോഗം ഇന്ത്യൻ രാഷ്ട്രീയരംഗത്തു പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളതു് ജനാധിപത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം ലജ്ജാകരമായ ഒരു വസ്തുതയാണ്. അധികാരത്തിന്നുവേണ്ടി ജനങ്ങളെ വഞ്ചിക്കുന്ന ഈ പ്രക്രിയ തടയാൻ കർശനമായ നിയമനിർമ്മാണം നടത്തേണ്ടതു് നമ്മുടെ ജനാധിപത്യത്തിന്റെ ഭദ്രതക്ക് ഒരടിയന്തരാവശ്യമാണ്.

രാഷ്ട്രീയപാർട്ടികളുടെ ആധിക്യം ജനാധിപത്യത്തിന്റെ സുഗമമായ പ്രവർത്തനത്തിന്ന് പ്രതിബന്ധം സൃഷ്ടിക്കുക സ്വാഭാവികമാണ്. ജനാധിപത്യത്തിന്റെ ആരോഗ്യകരമായ പ്രവർത്തനത്തിന്ന് രാഷ്ട്രീയപാർട്ടികളുടെ എണ്ണം രണ്ടോ മൂന്നോ ആയി കുറക്കുന്നതു് ഗുണകരമായിരിക്കും. എന്നാൽ ചെറുതും വലുതുമായ രാഷ്ട്രീയപാർട്ടികൾ സ്വയം പിളർന്നുകൊണ്ടു് പാർട്ടികളുടെ എണ്ണം ക്രമാതീതമായി വളർന്നുകൊണ്ടിരിക്കുന്ന ശോചനീയമായ ഒരു കാഴ്ചയാണ് നാം ഇന്ത്യയിൽ കണ്ടുകൊണ്ടിരിക്കുന്നതു്. പിളരാത്ത രാഷ്ട്രീയപാർട്ടികൾ ഇന്ത്യയിലുണ്ടോ എന്ന സംശയമാണ്. പ്രാദേശികവും വർഗ്ഗീയവുമായ ശക്തികൾ രാഷ്ട്രീയത്തിലേക്ക് കടന്നുവരുന്ന വേദ ജനകമായ ഒരു സ്ഥിതിവിശേഷമാണ് ഇന്ത്യ യിലുള്ളതു്. വേണ്ടതിന്നും വേണ്ടാത്തതിന്നും പാർട്ടികൾ രൂപീകരിക്കാനുള്ള ഒരു ദുഷ്പ്രവണത ഭാരതീയരെ പിടികൂടിയിട്ടുണ്ട്. ഈ വിധത്തിൽ കുതിച്ചുകയറിക്കൊണ്ടിരിക്കുന്ന പാർട്ടികളുടെ എണ്ണം തടയാൻ ക്രിയാത്മകവും ഫലപ്രദവുമായ നടപടികളെടുത്തേ തീരൂ. രാഷ്ട്രത്തിന്റെ ഭദ്രതക്കും ജനാധിപത്യത്തിന്റെ വിജയത്തിന്നും അതൊഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യമാണ്.

സമ്പൽസമൃദ്ധമായൊരു ജനാധിപത്യരാഷ്ട്ര കെട്ടിപ്പടുക്കാൻ എല്ലാ ജനവിഭാഗങ്ങളും ഒ ക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നമുക്കു നിരവധി നീറുന്ന സാ ഹ്യവും സാമ്പത്തികവുമായ പ്രശ്നങ്ങളിൽ അ യന്തരശ്രദ്ധ പതിപ്പിക്കേണ്ടിവന്നു. ദശാബ്ദ ളായി ഇന്ത്യയിൽ നീറിപ്പുകഞ്ഞുകൊണ്ടിരിക്കു തൊഴിലില്ലായ്മപ്രശ്നവും മററും നമ്മുടെ യുവ മുറയെ അസ്വസ്ഥരാക്കീട്ടുണ്ട്. ഒട്ടേറെ പ്രാദേ കവും ദേശീയവുമായ പ്രശ്നങ്ങൾ, പ്രശ്നങ്ങളാ ത്തന്നെ അവശേഷിക്കുകയാണ്. അങ്ങിനെ പ്ര ങ്ങളുടെ നടുക്കടലിൽ കരകാണാതെ വിഷ ക്കുന്ന ജനങ്ങൾക്ക് നമ്മുടെ ജനാധിപത്യസം ധാനത്തിന്ന് കാര്യമായ സംഭാവനയൊന്നും ചെ യ്യാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് പരമാർ

പരേതനായ പണ്ഡിററ് ജവഹർലാൽ നെ ഹറു ഇന്ത്യൻ ജനാധിപത്യത്തിന്റെ കാവൽ നായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം നമ്മു രാഷ്ട്രത്തിനൊന്നപോലെത്തന്നെ നമ്മുടെ ജനാ പത്യപ്രസ്ഥാനത്തിന്നും ഒരു തീരാനഷ്ടമായിരു നെഹറുവിന്റെ നിര്യാണംമൂലം ഇന്ത്യൻ ജ ധിപത്യത്തിന്റെ ഭാവിയെക്കുറിച്ച് പ്രമുഖ രാ ത്തലവന്മാർ ആശങ്ക പ്രകടിപ്പിക്കുകയുണ്ടാ സർവ്വസമ്മതനായ ഒരു രാജ്യതന്ത്രജ്ഞനായിരു അദ്ദേഹം. വെല്ലുവിളികളെ നേരിടുന്നതി പ്രതിബന്ധങ്ങളെ തട്ടിനീക്കുന്നതിലും മി പാരമ്പര്യമുള്ള നമ്മുടെ ജനാധിപത്യപ്രസ്ഥാ പണ്ഡിററ്ജിയുടെ അഭാവത്തിലും വളരു ണ്ടായി.

1967-ൽ നടന്ന നാലാം പൊതുതിരഞ്ഞെടുപ്പ് ഇന്ത്യൻ ജനാധിപത്യത്തിൽ ഒരു വഴിത്തിരിവായിരുന്നു. ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിൽ അസാധാരണമായ പല പുതിയ സംഭവവികാസങ്ങൾക്കും നാലാം പൊതുതിരഞ്ഞെടുപ്പ് സാക്ഷ്യം വഹിക്കുകയുണ്ടായി. ഇന്ത്യൻ രാഷ്ട്രീയത്തിലെ ഒരജയ്യശക്തിയായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ സംബന്ധിച്ചേടത്തോളം 1967-ലെ തിരഞ്ഞെടുപ്പ് ഒരു വമ്പിച്ച തിരിച്ചടിയായിരുന്നു. ഛിന്നഭിന്നമായിക്കിടന്നിരുന്ന പ്രതിപക്ഷകക്ഷികളുടെ വിജയമെന്നതിലേറെ, കോൺഗ്രസ്സിന്റെ പരാജയമായിരുന്നു തിരഞ്ഞെടുപ്പുഫലം. ചില സംസ്ഥാനങ്ങളിൽ അധികാരം നഷ്ടപ്പെട്ടു എന്നല്ല കേന്ദ്രത്തിൽ കോൺഗ്രസ്സിനു ഭൂരിപക്ഷം ഗണ്യമായി കുറയുകയും ചെയ്തു.

ഐക്യമുന്നണി എന്ന ആശയത്തിനു് അഖിലേന്ത്യാതലത്തിൽ പ്രാധാന്യം വർദ്ധിച്ചതും 1967-ലെ തിരഞ്ഞെടുപ്പിനു ശേഷമായിരുന്നു. അങ്ങിനെ ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ അഭിപ്രായൈക്യമുള്ള പാർട്ടികൾ ചേർന്നു കൂട്ടമന്ത്രിസഭകൾക്കു രൂപംകൊടുക്കുകയുണ്ടായി. എന്നാൽ ആദർശപരമായി ഗണ്യമായ അകൽച്ചയുള്ള ഈ രാഷ്ട്രീയപാർട്ടികൾക്കു പൂർണ്ണമായി സഹകരിച്ചു പ്രവർത്തിക്കുവാനോ കൂട്ടുകക്ഷിഭരണം വേണ്ടത്ര വിജയിപ്പിക്കുവാനോ സാധിച്ചിട്ടില്ല എന്നാണു് പല സംസ്ഥാനങ്ങളിലേയും അനുഭവം വിളിച്ചോതുന്നതു്. എന്നിരുന്നാലും സങ്കീർണ്ണമായ ഇന്ത്യൻരാഷ്ട്രീയത്തിൽ കൂട്ടുകക്ഷി ഗവണ്മെന്റുകളുടെ പ്രാധാന്യം വർദ്ധിച്ചുവരികയാണെന്നുള്ളതിൽ സംശയമില്ല.

അടുത്ത കാലത്തായി നമ്മുടെ രാജ്യത്തു് നടന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയപൊട്ടിത്തെറികൾ നമ്മുടെ ജനാധിപത്യത്തിന്റെ ഭാവിയെസ്സംബന്ധിച്ചേടത്തോളം പ്രധാന്യമർഹിക്കുന്നവയാണു്. പരീക്ഷണങ്ങളുടെയും വെല്ലുവിളികളുടെയും ഒരു ഘട്ടത്തിലൂടെയാണു് നമ്മുടെ ജനാധിപത്യപ്രസ്ഥാനം ഇന്നു് നീങ്ങിക്കൊണ്ടിരിക്കുന്നതു്. വെല്ലുവിളികളെ നേരിടുന്നതിലും പരീക്ഷണങ്ങളെ അതിജീവിക്കുന്നതിലും മികച്ച പാരമ്പര്യമുള്ള നമ്മുടെ ജനാധിപത്യം എല്ലാ പ്രതിബന്ധങ്ങളെയും തട്ടിനീക്കിക്കൊണ്ടു് പുരോഗതിയുടെ പാതയിലൂടെ ലക്ഷ്യത്തിലേക്കു് മുന്നേറുമെന്നു് നമുക്കു പ്രത്യാശിക്കാം.

# ലേസർ

എള്ളാത്തു് ഗോപാലകൃഷ്ണപണിക്കർ (ഫിസിക്സ്) III B. Sc.

അപ്പോളോ—11ലെ ബാഹ്യാകാശസഞ്ചാരികൾ ചന്ദ്രമണ്ഡലത്തിൽ ഒരു ലേസർഫലകം സ്ഥാപിച്ചുവെന്നും ഭൂമിയിൽനിന്നും അയയ്ക്കപ്പെട്ട ലേസർരശ്മികളെ അതു് പ്രതിഫലിപ്പിച്ചുവെന്നും അതുവഴി ഭൂമിയിൽനിന്നും ചന്ദ്രനിലേയ്ക്കുള്ള ദൂരം 3,63,153.44 കി. മീ. ആണെന്നു് കൃത്യമായി നിശ്ചയിയ്ക്കുവാൻ ശാസ്ത്രജ്ഞന്മാർക്കു് സാധിച്ചുവെന്നും നാം പത്രദ്വാരാ അറിഞ്ഞുവല്ലൊ. നമ്മുടെ ജന്മസഹജമായ ജിജ്ഞാസ അത്യാധുനികവും ഇന്ദ്രജാലസദൃശ്യവുമായ ഈ കണ്ടുപിടുത്തത്തെപ്പറ്റി കൂടുതലായറിയുവാൻ വെമ്പുന്നതു് സ്വാഭാവികമാണു്.

*മോഹനസ്വപ്നങ്ങളെ ഉരുട്ടിയുണർത്തിക്കൊണ്ടു് യുഗയുഗാന്തരങ്ങളായി മനുഷ്യനെ മാടിവിളിയ്ക്കാറുള്ള താരാലോകം മനുഷ്യന്റെ അദമ്യമായ ധീരസാഹസികതയുടെ വിസ്മയകരവും വിജയപ്രദവുമായ ആക്രമണത്തിനു് വിധേയമായ ഈ അപ്പോളോ യുഗത്തിൽ — കഴിഞ്ഞ ഏതാനും സംവത്സരങ്ങൾക്കുള്ളിൽ ശാസ്ത്രമണ്ഡലത്തിൽ പല കണ്ടുപിടുത്തങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും — ലേസറിനോളം ലോകരുടെ ശ്രദ്ധ ആകർഷിയ്ക്കുവാനോ ആദരവാർജ്ജിയ്ക്കുവാനോ പുതിയ പ്രവർത്തനസാദ്ധ്യതകൾക്കു് വഴി തെളിയിയ്ക്കുവാനോ മറ്റൊന്നിനും സാധിച്ചിട്ടില്ല. ഭൌതികവിജ്ഞാനത്തിന്റെ നെല്ലിപ്പടികൾ കണ്ടുതുടങ്ങിയ ഈ അവസരത്തിൽ ലേസറിനെപ്പറ്റി ചെറിയ ഒരു വിവരണം നല്കുക എന്നതാണു് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.*

പ്രകാശം (Optics) ഭൌതികശാസ്ത്രത്തിന്റെ ഹൃദയമാണു്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ വിഭാഗത്തിന്റെ വളർച്ചയെ കാണിയ്ക്കുന്ന യാതൊരു കണ്ടുപിടുത്തവും ഉണ്ടായിട്ടില്ല. ആറ്റോമിക് ഫിസിക്സ്, സ്പേസ് ഫിസിക്സ്, ഇലക്ട്രോണിക്സ്, ന്യൂക്ലിയർ ഫിസിക്സ് തുടങ്ങിയ അത്യാധുനികവും ഉപയോഗപ്രദവുമായ ശാസ്ത്രശാഖകളുടെ രംഗപ്രവേശനത്തോടുകൂടി ഈ ശാഖ മനഃപൂർവ്വമല്ലെങ്കിലും ശാസ്ത്രജ്ഞന്മാരുടെ വിസ്മൃതിയിൽ ആണ്ടുകിടക്കുകയായിരുന്നു. പക്ഷെ ശാസ്ത്രചരിത്രത്തിലെ ഒരു നാഴികക്കല്ലായ ലേസറിന്റെ കണ്ടുപിടുത്തത്തോടുകൂടി ശാസ്ത്രലോകം പുതിയ ഉണർവ്വോടും ഉത്സാഹത്തോടുംകൂടി പ്രകാശപഠനത്തിലേക്കു് തിരിച്ചുവരുവാൻ നിർബ്ബന്ധിതമായി. ഇന്നുവരെയുള്ള എല്ലാ കണ്ടുപിടുത്തങ്ങളേയും ലേസർ പിന്നിലാക്കി എന്നു പറയുന്നതു് അതിശയോക്തിയാവില്ല. ഈ ഉപകരണം പുറപ്പെടുവിയ്ക്കുന്ന ഏറ്റവും ശക്തിമത്തായിട്ടുള്ള പ്രകാശരശ്മികൾ ശാസ്ത്രജ്ഞന്മാർക്കു് ഒരു ശാനാളമാണു്. ലേസർ വിവിധ ശാസ്ത്രശാഖകളെ കൂട്ടിയിണക്കുന്ന ഒരു കണ്ണിയാണു്.

Laser — എന്ന ഇംഗ്ലീഷ് വാക്കിന്റെ പൂർണ്ണരൂപം "ഉത്തേജിപ്പിക്കപ്പെട്ട ഊർജ്ജതരംഗങ്ങളുടെ പ്രകാശവിപുലീകരണം" (Light Amplification by Stimulated Emission of Radiation)

എന്നാണ്. കേവലം പത്തു വർഷങ്ങൾക്കുമുമ്പ് ഇതു് വെറുമൊരു ശാസ്ത്രഭാവനയായിരുന്നു. പക്ഷെ, ഇന്നതിന്റെ മായാകിരണങ്ങൾ അറിയപ്പെട്ടതിൽവെച്ച് ഏററവും കാഠിന്യമുള്ളതായ വജ്രം (Diamonds) ത്തെ തുളയ്ക്കുകയും ക്യാൻസറിനെശമിപ്പിയ്ക്കുകയും ചന്ദ്രമണ്ഡലത്തെ പ്രകാശമാനമാക്കുകയും ചെയ്യുന്നു. H. G. Welis അദ്ദേഹത്തിന്റെ രസാവഹമായ "The war of the Worlds" എന്ന കഥയിൽ അത്ഭുതാവഹമായ ഒരു താപഖഡ്ഗത്തെപ്പററി പറഞ്ഞിട്ടുണ്ട്. മനുഷ്യനെ നിന്നനില്പിൽ തള്ളിമറിയ്ക്കാനും ഈയത്തെ വെള്ളംപോലെ ഉരുക്കുവാനും ഭൂമിയിലുള്ള ഏതൊരു ജ്വലനാത്മകവസ്തുവിനേയും കത്തിച്ച് ചാമ്പലാക്കുവാനും അതിന്ന് കഴിയുമായിരുന്നു. അദ്ദേഹത്തിന്റെ ഈ ഭാവനാസന്താനം ഇന്ന് ലേസറിൽകൂടി പ്രത്യക്ഷപ്പെട്ടിരിയ്ക്കുന്നു. ഇന്നുവരെ ലോകം ദർശിച്ചിട്ടുള്ളതിൽവെച്ച് ഏററവും തീവ്രവും, തീക്ഷ്ണവും ശുദ്ധവുമായ പ്രകാശ രശ്മികളെയാണ് ലേസർ പുറത്തേയ്ക്കു് വിടുന്നതു്. ചുരുങ്ങിയ പരിധിക്കുള്ളിൽ ലേസർരശ്മികൾ സൂര്യോപരിതലത്തുള്ള പ്രകാശത്തേക്കാളും നൂറുനൂറായിരം മടങ്ങ് കത്തിജ്വലിയ്ക്കുന്നു.


### *ആവിർഭാവം*

1958-ൽ "ബെൽ" പരീക്ഷണശാലയിലെ രണ്ടമേരിക്കൻശാസ്ത്രജ്ഞന്മാരായ ഡാ. ചാറൽസ്സ് ടൌൺസും ഡാ. ആർതർ ഷാലോവും ലേസർ നിർമ്മാണത്തെക്കുറിച്ചുള്ള ഒരു പ്രബന്ധം പ്രസിദ്ധീകരിച്ചു. 1960-ൽ ഡാ. ഥിയോഡർ മെയ്മേൻ ലോകത്തിലാദ്യമായ ഒരു റൂബിലേസർ കിരണം—മിന്നിത്തിളങ്ങുന്നതും ചുകപ്പുനിറമുള്ളതുമായ പ്രകാശവികിരണം — നിർമ്മിച്ചു. അങ്ങിനെ പ്രകാശത്തിലെ അത്ഭുതപ്രതിഭാസം രൂപംകൊണ്ടു.

### *ഒരു റൂബീലേസറും അതിന്റെ പ്രവർത്തനതത്വവും*


ഒരു ലേസർ എങ്ങിനെ പ്രവർത്തിയ്ക്കുന്നു? ഇത്രത്തോളം രൂക്ഷതീക്ഷ്ണമായ രശ്മികൾ എങ്ങിനെ ഉടലെടുക്കുന്നു? സാധാരണ പ്രകാശരശ്മികളും ലേസർരശ്മികളും തമ്മിലുള്ള വ്യത്യാസമെന്തു്? ഇതെല്ലാം അറിയുവാൻ ഭൌതികശാസ്ത്രത്തിലെ ചില അടിസ്ഥാനതത്വങ്ങൾ മനസ്സിലാക്കേണ്ടതുണ്ടു്.

പ്രകാശം എന്നാലെന്തു്? പ്രകാശം അനുസ്യൂതമായ തരംഗരൂപത്തിലുള്ള ഒരു ഊർജ്ജപ്രസരണമാണ്. ഇവയെ നാം പ്രകാശതരംഗങ്ങൾ എന്നു പറയുന്നു.





ചിത്രം-1.

ഒരു തരംഗത്തിന്റെ നീളത്തെ—രണ്ടു തുടർച്ചയായുള്ള ശിഖരങ്ങൾ തമ്മിലുള്ള അകലത്തെ—തരംഗദൈർഘ്യം എന്നു പറയുന്നു. സാധാരണ പ്രകാശം വിവിധനിറത്തിലുള്ള തരംഗങ്ങളുടെ സങ്കരമാണ്. വിവിധനിറം തരംഗങ്ങളുടെ നീളവ്യത്യാസംമൂലം സംഭവിയ്ക്കുന്നു. ഉദാഹരണമായി ഒരു ടോർച്ചിൽനിന്നും വരുന്ന പ്രകാശരശ്മികളെ നോക്കുക.



ചിത്രം-2.


ഇതു് എല്ലാ നിറങ്ങളുടേയും ഒരു സങ്കരമായതുകൊണ്ടു് അതിന്റെ തരംഗദൈർഘ്യം സ്ഥിരമല്ല. കൂടാതെ ഈ തരംഗങ്ങൾ വിവിധദിശകളിൽ സഞ്ചരിയ്ക്കുന്നു. അതുകൊണ്ടു് ഇവയെ അസംസക്തതരംഗങ്ങൾ (Incoherent waves) എന്നു പറയുന്നു. ഒരു തരംഗം മറെറാന്നിനോടു കൂടി സഞ്ചരിയ്ക്കുമ്പോൾ സ്വാഭാവികമായും അവ കൂടിച്ചേരാൻ ശ്രമിക്കുന്നു. പക്ഷെ തരംഗദൈർഘ്യം, സ്പന്ദനം (Frequency) മുതലായവയിലുള്ള വ്യത്യാസംകാരണം ഈ സംയോജനം ചിലപ്പോൾ പരസ്പരനശീകരണത്തിൽ കലാശിയ്ക്കുന്നു.



ചിത്രം-3

ഒരു Crest ഒരു Trough (ആളി)നോട്ട് ചേരുമ്പോൾ അവ പരസ്പരം നശിപ്പിക്കുന്നു. ഈ പരസ്പരനശീകരണപ്രവണത സാധാരണ എല്ലാ പ്രകാശ തരംഗങ്ങളിലും കാണുന്നു. അതുകൊണ്ട് അവയുടെ ഊർജ്ജം വേഗത്തിൽ നശിച്ചുപോകുന്നു.


എന്നാൽ ആയിരമായിരം നാഴിക ദൂരം സഞ്ചരിച്ചാലും ലേസർതരംഗങ്ങളുടെ ഊർജ്ജം നഷ്ടപ്പെടുന്നില്ല. ഇതിനു കാരണം അവയുടെ സ്ഥിരമായ തരംഗദൈർഘ്യവും അവയുടെ ഒരേ ദിശയിലുള്ള സഞ്ചാരക്രമവുമാണ്. ഇവയെ സംസക്ത തരംഗങ്ങൾ (Coherent wavers) എന്നു പറയുന്നു.



ചിത്രം-4.

എല്ലാ തരംഗങ്ങളും സമാനമായിരിക്കും. അതുകൊണ്ട് ഒരു തരംഗത്തിന്റെ Crest മററൊന്നിന്റെ Crest നോട്ട് മാത്രമെ യോജിക്കുന്നുള്ളൂ. ഈ സംയോജനംകൊണ്ട് അവ പൂർവ്വാധികം ഊർജ്ജം നേടുന്നു. ഈ സംയോജന–ഊർജ്ജസംഭരണപ്രക്രിയ അങ്ങിനെ തുടർന്നുകൊണ്ടേ പോകുന്നതുകൊണ്ട് ഇതിനെ "ഉത്തേജിപ്പിക്കപ്പെട്ട പ്രകാശവിപുലീകരണം" (Stimulated Light Amplification) എന്നു പറയുന്നു.

ഈ പ്രകാശവിപുലീകരണം എങ്ങിനെ സംഭവിക്കുന്നു എന്നു നോക്കാം. ഇതിന്റെ തത്വം താരതമ്യേന ലഘുവാണ്. ഏററവും ലഘുവായ ഒരു റൂബിലേസറാണ് താഴെ ചിത്രത്തിൽ കാണിച്ചിരിക്കുന്നതു്.





ചിത്രം-5.

(1) റൂബീദണ്ഡ്. (2) ഫ്ലാഷ്ട്യൂബ്.

ഏകദേശം 4″ വലിപ്പവും ഒരു സിഗരററിന്റെ വ്യാസവുമുള്ള ഒരു റൂബീദണ്ഡാണ് ഇതിന്റെ പ്രധാനഭാഗം. വൈദ്യുതപ്രകാശം പുറപ്പെടുവിക്കുന്ന ഒരു ഫ്ലാഷ്ട്യൂബ്കൊണ്ട് ഇതിനെ ചുററിയിരിക്കുന്നു. റൂബീദണ്ഡിന്റെ ഒരററം പൂർണ്ണമായി പ്രതിഫലിക്കത്തക്കവണ്ണവും മററേ അററം ഭാഗികപാരദർശകമായും (Partly transparent) നിർമ്മിച്ചിരിക്കുന്നു. വൈദ്യുതദീപം അയക്കുന്ന ധവളരശ്മികളുടെ ഒരു സ്പന്ദനം (pulse) ശക്തിമത്തായ അനവധി സംസക്തതരംഗങ്ങളെ ഉല്പാദിപ്പിക്കുന്നു. ഇതാണ് ലേസറിന്റെ പ്രവർത്തനതത്വം. അത്യുജ്ജ്വലമായ പ്രകാശരശ്മികൾ പരുത്ത അററത്തുകൂടെ പുറത്തേയ്ക്കു ചാടുന്നു.

ഇതിന്റെ അടിസ്ഥാനതത്വം റൂബീദണ്ഡിനകത്തുള്ള ക്രോമിയം കണികകളാണ്. (atoms). ഫ്ലാഷ്ട്യൂബിൽനിന്നും ശക്തമായ വൈദ്യുത ഊർജ്ജം ക്രോമിയം കണികകളിൽ തട്ടുമ്പോൾ അവ ഈ ഊർജ്ജത്തെ ആഗീരണം ചെയ്യുന്നു. ഫ്ലാഷ്ട്യൂബ് എല്ലാ നിറത്തിലുമുള്ള പ്രകാശരശ്മികൾ അയയ്ക്കുന്നെങ്കിലും അതിൽനിന്നും Ultra violet, പച്ച, മഞ്ഞ എന്നീ രശ്മികളെ മാത്രമെ ഈ കണികകൾ ആഗീരണംചെയ്യുന്നുള്ളൂ. ക്രോമിയം അണുകേന്ദ്രത്തെ (Nucleus) ചുററിക്കൊണ്ടിരിക്കുന്ന ഇലക്ട്രോണുകൾ ഉത്തേജിപ്പിക്കപ്പെടുകയും തന്മൂലം അവ ഉയർന്ന ഊർജ്ജനിരകളിലേയ്ക്കു ചാടുകയും ചെയ്യുന്നു. എന്നാൽ അവ പൂർവ്വസ്ഥിതിയിലേയ്ക്ക് തിരിച്ചുവരുകയും അപ്പോൾ ആവശ്യത്തിലധികമുള്ള ഊർജ്ജം പ്രകാശമായി പുറപ്പെടുവിക്കുകയും ചെയ്യുന്നു. ക്വാണ്ടം തിയറി (Quantum Theory) പ്രകാരം അവ പ്രകാശത്തിന്റെ അടിസ്ഥാന മാത്രയായ ഒരു ഫോട്ടോൺ ഊർജ്ജം നല്കുന്നു.



ചിത്രം-6.

1, 2, 3, . . . . ക്രോമിയം പരമാണുക്കൾ

ത്തിലെ എല്ലാ റേഡിയോ, ടെലിവിഷൻ, ടെലഫോൺ തരംഗങ്ങളേയും ഒരേസമയം വഹിയ്ക്കുവാൻ ലേസറിന്നു് കഴിയും. സെക്കണ്ടിന്റെ ചെറിയൊരംശത്തിനുള്ളിൽ 400 ലക്ഷം വാക്കുകളുള്ള Ency Clopaedia Britanica എന്ന ഗ്രന്ഥം മുഴുവനും ലേസർതരംഗങ്ങൾ പ്രേഷണംചെയ്തു. ഗ്രഹാന്തരീയവാർത്താവിനിമയത്തിനു് ലേസർ രശ്മികൾ മാത്രമെ ഉപയോഗപ്രദമായിട്ടുള്ളൂ.

''രാമൻ ഇഫക്ററി''ലെ അപരിഹാര്യമെന്നു തോന്നിയിരുന്നതും ഇന്നോളം ഒരു ചോദ്യചിഹ്നമായവശേഷിച്ചിരുന്നതുമായ ''ശ്രോതസ്സ്'' (Source) ഇന്നു് ലേസർ പരിഹരിച്ചിരിയ്ക്കുന്നു.

അടുത്ത കാലത്തായി റൂബിലേസർ ഗ്യാസ് ലേസറുകളാൽ ആദേശംചെയ്യപ്പെട്ടിരിയ്ക്കുന്നു. ഹീലിയാം — നിയോൺമിശ്രിതം, ആർഗൺ, കാർബ്ബൺഡയോക്സൈഡു് എന്നിവ ഇതിന്നുപയോഗിയ്ക്കുന്നു. റൂബിലേസർ സൂക്ഷ്മമായ സ്പുരണങ്ങൾ തരുമ്പോൾ ഗ്യാസ് ലേസറുകൾ അനുസ്യൂതമായ രശ്മികൾ തരുന്നു. മിക്കവാറും എല്ലാ പദാർത്ഥങ്ങളും വേണ്ടമാതിരി പ്രവർത്തിയ്ക്കുകയാണെങ്കിൽ ലേസറാക്കി പ്രവർത്തിപ്പിയ്ക്കാം. അർദ്ധചാലകങ്ങളായ ലേസറുകൾ Crallium Arsenide മുതലായവകൊണ്ടു് നിർമ്മിച്ചവ — Ultra Cold temperature നിലകളിൽനന്നായി പ്രവർത്തിയ്ക്കുന്നു. പല ലേസറുകളും uetra violet, Infra Red മുതലായവ അദൃശ്യവികിരണങ്ങൾ പുറത്തേയ്ക്കു വയ്ക്കുന്നു. ഇവ കംമ്പ്യൂട്ടറുകളിൽ സിഗ്നലുകൾ അയയ്ക്കുവാനുപയോഗിയ്ക്കപ്പെടുന്നു.

ഇന്നുവരെ കണ്ടുപിടിച്ചിട്ടുള്ളതിൽവെച്ചു് ഏററവും ശക്തിയുള്ളതു് കാർബ്ബൺഡൈഓക്സൈഡു് ലേസറാണു്. ഇന്നു് അനുസ്യൂതവും അതിതീവ്രവുമായ Infra Red പ്രകാശം തരുന്നു.

ലേസറിന്റെ മറെറാരുപയോഗം അതിന്റെ സമാന്തരമായ വികിരണത്തെ ആശ്രയമാക്കിയാണു്. ഒരു താരനിരീക്ഷണശാലയിലെ ''Teleco qe – In – Riverse'' – ൽക്കൂടി കടത്തിവിട്ടപ്പോൾ അവ ഒരു മൈൽ ദൂരം സഞ്ചരിച്ചപ്പോൾ $\frac{1}{3}$ ഇഞ്ചു മാത്രമെ അപസരിച്ചതായി (Diverge) കണ്ടുള്ളൂ. അന്തസ്സാഗരശാസ്ത്രജ്ഞന്മാർ (Subm arines) പച്ചയും നീലയും കലർന്ന ആർഗൺ ലേസറുകൾ കൊണ്ടു് 2000അടിവരെ താഴ്ചയുള്ള സമുദ്രത്തിന്റെ അടിഭാഗം പ്രകാശിപ്പിച്ചു് പരീക്ഷണങ്ങൾ നടത്തുന്നുണ്ടു്. കപ്പലുകളുടെയും, വിമാനങ്ങളുടെയും മററും ചലനങ്ങൾ നിശ്ചയിയ്ക്കുവാൻ ''അതിസൂക്ഷ്മഗ്രാഹകഘൂർണ്ണാക്ഷസ്ഥാപി'' (Ultra Sensitive Gyroscope) ഭൂമിയുടെ ചലനം കാണിയ്ക്കുന്ന സീസ്മോമീററർ എന്നിവയിൽ ലേസർ ഉപയോഗിയ്ക്കപ്പെടുന്നു. അനതിവിദൂരമല്ലാത്ത ഭാവിയിൽ Laser Type Writer Eraser നമുക്കു് പ്രതീക്ഷിക്കാം. അച്ചടിച്ച കടലാസിനു് കേടുകൂടാതെ പിഗ്മെന്റിനെ അതു് മായിക്കുന്നു. ബാഹ്യാകാശഗവേഷണത്തിൽനിന്നും Type writer Eraser–ലേയ്ക്കു് ഒരു വലിയ എടുത്തുചാട്ടമാണു്. എന്നാൽ ഏതെങ്കിലുമൊന്നിനു് അതു സാദ്ധ്യമാണെങ്കിൽ ലേസർ അതിന്റെ മായാബലംകൊണ്ടു അതു് സാധിയ്ക്കുകതന്നെ ചെയ്യും. ദൈനംദിന ജീവിതത്തിൽ ലേസർ സ്വാധീനംചെലുത്തുവാൻ ഇനി വലിയ താമസമില്ല.

ഭാരതത്തിൽ ലേസർ പ്രചരിച്ചുവരുന്നേയുള്ളൂ. ഒരു പരീക്ഷണമെന്നോണം ഒരു ലേസർ വാർത്താവിനിമയപദ്ധതി ഭാഭാ ആററോമിക് റിസർച്ച് സെൻററിന്റെ കീഴിലുള്ള ഇലക്ട്രോണിക് വിഭാഗം ആവിഷ്ക്കരിച്ചിട്ടുണ്ടു്. Tata Institute of Founda mental Research, Iadian Institute of Technolgy in Kaupur, ബാംഗ്ളൂരിലെ Indian Institute of Science എന്നിവിടങ്ങളിൽ പലതരം ലേസറുകളും പരീക്ഷിച്ചുകൊണ്ടിരിയ്ക്കുകയാണു്.

# മതവും ശാസ്ത്രവും

പി. അബ്ദുർറഹിമാൻ, III B. A

ശാസ്ത്രം വളരെയധികം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു നവയുഗത്തിലാണു് ആധുനികമനുഷ്യൻ ജീവിക്കുന്നതു്. കറങ്ങിക്കൊണ്ടിരിക്കുന്ന ഫേനിൻെറ കീഴിൽ, വൈദ്യുതദീപാലംകൃതമായ മുറിയിൽ റേഡിയോഗാനവും കേട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ മനുഷ്യനോടു ശാസ്ത്രത്തിൻെറ നേട്ടങ്ങളെക്കുറിച്ചു പറയേണ്ടുന്ന ആവശ്യമില്ല. പാൽപുഞ്ചിരി പൊഴിച്ചുകൊണ്ടിരിക്കുന്ന വാർതിങ്കൾ ഇന്നു കവികളുടെ ഭാവനയിലും സാഹിത്യകാരൻെറ വർണ്ണനയിലുംമാത്രം ഒതുങ്ങിക്കിടക്കുന്ന അപ്രാപ്യമായ ഒരു കൌതുകവസ്തുവല്ല; മനുഷ്യൻ അവൻെറ ചിരകാലമായി മെനഞ്ഞെടുത്തിരുന്ന സങ്കല്പങ്ങളിൽനിന്നും യാഥാർത്ഥ്യത്തിലേക്കു കടന്നുവന്നു്, ശാസ്ത്രത്തിൻെറ നേട്ടംകൊണ്ടുതന്നെ ആ മനോഹരവസ്തുവിനെ കീഴടക്കിയിരിക്കുകയാണു്. അഥവാ മനുഷ്യൻ ആ ഗോളത്തിൽ കാലുകുത്തി തൻെറ കഴിവിനെയും ശാസ്ത്രീയനേട്ടങ്ങളെയും ഒന്നുകൂടി ഉറക്കെ പ്രഖ്യാപിച്ചിരിക്കയാണു്.

ആധുനികശാസ്ത്രത്തിൻെറ നേട്ടങ്ങൾ എണ്ണിയാലൊടുങ്ങുകയില്ല. നീലാകാശത്തിൻെറ വിരിമാറിലൂടെ പറവകളെ വെല്ലുമാറു പറക്കുവാനും ആഴിയുടെ അടിത്തട്ടിലൂടെ ഊളിയിടാനും മാത്രമല്ല, ആയിരമായിരം നാഴികകൾക്കപ്പുറത്തുനിന്നും സംസാരിക്കുന്ന മനുഷ്യൻെറ ശബ്ദം ശ്രവിക്കാനും അവനെ കാണുവാനും ആധുനികമനുഷ്യനിന്നു് സാദ്ധ്യമാണു്. ചുരുക്കിപ്പറഞ്ഞാൽ അധുനാതനയുഗത്തിലെ നവംനവങ്ങളായ കണ്ടുപിടുത്തങ്ങളുടെ നടുവിൽ അമ്പരന്നുനില്ക്കുകയാണു് സാധാരണമനുഷ്യൻ.

ഈ എണ്ണമററ കണ്ടുപിടുത്തങ്ങളും മഹത്തായ ശാസ്ത്രീയനേട്ടങ്ങളും മനുഷ്യൻെറ സുഖസൌകര്യത്തിനും ആഡംബരത്തിനും വളരെയേറെ സംഭാവനകളർപ്പിച്ചിട്ടുണ്ടു്. പക്ഷെ . . . . ഇങ്ങിനെയുള്ള നൂതനസൌകര്യങ്ങളുടെ നടുവിൽ, വർണ്ണപ്പകിട്ടാർന്ന ജീവിതത്തിൻെറ അനുസ്യൂതമായ ഗതിയിൽ ആധുനികമനുഷ്യൻ നിരാശയുടെയും അസംതൃപ്തിയുടെയും കരകാണാത്ത നീർച്ചുഴിയിൽപെട്ടു നട്ടംതിരിയുന്ന ദയനീയമായ കാഴ്ചയാണു് നമുക്കു കാണാൻ കഴിയുന്നതു്. സമ്പത്തും സുഖസൌകര്യങ്ങളും ഏറെയുള്ള പരിഷ്കൃതരാജ്യങ്ങളും ഇതിൽനിന്നൊഴിവല്ല.

നൂതനമായ സുഖസൌകര്യങ്ങളുടെ കലവറയെന്നഭിമാനിക്കുന്ന ബ്രിട്ടനിലെയും അമേരിക്കയിലെയും സമ്പന്നമെന്നഭിമാനിക്കുന്ന ജനത, അല്പം മനസ്സമാധാനത്തിനുവേണ്ടി, ശാന്തിക്കുവേണ്ടി, സംതൃപ്തിക്കുവേണ്ടി മയക്കുമരുന്നുകളേയും ലഹരിപദാർത്ഥങ്ങളെയും ഉറക്കഗ്ഗുളികകളെയും ആശ്രയിക്കുകയാണിന്നു്. ധാർമ്മികമൂല്യങ്ങൾ ചവിട്ടിമെതിക്കപ്പെടുകയും മാനുഷികമൂല്യങ്ങൾ വീർപ്പുമുട്ടിക്കഴിയുകയും ചെയ്യുന്ന ആ സമൂഹത്തിൽ ആത്മഹത്യകളും കൊലപാതകങ്ങളും അസാധാരണമല്ല. ലൈംഗികാരാജകത്വത്തിൽനിന്നുത്ഭൂതമായ നിരാശയും മനോരോഗങ്ങളും അവിടെ സാധാരണമാണു്. ബ്രിട്ടനിലെ ധാർമ്മികനിലവാരത്തെപ്പററി ലെസ്ലി വെദർ ഹെഡ് ടൈംസ്പത്രത്തിൽ എഴുതിയ ഒരു റിപ്പോർട്ടിൽനിന്നും നമുക്കു മനസ്സിലാക്കാൻ കഴിയുന്നതു്. ബ്രിട്ടനിൽ ആറിൽ ഒരു വധുവീതം വിവാഹസമയത്തു് ഗർഭവതി

യാണ്' എന്നാണ്. ബ്രിട്ടനിലെ സ്ത്രീകളിൽ മൂന്നിൽ ഒന്നുവീതം വിവാഹത്തിനുമുമ്പു പുരുഷസമ്പക്കം ചെയ്തതായി സമ്മതിക്കുന്നു. ജനനത്തിൽ ഇരുപതിൽ ഒന്നുവീതം ജാരസന്താനങ്ങളാണ്.

ദിവസം കഴിയുന്തോറും ഈ അസാന്മാർഗ്ഗികവും അധാർമ്മികവുമായ പ്രവണതകൾ വദ്ധിച്ചു വരികയാണ്. സുഖത്തെത്തേടി പരക്കംപായുന്ന മനുഷ്യൻ മണലാരണ്യത്തിലെ മജ്നുവിനെപ്പോലെ നിരാശയുടെയും അസംതൃപ്തിയുടെയും കരകാണാത്ത മണലാരണ്യത്തിൽ ഉഴറിനടക്കുകയാണിന്ന്.

ശാസ്ത്രത്തിൻെറ നേട്ടങ്ങൾ മനുഷ്യനെ കരകാണാത്ത മായാലോകത്തിലേക്ക്, അസംതൃപ്തിയുടെയും നിരാശയുടെയും വേദനയുടെയും പാതാളലോകത്തിലേക്ക തള്ളിവിട്ടിരിക്കയാണോ? ശാസ്ത്രത്തിന്നു നല്കാൻ കഴിയാത്ത സംതൃപ്തിയും സമാധാനവും ശുഭാപ്തിവിശ്വാസവും മാനുഷികമൂല്യങ്ങളും മനുഷ്യന്നു എവിടെനിന്നു ലഭിയ്ക്കും? ഇവിടെ മനുഷ്യൻ പുതിയൊരു വഴിത്തിരിവിന്നുവേണ്ടി ദാഹിക്കുന്നു.

ഇന്ന്, മനുഷ്യൻ മതത്തിന്നു പകരം ശാസ്ത്രത്തെ പൂജിക്കുകയാണ്; അഥവാ മതത്തെയും സന്മാർഗ്ഗത്തെയും മാററിനിർത്തി സ്വേച്ഛയെയും ആധുനികസുഖസൗകര്യങ്ങളെയും ആരാധിക്കുകയാണ്. അതിൻെറ പരിണതഫലമാണ് നാമിന്നിക്കാണുന്ന അസ്വാസ്ഥ്യങ്ങളെല്ലാം.

ദാരിദ്ര്യപ്പിശാചിൻെറ ഉരുക്കുമുഷ്ടിയിലമരവെ പട്ടിണിയും പരിവട്ടവുമായി ദിനരാത്രങ്ങൾ കഴിച്ചുകൂട്ടുന്ന സഹോദരനെപ്പററി ചിന്തിക്കാനോ അവൻെറ നീറുന്ന പ്രശ്നങ്ങളെക്കുറിച്ചു ഓക്കാൻപോലുമോ ഇന്നത്തെ അഭിനവമനുഷ്യന്നു് സമയമില്ല. നീതി, സത്യം, ദയ, പരിശുദ്ധി, സൽസ്വഭാവം എന്നീ സനാതനതത്വങ്ങളൊന്നുംതന്നെ ആധുനികമനുഷ്യനെ അലട്ടുന്നില്ല. അതെ, ധാർമ്മികമൂല്യങ്ങളെ മാററിനിർത്തിയ ഇന്നത്തെ മനുഷ്യൻ അവൻെറ ആരംഭം കരങ്ങളിൽ കണ്ടെത്തുകയും പടിപടിയായുള്ള വളച്ചയിൽ കരങ്ങിനെക്കാൾ അധഃപ്പതിക്കുകയും ചെയ്തിരിക്കുന്നു.

മതവും ശാസ്ത്രവും ഒരിയ്ക്കലും കൂട്ടിമുട്ടാത്ത രണ്ടു സമാന്തരരേഖകളോ അല്ലെങ്കിൽ കണ്ടാൽ തമ്മിൽതമ്മിൽ തല കൊയ്യപ്പെടേണ്ടുന്ന രണ്ടു ഭീകരശത്രുക്കളോ അല്ല. അതെ, ശാസ്ത്രമല്ല, ശാസ്ത്രീയകണ്ടുപിടുത്തങ്ങളുമല്ല; മനുഷ്യൻെറയും മതത്തിൻെറയും ശത്രു. നേരെമറിച്ച്, സുഖലോലുപനായ, ചിന്താശക്തി നശിച്ചുപോകുന്ന ആധുനികമനുഷ്യൻെറ ചിന്തയററ പ്രവർത്തനങ്ങളാണ്.

ഓരോ പുതിയ കണ്ടുപിടുത്തവും മനുഷ്യൻെറ ബലഹീനതകളെയും അവൻെറ കഴിവുകേടുകളെയും വിളിച്ചോതുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നതു്. മനുഷ്യൻ പുതുതായി കണ്ടുപിടിക്കുന്ന ഓരോന്നും ഇതേവരെ ഈ ലോകത്തു നിലനിന്നിരുന്നു. പക്ഷെ ഇപ്പോൾ മാത്രമെ അവന്നു പ്രാപിക്കാൻ കഴിഞ്ഞുള്ളു. അതും വളരെ വളരെ പരിമിതമായതുമാത്രം.

കോമ്പൌണ്ടിൽനിന്നു് എലമൻറുകളെ വേർതിരിച്ചെടുക്കുകയല്ലാതെ പുതിയൊരു എലമെൻറിനെ സൃഷ്ടിക്കാൻ മനുഷ്യന്നുകഴിഞ്ഞിട്ടില്ല. ഒരു ഉറുമ്പിനെപ്പോലും സൃഷ്ടിക്കാൻ അവന്നു ശക്തിയില്ല. നാളെയെപ്പററി അവനൊന്നുമറിയില്ല. പ്രവിശാലമായ ഈ പ്രപഞ്ചത്തിലെ എണ്ണമററ ഗോളങ്ങളെപ്പററിയും അവയുടെ നിലനിൽപിനെപ്പററിയും വളരെക്കുറച്ചേ അവന്നറിയുകയുള്ളു. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യൻെറ ഇതഃപര്യന്തമുള്ള അറിവു വിജ്ഞാനസാഗരത്തിലെ ഒരു തുള്ളി വെള്ളമത്രെ!

മനുഷ്യൻ അഹംഭാവവും സങ്കുചിതമനോഭാവവും മാററി തുറന്ന ഹൃദയത്തോടെ, പരിശുദ്ധമായ അന്തരീക്ഷത്തിൽ സംഗതികൾ അപഗ്രഥനം ചെയ്താൽ ചിന്താശക്തിയുള്ള മനുഷ്യൻ മതത്തിൻെറ ആവശ്യകതയും, ധാർമ്മികമൂല്യങ്ങളുടെ അനിവാര്യതയും ദൈവത്തിൻെറ ആസ്തിക്യവും അംഗീകരിക്കാതിരിക്കുകയില്ല. അതുകൊണ്ടു ശാസ്ത്രവും മതവും ഒത്തിണങ്ങുന്ന, ആധുനികസുഖസൗകര്യങ്ങളും മാനുഷികമൂല്യങ്ങളും ഒരുമിച്ചുപോകുന്ന ഒരു വ്യവസ്ഥിതിക്കു മാത്രമെ മനുഷ്യന്നു സുഖവും സംതൃപ്തിയും ആശയും പ്രതീക്ഷയും പ്രദാനംചെയ്യാൻ സാദ്ധ്യമാകൂ.

# മാററം—ഒരാവശ്യം

പി. വി. ഹമീദ്, II P. D. C.

ശബ്ദാതിവേഗമിസ്സെയിലിൻെറ വേഗതയിലുള്ള മലയാളസാഹിത്യത്തിൻെറ വളച്ച് അത്ഭുതത്തോടൊപ്പം അഭിമാനവുമുണത്തുന്നു. വളക്കുറുള്ള മണ്ണിലെ വൃക്ഷത്തെപ്പോലെ, അനുകൂലസാഹചര്യത്തിൽ ഇന്നും അതു കൂമ്പടയാതെ വളൻ കൊണ്ടിരിക്കുന്നു. മലയാളിയെ ഹഷപുളകിതനാക്കാൻമാത്രം മഹത്തും ബൃഹത്തുമായ പലതും അതിനിന്നവകാശപ്പെടാനുണ്ട്. നവംനവങ്ങളായ പ്രത്യയശാസ്ത്രങ്ങളുടെ വളച്ച് ജീവിതത്തിൻെറ രക്തധമനിയായ സാഹിത്യത്തിലും സ്വാധീനം ചെലുത്താതിരുന്നിട്ടില്ല. കാലഘട്ടത്തിൻെറ സ്പന്ദനം വ്യക്തവും ശക്തവുമായി ആലേഖനം ചെയ്യാൻ പല പ്രാക്തനലിഖിതസമ്രാട്ടുകൾക്കും കഴിഞ്ഞിട്ടുണ്ട്. ഇന്നലെ സംഭവിച്ച വിപ്ലവാത്മകമായ പരിവത്തനത്തിൻെറ പിന്നിൽ സാഹിത്യത്തിൻെറ പ്രചോദനവും ഇല്ലാതില്ല. പുതിയതിനുവേണ്ടി ദാഹിക്കുന്ന പ്രപഞ്ചത്തിൽ അതിൻെറ സംഭാവനകളിനിയും പ്രതീക്ഷിക്കാം.

സാമൂഹ്യബന്ധത്തിൻെറ നിത്യതയിൽനിന്ന കന്നുനില്ക്കുന്ന ദന്തഗോപുരസാഹിത്യത്തിനൊരിക്കലും അനുവാചകഹൃദയത്തിൻെറ ഉള്ളിൻറ ഉള്ളിൽ പ്രവേശിക്കുക സാദ്ധ്യമല്ല. ജനജീവിതവുമായി താദാത്മ്യം പ്രാപിച്ച കാലഘട്ടത്തിൻെറ ആവശ്യം ശ്രമിക്കുന്ന കലാകാരനെ അവഗണിക്കൽ ആത്മാത്ഥതയുള്ള സഹൃദയന്ന് സാദ്ധ്യവുമല്ല. സങ്കീണ്ണമായ മനുഷ്യസ്വഭാവത്തിൻെറ വിശകലനവും ചുററുപാടിൻെറ സമഗ്രാപഗ്രഥനവും അതുൾക്കൊള്ളണം. ജീവിതത്തിൻെറ അത്ഥവും അത്ഥവ്യാപ്തിയും ചിത്രീകരിക്കുമ്പോൾ കല കേവലം കലയ്ക്കുവേണ്ടിയാവരുത്. സമൂഹമദ്ധ്യത്തിൽ നുഴഞ്ഞുകയറി സമുദായത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന മാരകപ്രവണതകളെ 'ഓപ്പറേററ്'' ചെയ്യലാണല്ലോ സാഹിത്യത്തിൻെറ മുഖ്യോദ്ദേശ്യം. പൂത്തിവെപ്പും, കരിഞ്ചന്തയും കലയായി അംഗീകരിച്ച ലോകത്തു പുരോഗമനത്തിൻെറ രാജവീഥി വെട്ടിത്തെളിയിക്കൽ എളുപ്പമുള്ള ഒരു ജോലിയല്ല. അററുവീഴുന്ന സാമൂഹ്യബന്ധത്തിൻെറ ശൃംഖലക്കണ്ണികൾ വിളക്കിയുറപ്പിക്കലും ശ്രമകരമത്രെ. സോദ്ദേശമായ സാഹിത്യം പുരോഗതിയെ ത്വരിതപ്പെടുത്തുമ്പോൾ, ഉദ്ദേശശൂന്യതയുടെ സന്തതി ആത്മാവില്ലാത്ത ശരീരംകണക്കെ ചൈതന്യശൂന്യമായി വത്തിക്കുകയേ ചെയ്യൂ. സംസ്കാരത്തിൻെറ ധവളപ്രഭ പരത്തി ജീവിതത്തിനു വണ്ണം നല്കാൻ നമ്മുടെ ഉൽക്കഷ്ത്തെ ഉൽഘോഷിക്കേണ്ടതുണ്ട്.

മലയാളത്തിൽ പുതുതായി വെളിച്ചംകാണുന്ന കൃതികളുടെ ആത്മാവിനെ ലഘുവായൊന്നു കണ്ടെത്താൻ ശ്രമിക്കുന്നതു നന്ന്. പൌരവ്യൂഹം മോഹഭംഗത്തിൻെറ നീർച്ചുഴിയിൽ നിലയില്ലാതെ ഉഴലുകയാണ്. ജനസഞ്ചയത്തെ ആവാഹിച്ച മോഹഭംഗം ഏററവും ശക്തമായും തീക്ഷ്ണമായും അനുഭവിക്കുന്നതു നമ്മുടെ എഴുത്തുകാരത്രെ.

എന്തോ നഷ്ടപ്പെട്ട എന്തിനോ തിരയുന്ന, അഭിലാഷങ്ങളുടെ മരീചികയിലൂടെ ഓടിക്കൊണ്ടിരിക്കുന്ന ഒരു ജനതയുടെ ആത്മാലാപനങ്ങളായി മാറിയിരിക്കുന്നു അത്യാധുനികകവിത. ക്ഷതപ്പെട്ട ആഗ്രഹങ്ങളും, വ്രണപ്പെട്ട വികാരങ്ങളും ഉൾക്കൊള്ളുന്നതാണ് കഥകൾ. പകർച്ചവ്യാധികണക്കെ ബാധിച്ച ഈ പ്രവണതയ്ക്കൊരു പരിഹാരം ആവശ്യമാണ്. നവജാതകൃതികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കയാണ്. സാഹിത്യമൂല്യമശേഷമില്ലാത്ത ലൈംഗികാരാജകത്വം സൃഷ്ടിക്കുന്ന ക്ഷുദ്രകൃതികളാണധികവും. മനുഷ്യന്റെ മൃദുലവികാരങ്ങൾ ഉണർത്തിവിടുന്ന ക്ഷുദ്രകൃതികൾ വേനൽക്കാലത്തു മധുരനാരങ്ങപോലെ ചിലവായിക്കൊണ്ടിരിക്കുന്നു. ആനുകാലികപ്രസിദ്ധീകരണങ്ങളിലും വലിയൊരു ശതമാനം അവതന്നെ. ഒരുവേള, വർഗ്ഗീയപാർട്ടികളെക്കാൾ, അണുബോംബിനെക്കാൾ മാരകങ്ങളാണവ.

കഴിഞ്ഞ കാലത്തിലേക്കു ഒന്നു് എത്തിനോക്കുന്നതു് ഏതായാലും സംഗതമായിരിക്കും. കാലഘട്ടത്തിന്റെ ആഹ്വാനം ശ്രവിച്ച കലാകാരൻ തന്റെ കലാവതരണത്തിൽ പലപ്പോഴും മാററങ്ങൾ വരുത്തിയിട്ടുണ്ടു്. കലാകാരന്റെ മസ്തിഷ്കമാണു് പലപ്പോഴും പരിവർത്തനത്തിനു പിന്നിൽ പ്രവർത്തിച്ചിരുന്നതു്. പതിനേഴാം നൂററാണ്ടിൽ രാജാവിന്റെ കിരാതഭരണവും, ഫ്യൂഡലിസത്തിന്റെ ദുഷ്പ്രവണതയും, പള്ളിമേധാവിത്വത്തിന്റെ അഴിഞ്ഞാട്ടവും ഫ്രാൻസിലെ ജനതയുടെ ജീവിതം ദുഷ്കരമാക്കി. വോൾട്ടയർ, റൂസ്സോ തുടങ്ങിയ പ്രതിഭാശാലികളുടെ ബുദ്ധിശാലയിൽനിന്നും രൂപംകൊണ്ട ചിന്താധാര ഒരു വിപ്ലവത്തിലൂടെ അവരെ സ്വാതന്ത്ര്യത്തിന്റെ പറുദീസയിലെത്തിച്ചു. മാർക്സിന്റെ തൂലികയിലൂടെ നിർഗ്ഗളിച്ച സോഷ്യലിസ്റ്റ് ചിന്താസരണിയാണ് സോവിയററ് റഷ്യയിൽ ഒക്ടോബർ വിപ്ലവത്തിനു വളമേകിയതു്. കാലഘട്ടത്തിന്റെ സ്വാധീനം മലയാളസാഹിത്യത്തിലും ഇല്ലാതില്ല. അധാർമ്മികത്വത്തിന്റെ മുന്നേററത്തിൽ അപഥമാർഗ്ഗാവലംബികളായ ജനതക്കു ആത്മീയതയുടെ ശബ്ദം കേൾപ്പിച്ചതു നമ്പ്യാർക്കവിതകളാണ്. സ്വാതന്ത്ര്യസമരകാലത്തു ദേശാഭിമാനപരമായ കവിതകൾ രചിച്ച മഹാകവി വള്ളത്തോളിനെ മലയാളികൾ മറന്നിട്ടില്ല. ജന്മി–മുതലാളിത്തത്തിന്റെ മുഷ്ടിയിലമർന്നു വീർപ്പുമുട്ടിയ ജനതക്കു് ആശ്വാസമേകാനത്രെ ആശാൻ "ദുരവസ്ഥ"ക്കു ജന്മംനല്കിയതു്. "വിശപ്പിന്റെ വിപ്ലവക്കൊടുങ്കാററിൽ" തകർന്നുപോകും അഭിശപ്തമുതലാളിത്തമെന്നു ശുഭാപ്തിവിശ്വാസത്തോടെ കവിതയെഴുതിയ ചങ്ങമ്പുഴയും വിസ്മരിക്കപ്പെട്ടിട്ടില്ല. മുസ്ലിം ക്രൈസ്തവ സമുദായങ്ങളുടെ ദയനീയചിത്രങ്ങൾ അനാവരണം ചെയ്തവരും ഇവിടെ ഇല്ലാതില്ല. നാലുകെട്ടിലെ വീർപ്പുമുട്ടുന്നവരെ ചിത്രീകരിച്ചതു് ഒരു മാററം അഭിലഷിച്ചുകൊണ്ടായിരുന്നു.

ഇന്നു കാലഘട്ടത്തിന്റെ ആവശ്യം മറെറാന്നാണ്. പ്രതിക്കൂട്ടിൽ നില്ക്കുന്ന മനുഷ്യവംശത്തിനു സമാധാനം ആവശ്യമുണ്ടു്. അതിനുവേണ്ടി അണുബോംബുകൾ നിർമ്മിക്കപ്പെടുന്നു. എവിടെയും ഭീതിയിൽനിന്നു് ഉത്ഭവിച്ച സമാധാനം മാത്രമെയുള്ളു. സ്വാതന്ത്ര്യത്തിന്റെ പേരിൽ നിരു പകനെ തള്ളിപ്പറയുന്ന എഴുത്തുകാരനെപ്പോലെ, ധർമ്മത്തെ അപഹസിക്കുന്ന ഹിപ്പിയും എണ്ണത്തിൽ ഇവിടെ കുറവല്ല. അക്രമത്തിന്റെയും, മർദ്ദനത്തിന്റെയും, നിയമലംഘനത്തിന്റെയും ലോകത്തു മനുഷ്യത്വം കണ്ടെത്തുക വിഷമംതന്നെ. ആധുനികരീതിയിൽ കളവും, കരിഞ്ചന്തയും നടത്തുന്നവൻ ഇവിടെ സമർത്ഥനും, സമുദായത്തിന്റെ സമാരാദ്ധ്യനുമാണ്. ഇവിടെ ഒരു മാററം അഭികാമ്യമാണ്; ഒരു നിശ്ശബ്ദവിപ്ലവം അനിഷേധ്യമായ ഒരു ആവശ്യവും. സാഹിത്യശരീരത്തിലെ പുഴക്കുത്തായ ലൈംഗികതയുടെ നഗ്നമായ ചിത്രീകരണം കാലഹരണപ്പെടേണ്ടിയിരിക്കുന്നു. മോഹഭംഗവും, അന്തർമുഖത്വവും ഒഴിവാക്കി ചുററുപാടുകളെ ഒന്നു ശ്രദ്ധിക്കേണ്ടതുണ്ടു്. നമുക്കാവശ്യം സമാധാനത്തിന്റെ തേനാറു് ഒഴുകുന്ന ഒരു നവലോകമാണ്. പ്രശ്നങ്ങളെ അവഗണിക്കുന്നതു ഏതായാലും ക്ഷന്തവ്യമല്ല. പ്രശ്നശൂന്യമായ ഒരു ലോകം സൃഷ്ടിക്കാൻ നമ്മുടെ എഴുത്തുകാരുടെ തൂലിക ചലിക്കേണ്ടതുണ്ടു്. പുതുമനിറഞ്ഞ ഒരു നവയുഗപ്പൊൻപുലരി അവരാഗ്രഹിക്കുന്നുവെങ്കിൽ . . . .

# MY CONCEPTION OF AN IDEAL STUDENT - I

K. Yaseen Ashraf, II B. A., Eng.

If Plato were resurrected and asked to dictate terms for a "Republic" of students, I suppose he would choose only the students of science. But then the student of arts is not to be denied studentship, only the object of his academic pursuit is different. Were I to select, I would banish into "the furthest Hebrides," many many students that are now thorns in the flesh of the community at large.

The real figure of a modern student that comes buoyant on the mental surface at the outset is the appalling image of terror, and ignorant maliguity incarnate — a challenger of scruples, out and out a nihilist, the gospeller of hooliganism. His pate all mussed up veils, alas the grace of his forehead. He has a pair of hollow eyes callous and lightless as burnt-up coal, a nose with ill temper ever at its end, a moustache displaying admirable dexterity with eyebrow pencils, hands always fisted against the symphony and music of the Spheres, having an apology for a shirt, and a pair of pants as low as himself and plastered on to his lower body; to wit, he remainds one of the lost link between ape and man !

Almost the antithesis of this would be, I conceive, the ideal one. To begin with, he would have no bee in his bonnet but his studies. The ideal one will have academic consciousness. This is not merely the absence of destructive mentality, but the presence of a creative one. It not only saves him from making a shipwreck of his carrer, not only from the doldrums of inert wastefulness, but makes of him a becoming citizen of the morrow. Today well-lived makes tomorrow liveable.

He will have the sense of responsibility born out of academic consciousness. He may be a public speaker, the President of some association, the Secretary of some club — but he is first and foremost a student. He need not be a chromic bibliomaniac, but whatever he reads will not be all make-believe. He need not be a solitary reader in the small hours before dreary lamps, yet he will not let himself be exhorted to "go to the ant".

The ideal student will have self-respect. When I stress this point, do I mean there are cases otherwise? I do, for there are, a thousand and one. If one has self-respect, he will spontaneously develop respect for others. The ideal student, therefore, will well rid himself of the will before he chastises others.

He will have a personality of his own—one of integrity and candour. Even if he cannot win laurels, he will at least not go abegging for them before the political dupes. He would rather be a hero than undergo virtual slavish servilitude under political bosses, who play fast and loose with principles. He will not invite darkness, whether or not he can emit light.

From political leaders the epitome of rampant corruption, the model student will keep a "respectable" distance.

He will not be a mute acceptor of any deed, especially his own, and will have introspective critical views. "Know thyself" will be his first maxim. The sceptre holder of the morrow would not be King Lear; the guide of the destiny of posterity would not turn jaundiced as Hitler. Should he win a seat in Olympus, he will prepare now not to be the sadistic gods that are indifferent to men and sport with those lesser ones as wanton boys with flies.

He will of his own accord prepare a proper channel for his creative faculties to be directed through. Wait for and depend on others, and your career swings in a balance! In a world with too much energy to be wholly absorbed by the social machinery, it is unadulterated idiocy to wait for chances. The mind should be conditioned to meet extreme exigency. Accidents are probable, and the ideal student will be ready for them any minute so that they will not shock him as they did Caesar when he saw his 'angel' Brutus stab him; even if he should fall before "Pompey's statue," he will avoid moaning, "et tu, Brute!" Trusting others is a different matter. He will not wait to sit on a throne to find the sword of Damocles above his head.

The ideal student will have, at present a rare qualification to conceive, a sense of belonging to a unified and whole student community. He will be free from the patronage and the tainting influence of the politicians, to reiterate the point. In a democracy especially, political interest lays the bone of contention. The ideal one will keep his eyes open to snares. Even a golden apple will fail to produce discord in him and his fellows. Education will filter away his tendency to disunite and will encourage him to be sociable. Criticism is his affair; he may leave the task of rebuking to urchins.

Lastly, the ideal student will have a definite end, and a definite method to achieve it. The one of my conception will be the last to believe 'end justifies the means'. He will have the will, and "if there is a will, there is a way", or rather so many ways; it is upto him to choose the right one.

# MY CONCEPTION OF AN IDEAL STUDENT - II

A. D. Prameela, II P. D. C.

Students have to play a very important role in the journey of life. The students of today are the pillars of the nation. On them depends the destiny of the future generation. A student's life is the period of preparation to fight this grim battle. An ideal student not only craves for the knowledge from the books but also prepares himself for the great task ahead of becoming an enlightened citizen.

From my point of view the first requisite of an ideal student is discipline. He should bear in mind that discipline is the basic foundation of character. All the other virtues such as obedience, diligence, good manners, punctuality and forbearance develop only if there is discipline. A sweet, pleasant relation should exist between the staff and students. An ideal student always respects his teachers and wishes them whenever he meets them. Teachers will always have parental attitude towards disciplined students. What greater wealth is there to a student than the blessings of his teachers for a successful life?

Students are sent to school mainly to study. An ideal student pays attention to what is said in the class, studies his daily lessons and is not satisfied with just swotting up his lessons on the eve of the examination. He considers education not only as a passport for a good job but also as guide for shaping a good character.

Though a student's primary aim is to study, this does not mean that he should be a book worm. He should take part in all kinds of sports and games to refresh his mind after studies, for "All work and no play makes Jack a dull boy." As we exercise our brains we should also have physical exercise. He also takes part in other extra-curricular activities such as debates dramas, elocutions and competitions to display his talents. Mere knowledge will count for little in any sphere of life without sound physique to support it.

Nowadays a very silly reason is enough for students to go slogan-shouting in the streets like a gang of hooligans. They don't realize that they are degrading themselves. Strikes only show lack of respect for authority. How much better it would be if they discuss their problems with the principal. He will surely be ready to solve their problems and help them in all their difficulties. An ideal student will never participate in strikes.

In my opinion an ideal student will not take part in politics for his primary duty is to acquire knowledge. As a matter of fact politics should have no place in a student's mind as his education suffers and moreover his mind is also immatured. It is advisable that students should keep away from all political fields.

An ideal student is always friendly with his fellow students. He has a compassionate regard for them irrespective of the consideration of colour, creed and caste. He always takes care to keep himself away from bad company

for they are likely to drag him to the wrong path. He will not like his good name to be spoilt. Therefore he always keeps up his reputation.

According to my concept an ideal student should not waste his time in idleness for every minute spent in inactivity is snatched away from the short span of life. He should make use of his leisure time in the best way. He is usually occupied with hobbies like reading, stamp collecting, coin collecting, gardening and and music.

Students are always weighed down by the prospect of an uncertain future. This attitude is wrong. He should have an aim in life and work up to achieve his ambition. A student without an ambition is comparable to a ship without its compass sailing to no definite direction. He cannot achieve anything in his life without a plan. A planned life is the secret of a successful life.

Last but not the least, students should have faith in God. We need God's guidance in every walk of life and are highly indebted to Him for all the talents that we possess. According to my point of view, an ideal student will pray to God every morning and evening and thank Him for all the tremendous gifts that He has bestowed upon us.

These are my humble views of an ideal student. It cannot be denied that if all students lead such lives, we will be able to tusn our country into a land overflowing with milk and honey.

# PROBLEMS OF GROWTH

Moosa A. Baker

A system like democracy needs many citizens who are really trained for participation and responsibility. Such a system also requires a set of delicate balances to be established. Citizens should be loyal to their political community and nation. But they should not become chauvinists. Political leadership and authority should enjoy popular respect and obedience. Still members of the public must keep for themselves some qualities of independence and authority. Democracy places a burden of thought upon the public, more onerous than the burden placed upon it by other systems.

### Traditional

We have been making every effort to liberate the individual from the hold of the traditional forces of caste, religion and language and to alter his mental horizon through the propagation of the value and validity of the secular political ideas. But there are strong obstacles in our attempt to create a new society of Indians. And our political wisdom consists in understanding the deep historical forces that have created the strange political phenomenon that is modern India. Family, caste and religious demands still control a large area of the individual's social life while satisfying his emotional needs and engaging his sympathies.

So the problem is to create an enduring sentiment of national unity among the vast masses of our country. Remember, to these masses democratic values are as foreign as the English language. Our democracy is not founded on the instinctive, emotional sympathies of the people. It is the democratic process of our life that should create a climate when the people will begin to value the good life arising out of their commitment to the democratic system.

The influence of caste, religion, language etc. as political determinants may vanish in the future when the rapid economic and industrial changes will alter the foundations of the existing social arrangement. In the past our political unity was the product of the military power and administrative talent of a strong ruler or dynasty. Now it depends upon our collective will to cohere in order to be free.

### Social Change

Besides, no social change is accepted by people merely because it is good for them. Change involves giving up the old and the familiar and learning new habits and new ways of doing things. The fact is that we are afraid of any substancial change as it might affect our own position, status or income adversely! Many of the groups in India even suspect that they are perhaps accorded only second class status! The social stratification, underdeveloped national consciousness and gnawing disparities are also antagonistic to the stability of our democratic system.

### Discontent

The discontent among us is not the result of our poverty alone. History records the existence of many peoples who were subjected

to misery and exploitation but who did not give any expression of discontent. A little improvement in the conditions of one's living might only raise the 'appetite' for more. It is possible that even a worsening of conditions will increase discontent even if the people are fairly well-off. Therefore, it is not only poverty that causes discontent, but also the amount of progress that is made. Discontent is said to be the divergence between the perceived 'real' and the 'ideal'.

Discontent, once generated, can take either a personal or a political form. If one is dissatisfied with his present income, he will certainly look for a better job. When one dislikes the institution or the establishment where he works, or where one cannot get along with his employer or his neighbour what is it that he does? He gets out. Hence personal discontent is also the prime mover of action. Where individuals can, with a little effort, easily participate in the general wealth, most discontent will be personal and it will express itself in efforts on the part of the individual to advance his position within the existing social frame-work.

An individual's political discontent, on the other hand, has direct consequences. Political discontent arises when a person fails in his efforts to improve his position. That is, political discontent is the result of one's inability to deal with one's personal discontent. For instance, one may have tried to secure a job but failed, or the job he has secured may turn out to be unsatisfactory. If so, the individual concerned begins to think that his failure to deal with his own discontent is not the result of his personal deficiency but the result of some external forces. 'It must be the result of the system itself!' Then instead of seeking a new situation within the existing social frame work, discontent may be directed at the existing social frame work itself.

Generally, all types of political discontent manifests itself in agitations -- some of them may be 'constitutional' and some of them may be 'revolutionary'. It is because a politically discontented person wants to stir up discontent in others as well. It is well known that only an increased movement of large numbers of individuals can effect a change in the existing social system. That is why all types of political discontent are expressed in mass action, that is, in the form of organisations, meetings, speches, processions, strikes etc.

### Agreement

But without a substantial agreement on the basic values and objectives of Indian life we will neither have the vitality nor the hardihood to face the political task that is before us. The degree of success of a society as a whole depends on the establishment and acceptance of objectives, standards of conduct and behaviour by all the members of the society. Man is, above all, a social being. He has to function more as a member of a group than as an individual.

### Government

We should also be able to effect some changes in our mechanics of governance. Only a strong and good government can rouse the motivations of the masses and lead them to fruitful channels of activity. A clear and efficient administration pre-supposes a government which is honest in serving its people, has a sense of the practical and a clear sense of direction. But the temper of the administration is decided by the political order which in turn is moulded by the socio-cultural pattern existing in the country.

But in a democracy where fortune seekers dominate, efficiency suffers opening the flood gates to corruption and a well-coordinated administrative system becomes impossible. Efficiency and integrity of administration are bound up with the question of integrity at all political levels. Today the general feeling about public service is that honest work does not pay!

### Consciousness

Only if the political consciousness of our

people keeps pace with the increasing complexities of growth there could be growth which is steady and stable. We have to catch up within the shortest time possible of two hundred years of progress under the industrial revolution which India missed under colonial rule. The public apathy we speak of, the political drift which we condemn and the gap between precept and practice that we find in all fields of activity are rooted in our apparent incapacity to deal with our problems which surround us. And we have become painfully aware that at times our naivete and incapacity to conduct the affairs of the State are taking us away from our aims and objectives. There is no greater and bigger task in India than that of changing our patterns of behaviour to serve the new purposes we have set for ourselves.

# PROF. HUMAYUN KABIR

P. P. Umer Farooq, III B. Com.

Prof. Humayun Kabir was one of the most colourful personalities of our times. In his untimely demise, our country has lost a great educationist, a dedicated public servant, an efficient administrator and above all a sincere patriot.

Born on 22nd February 1906, at Faridpur (now in East Pakistan), Kabir had a consistently brilliant high school and college career He took his M. A. from Calcutta University with distinction winning the University Gold Medal. He later went to Oxford as a State Scholar and secured another Master of Arts Degree with a first in Modern Greats.

Prof. Kabir held several distinguished positions in his varied life. He was the Educational Adviser and Secretary to the Govt. of India from 1947 upto 1956. He also acted as the Chairman of the University Grants Commission for some time. He was a member in the Central Cabinet for nine years.

Prof. Kabir was a great educationist of our country and the author of many well-known works in Bengali and English. His books, 'The Indian Heritage', and 'Men and Rivers' are noted for their profound scholarships. He did not allow the legislator and administrator in him to shut out the scholar and writer. He wrote prolifically on topics of history, literature and philosophy. His long companionship with Moulana Azad ended in a fitting epilogue — 'India wins Freedom' in which the views of Azad were expressed through the language of Kabir.

Kabir was a secularist in the real sense of the term. At the time of partition, Kabir's home town Faridpur became a part of East Pakistan. But this great secularist chose to settle in India. Kabir was married to a Hindu lady, Miss Shanti Das and through this inter-religious marriage proved that he was as secular in his way of life as in his way of thinking.

He was an ardent member of the Congress Party for a long time. But when he found that this great national party failed to live upto its great promises, he left the organisation unmindful of public criticism.

Kabir died of a heart attack on 18th August 1969 in New Delhi. His death came as a great shock to the whole nation. What the President V. V. Giri said on that occasion speaks volumes for Kabir's greatness — "I am grieved to hear the demise of Professor Humayun Kabir who was one of my old colleagues in the Trade Union Movement for decades and also in the national struggle for freedom. His untimely demise is a great loss to the country."

# സോഷ്യലിസം ഇന്ത്യയിൽ

ഒ. എം. എം. ഇബ്രാഹീം, II B. A.

സ്വതന്ത്രഭാരതം അതിന്റെ ചരിത്രത്തിലെ ഏററവും പ്രധാനപ്പെട്ട ഒരു കാലഘട്ടത്തിലൂടെയാണു് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതു്. നമ്മുടെ രാഷ്ട്രത്തോടൊപ്പം സ്വാതന്ത്ര്യം നേടിയ മററുപല ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലും സ്വാതന്ത്ര്യത്തിന്റെ ദീപശിഖ കെട്ടണഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇന്ത്യയിൽ അതു് കത്തിജ്വലിച്ചുകൊണ്ടു തന്നെയിരിക്കുന്നു. എങ്കിലും, നമ്മുടെ ഭരണകർത്താക്കളും രാജ്യതന്ത്രജ്ഞന്മാരും പ്രതീക്ഷിച്ചരീതിയിൽ പുരോഗതിയുടെ പാതയിലൂടെ വളരെയധികമൊന്നും സഞ്ചരിക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. നാം അംഗീകരിച്ച ലക്ഷ്യവും നമ്മുടെ പ്രവർത്തനവും തമ്മിലുള്ള ബന്ധം ഒരു ആത്മപരിശോധനയിലൂടെ അവലോകനം ചെയ്യുന്നതു തികച്ചും സന്ദർഭോചിതമായിരിക്കുമല്ലോ?

### ജനാധിപത്യസോഷ്യലിസം

രാഷ്ട്രീയമായി നാം അംഗീകരിച്ചിരിക്കുന്ന ലക്ഷ്യം ജനാധിപത്യസോഷ്യലിസവും, സാമ്പത്തികമായി അവലംബിച്ചിരിക്കുന്ന മാർഗ്ഗം സമ്മിശ്രസമ്പദ്‌വ്യവസ്ഥ (Mixed economy) യുമാണു്. ഇവ രണ്ടും യോജിച്ച മുന്നോട്ടുപോയി സാംസ്കാരിക സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ഒരു വിപ്ലവം സൃഷ്ടിക്കത്തക്ക രീതിയിൽ നമ്മുടെ ആസൂത്രണപരിപാടി സംവിധാനം ചെയ്യുന്നതിൽ കാര്യമായ നേട്ടമൊന്നും ഉണ്ടായിട്ടില്ലെന്ന വസ്തുതെല്ലാരു കുററബോധത്തോടെ നാം സമ്മതിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ സ്ഥിതി തികച്ചും ശോചനീയമാണു്. 55 കോടി ജനങ്ങൾ, ഏററവും ഇടിഞ്ഞ ആളോഹരി ദേശീയവരുമാനം, ചുരുങ്ങിയ പുരുഷായുസ്സ്, പടർന്നുപന്തലിക്കുന്ന തൊഴിലില്ലായ്മയും തൊഴിൽക്കുറവും, വലിയ ഭക്ഷ്യക്കമ്മി. ഇവയൊക്കെത്തന്നെ നമ്മെ അലട്ടുന്ന പ്രശ്നങ്ങളാണു്. എന്നാൽ, ഇവതന്നെ 'സൃല്പിട്ട'നിന്നെന്നുവരില്ല. ഇവയെ നിറുത്തുകതന്നെ വേണം. ശാസ്ത്രത്തിനും സാങ്കേതികവിദ്യക്കും മാത്രമേ ഇതു കഴിയുകയുള്ളൂ. പരസ്പരം മത്സരിക്കുന്ന സാമ്പത്തികമണ്ഡലങ്ങൾക്കു് ഉല്പാദനവിഷയത്തിൽ മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും നല്കി നമ്മുടെ ഭരണഘടനയിലൂടെ ജനങ്ങൾക്കു നല്കിയിരിക്കുന്ന വാഗ്ദാനങ്ങൾ സാക്ഷാത്കരിക്കണം. ഇതിന്റെ അടിസ്ഥാനത്തിലാണു് 'ക്ഷേമരാഷ്ട്ര'മെന്ന നമ്മുടെ ആശയം യാഥാർത്ഥ്യമായിത്തീരുന്നതു്.

### സാമ്പത്തികരംഗത്തു് സർവ്വസ്പർശിയായ പരിഷ്കാരങ്ങൾ ഉണ്ടാവണം

സോഷ്യലിസ്റ്റ് ലക്ഷ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള രാഷ്ട്രനിർമ്മാണപരിപാടികൾ, ത്വരിതമായി നടപ്പിലാക്കണമെങ്കിൽ, സമ്പത്തിന്റെ നിയന്ത്രണം ചുരുക്കം ചിലരുടെ കൈകളിൽ കേന്ദ്രീകരിക്കുന്നതിനെ തടയണം. ഭരണഘടനയിൽ

സ്വത്തിനെ സംബന്ധിച്ചു പറയുന്ന അടിസ്ഥാനാവകാശം — ഏതാനുംപേർക്കുമാത്രം ലഭ്യമാകുന്ന അവകാശം — മേൽക്കൂരപോലും ഇല്ലാതെ കഴിയുന്ന ബഹുസഹസ്രങ്ങളുടെ നിത്യജീവിതനിർവ്വഹണംപോലും തടസ്സമാക്കുന്ന തരത്തിലാണെങ്കിൽ, അതെടുത്തുകളയണം. നാട്ടുവാഴിത്തച്ചൂഷണത്തിന്റെയും, പ്രഭുത്വത്തിന്റെയും ചിഹ്നങ്ങളവസാനിക്കണമെങ്കിൽ രാജാക്കന്മാർക്കു ഇപ്പോഴും നല്കിവരുന്ന പ്രിവിപേഴ്സും മററു പ്രത്യേകാനുകൂല്യങ്ങളും നിറുത്തലാക്കണം.

വൻതോതിലുള്ള ദാരിദ്ര്യവും തൊഴിലില്ലായ്മയുംകൊണ്ട് പൊറുതിമുട്ടുന്ന നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികവികാസത്തെ ത്വരിതപ്പെടുത്തണമെങ്കിൽ, ആദായത്തിന്റേയും സ്വത്തിന്റേയും പുനർവ്വിതരണംകൂടാതെ കഴിയുകയില്ലല്ലോ. ഒരു കാർഷികരാജ്യമായ ഇന്ത്യയിലെ ബഹുഭൂരിപക്ഷം കൃഷിക്കാരും കൃഷിഭൂമിയുടെ ഉടമസ്ഥരല്ലെന്നുള്ളതാണ് ഏററവും പരിതാപകരമായ അവസ്ഥ. രാജ്യത്തിന്റെ സാമ്പത്തികപിന്നോക്കാവസ്ഥയുടെ പ്രധാനകാരണങ്ങളിൽ ഒന്നാണിത്. ഇതിനൊരറുതിവരുത്തി കൃഷിഭൂമി കർഷകനു കിട്ടത്തക്ക രീതിയിൽ ഭൂപരിഷ്കരണനടപടികൾ ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു. മിച്ചഭൂമികൾ ഇടത്തട്ടുകാർ കൈമാററം ചെയ്യുന്ന ഇന്നത്തെ സമ്പ്രദായം അവസാനിപ്പിച്ച്, ഭൂമിയില്ലാത്ത കൃഷിത്തൊഴിലാളികൾക്കോ അവരുടെ സഹകരണസംഘങ്ങൾക്കോ നല്കേണ്ടതാണ്. നികുതി സംബന്ധമായ നിയമങ്ങൾ സമ്പാദ്യോത്സുകതയെ ഹനിക്കാത്തതും, അതേസമയം കുത്തകകളേയും സമ്പത്കേന്ദ്രീകരണത്തേയും തടയുന്നതുമായിരിക്കണം.

സമ്മിശ്രസമ്പദ്‌വ്യവസ്ഥ അംഗീകരിച്ചിരിക്കുന്നിടത്തോളംകാലം പൊതുമേഖല, സ്വകാര്യമേഖല, പൊതു–സ്വകാര്യമേഖല എന്നിങ്ങനെ മൂന്നു മണ്ഡലങ്ങൾ സാമ്പത്തികരംഗത്ത് നിലനില്ക്കും. അടിയന്തിരമായോ, ക്രമേണയോ ഉള്ള ദേശസാല്ക്കരണത്തിലൂടെ മാത്രമേ, സോഷ്യലിസ്റ്റ് ലക്ഷ്യത്തിലേക്കു നീങ്ങാൻ കഴിയുകയുള്ളു എന്നതു രാഷ്ട്രമീമാംസയുടെ ഒരു തത്വമെന്നുള്ളതിനുപരിയായി ഉല്പാദനോപാധികൾ കൂടുതൽ ഫലപ്രദമായും, ആസൂത്രിതമായും കൈകാര്യംചെയ്യുന്നതിനു യോജിച്ച ഒരു പരിപാടി എന്നുള്ള അടിസ്ഥാനത്തിൽ നോക്കിക്കാണേണ്ടിയിരിക്കുന്നു. കാരണം, കൂടുതൽ വിപുലവും വ്യാപകവുമായ പൊതുനന്മയ്ക്കുവേണ്ടി സ്ഥാപനങ്ങളുടെ ഉടമാവകാശവും നടത്തിപ്പും സ്റ്റേററിനെ ഏല്പിക്കുക, അല്ലെങ്കിൽ ഏറെറടുക്കുക എന്നുള്ളതാണ് ദേശസാല്ക്കരണംകൊണ്ട് ഉദ്ദേശിക്കുന്നത് എന്നതുതന്നെ.

### ബാങ്കുദേശസാല്ക്കരണം — ഒരു കാൽവയ്പ്

നമ്മുടെ ബാങ്കുകളിൽ സ്വരൂപിക്കുന്ന നിക്ഷേപം (മൂലധനം) അധികവും സാധാരണക്കാരിൽ നിന്നുതന്നെയാണ്. 1967 മാർച്ച് 31–ാംനു– ഇന്ത്യയിലെ ബാങ്കുകളിൽ ആകെയുണ്ടായിരുന്ന നിക്ഷേപം 3504.09 കോടി രൂപയായിരുന്നു. ഇതിൽ 2012.7 കോടി രൂപാ അഥവാ 56.8% വ്യക്തികളായ നിക്ഷേപകരുടെ പണമായിരുന്നു. വ്യവസായവ്യാപാരസ്ഥാപനങ്ങളുടെ വകയായി 894.6 കോടി രൂപാ അഥവാ 25.3% ആയിരുന്നു. ഗവമ്മേൻറും മററ് ഔദ്യോഗികസംഘടനകളും, മുകളിൽ പറഞ്ഞ വിഭാഗങ്ങളിൽ പെടാത്ത മററു വിഭാഗങ്ങളും ചേർന്ന് നിക്ഷേപിച്ചിരുന്നത് 633.6 കോടി രൂപാ 17.9% ആയിരുന്നു.

ബാങ്കുകളുടെ നിയന്ത്രണം സ്വകാര്യവ്യക്തികളുടെ കൈകളിലായിരുന്നാൽ, തങ്ങൾക്കു താല്പര്യമുള്ള വ്യവസായങ്ങളിലേക്കു വായ്പ തിരിച്ചുവിടുവാൻ കഴിയും. അവർ അങ്ങനെ ചെയ്തിട്ടുമുണ്ട്. 1962–'63 ൽ പ്രൊഫസ്സർ രാജ് കെ. നിഗം രാജ്യത്തിലെ ഇരുപത് പ്രമുഖബാങ്കുകളെപ്പററി നടത്തിയ ഒരു പഠനമനുസരിച്ച് ഇന്ത്യയിലെ 188 ബാങ്കുഡയറക്ടറന്മാർ മററു 1309 കമ്പനികളെ നിയന്ത്രിച്ചുവന്നിരുന്നു. സ്വകാര്യബാങ്കുകളുടെ ഡയറക്ടറന്മാരും അവരുടെ കൂട്ടുകാരും ചിലപ്പോൾ ഊഹക്കച്ചവടത്തിനും, അവശ്യവസ്തുക്കൾ വിലയ്ക്കു വാങ്ങി പൂഴ്ത്തിവയ്ക്കുന്നതിനും, ചരക്കുകളുടെ കുത്തകാവകാശം സമ്പാദിക്കുന്നതിനുംവേണ്ടി ബാങ്കുകളുടെ വിഭവങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നു. നമ്മുടെ ദേശീയവരുമാനത്തിന്റെ പകുതിയും കൃഷിയിൽനിന്നാണ് ഉത്ഭവിക്കുന്നതെങ്കിലും കൃഷിയിൽ നിസ്സാരമായ തുകമാത്രമാണ് സ്വകാര്യബാങ്കുകൾ നിക്ഷേപിച്ചത്. നമ്മുടെ കൃഷിക്കാർക്ക് ആണ്ടുതോറും 2300 കോടി രൂപാ വായ്പയായി കിട്ടണമെന്നു കണക്കാക്കപ്പെ

ടുന്നു. ഇതിൽ 400 കോടി രൂപ രാജ്യത്തിലെ സഹകരണബാങ്കുകൾ കിട്ടുമാറാക്കി. വെറും 200 കോടി രൂപ മാത്രമാണ് സ്വകാര്യബാങ്കുകൾ നല്കിയത്. സ്വകാര്യബാങ്കുകളുടെ പക്കൽ ആകെയുണ്ടായിരുന്ന വായ്പ നല്കാമായിരുന്ന തുകയുടെ വെറും 5 ശതമാനം മാത്രമാണിത്. ആകെയുള്ളതിന്റെ പകുതിയിലധികംവരുന്ന സ്വകാര്യനിക്ഷേപങ്ങൾ, നാട്ടിൻപുറങ്ങളുടെ ആവശ്യങ്ങളെ അവഗണിച്ചുകൊണ്ട് നഗരങ്ങളിൽ സ്ഥിതിചെയ്യുന്ന വ്യവസായങ്ങൾക്കാണ് . സ്വകാര്യബാങ്കുകൾ നല്കിയത്.

വായ്പ ആവശ്യമുള്ള ജനങ്ങൾക്കു വായ്പകൊടുക്കുവാൻ ബാങ്കുകൾക്കു കഴിവുണ്ടാകുന്നത്, സമുദായത്തിന്റെ പൊതുവേയുള്ള സമ്പാദ്യങ്ങളാകയാൽ, സമുദായത്തിലെ എല്ലാ വിഭാഗങ്ങൾക്കും തുല്യമായ തോതിൽ ഈ വായ്പ കിട്ടേണ്ടതാണ്. ഇതിന് ബാങ്കുദേശസാല്ക്കരണം അനിവാര്യമായിത്തീർന്നു. കൂടുതൽ വിദഗ്ധവും വിശദവുമായ പരിശോധനകൾക്കുശേഷം ദേശസാല്ക്കരിക്കപ്പെട്ട ബാങ്കുകളുടെ നടത്തിപ്പ് കൂടുതൽ ശാസ്ത്രീയമാക്കുവാനും പ്രയോജനപ്രദമാക്കുവാനും കഴിയുമെങ്കിൽ, സോഷ്യലിസ്റ്റ് ലക്ഷ്യത്തിലേക്കുള്ള ഒരു കാൽവയ്പിന്റെ മഹത്തായ വിജയമായി അതിനെ ചരിത്രം രേഖപ്പെടുത്തും.

ദാരിദ്ര്യം, തൊഴിലില്ലായ്മ എന്നിവയുടെ വിഷപ്പല്ലുകൾ പറിക്കുന്നതിനോടൊപ്പംതന്നെ സമ്പദ്ഘടന കാലഘട്ടത്തിന്റെ ആവശ്യത്തിനനുസൃതമായി സംവിധാനംചെയ്യാൻ കഴിഞ്ഞാൽ, ക്ഷേമരാഷ്ട്രമെന്ന നമ്മുടെ ആദർശം ഒരു യാഥാർത്ഥ്യമായിത്തീരും.

# സ്പേയ്സ് ടാവൽ

സി. ബി. വി. മുഹമ്മദ് ആലി, I P. D. C.

അനന്തവിശാലമായ ആകാശത്തിൽ പറവകൾ അവരുടെ ജീവിതം കഴിച്ചുകൂട്ടുന്നതിനുവേണ്ടി അങ്ങുമിങ്ങും ഓടിനടക്കുന്ന കാഴ്ച അത്ഭുതകരമാണു്. അവ ആടിയും പാടിയും അവയുടെ ആഹ്ലാദത്തിമർപ്പ് പ്രകടിപ്പിക്കുന്നു. വളരെ കൊല്ലങ്ങൾക്കുമുമ്പ് മനുഷ്യൻ ചിന്തിച്ചു, എന്തുകൊണ്ടു മനുഷ്യനു് വായുവിൽ പറവകൾ പറക്കുന്നതുപോലെ പറന്നുകൂടാ? മനുഷ്യനു് ഇന്നലെവരെ ഇല്ലായിരുന്ന സുഖങ്ങൾ എങ്ങിനെ കൈവന്നു? കാലത്തിന്റെ ഭയങ്കരമായ ഒഴുക്കിൽപ്പെട്ടപ്പോൾ ആ ഒഴുക്കിന്നെതിരെ നീന്തിയവനാണു്. അവൻ ചരിത്രത്തിന്റെ സൃഷ്ടിയല്ല. ചരിത്രം സൃഷ്ടിച്ചവനാണു്. സൂര്യനും, ചന്ദ്രനും, ആകാശവും, ഭൂമിയും, കരയും കടലുമെല്ലാം അവനുവേണ്ടിയാണു് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു്. കാലചക്രം കറങ്ങിക്കൊണ്ടിരിക്കുമ്പോഴും അതിന്റെ വെല്ലുവിളികളെ സധീരം നേരിട്ടവനാണു്. ഊണും ഉറക്കവും ഒഴിച്ചുകൊണ്ടു് അശ്രാന്തപരിശ്രമത്തിന്റെ ഫലമായാണു് അവനു് ചിന്തിക്കാൻപോലും കഴിയാത്ത നേട്ടങ്ങൾ കൈവന്നിട്ടുള്ളതു്. ഇങ്ങിനെയുള്ള മനുഷ്യനു് എന്തുകൊണ്ടു് വായുവിൽ പറന്നുകൂട?

അന്നു്, ബഹിരാകാശസഞ്ചാരം ഒരു ദിവാസ്വപ്നമായിരുന്ന കാലത്തു്, 1931ൽ ആ ബലൂൺ അവരെയും വഹിച്ചു മേല്പോട്ടു് ആകാശത്തിന്റെ അനന്തതയിലേക്കു്, അന്നാദ്യമായി ഉയർന്നു. മനുഷ്യലോകത്തു് ഇദംപ്രഥമമായി രണ്ടുപേർ ഉയർന്നുവെന്ന വാർത്തയുമായാണു് പ്രഭാതസൂര്യൻ അതിന്റെ മറ നീക്കി, പുഞ്ചിരിതൂകിക്കൊണ്ടു് അന്നു് ഉദിച്ചുയർന്നതു്. അങ്ങിനെ ലോകചരിത്രത്തിലെ ആദ്യത്തെ ബഹിരാകാശസഞ്ചാരികൾ എന്ന ബഹുമതി പ്രൊഫസ്സർ പിക്കാർഡും കൂട്ടുകാരനായ മി. പോൾ കിപ്ഢറും തട്ടിയെടുത്തു.

1931 മേയ് 26-ാംനു- അർദ്ധരാത്രി അവർ, തങ്ങളുടെ ബലൂണിൽ കാററു നിറച്ചു. 27-ാംനു- പ്രഭാതം 3-30നു് അവർ തങ്ങളുടെ ബലൂണിനോടു ഘടിപ്പിച്ചിട്ടുള്ള അലൂമിനിയഗോളത്തിൽ കയറിയിരുന്നപ്പോൾ ബലൂൺ അവരെയും വഹിച്ചു് പ്രശാന്തസുന്ദരമായ, മനോഹരമായ ആകാശത്തെ ചുംബിക്കാനെന്നവണ്ണം മേല്പോട്ടുയർന്നു. തങ്ങൾക്കാവശ്യമായ ഓക്സിജനും വെള്ളവും മററും അവർ കരുതിയിരുന്നു. അങ്ങിനെ മനോഹരമായ ആകാശവും ചന്ദ്രരശ്മികളാൽ പ്രതിബിംബിക്കപ്പെട്ട ഭൂമിദേവിയുടെ സൗന്ദര്യത്തെ ആസ്വദിച്ചുകൊണ്ടും അവക്കിന്നേവരെ കാണാൻ കഴിയാത്ത പ്രഭാകരന്റെ ഉയർത്തെഴുന്നേൽപ്പ് കണ്ടും പർവ്വതങ്ങളെയും, സമുദ്രങ്ങളെയും തന്റേടമുള്ള ഒരു ജീവിയെപ്പോലെ തരണംചെയ്തുകൊണ്ടിരുന്ന ബലൂണിൽ അവർ വെയിലിൽ വെള്ളിനക്ഷത്രത്തെപ്പോലെ മിന്നിത്തിളങ്ങിയിരുന്ന ആ ബലൂണിൽ കഴിച്ചുകൂട്ടി. ഏകദേശം 15 കിലോമീററർവരെ പോയ അവർ വീണ്ടും ഭൂമിയുടെ മാറിടത്തിൽ വന്നിറങ്ങി.

മനുഷ്യന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും നീണ്ട ഒരു ശൃംഖലയാണു്, അററമില്ലാത്തതാണു്. അതുകൊണ്ടും അവർ വീണ്ടും തന്റെ പരീക്ഷണം, കാലത്തിന്റെ തേച്ചുമായ്ക്കലിന്നടിമപ്പെടാതെ, നിർബാധവും എന്നാൽ ജിജ്ഞാസ

യോടുകൂടിയും തുടർന്നുകൊണ്ടേയിരുന്നു. അവന്നു് ആകാശത്തിന്റെ ശൂന്യതയിലേക്കു് പോകാൻ റോക്കററുകൾ ആവശ്യമായിവന്നു. അങ്ങിനെ കുറെ കൊല്ലങ്ങളുടെ അശ്രാന്തപരിശ്രമഫലമായി 1949-ൽ ഒരു ചെറിയ അമേരിക്കൻ റോക്കററും ഒരു വലിയ ജർമ്മൻ റോക്കററും പരസ്പരം ബന്ധിച്ചു് മേല്പോട്ടു വിട്ടു. ആദ്യം ജർമ്മൻ റോക്കററായിരുന്നു പ്രവർത്തിച്ചതു്. ഒരു മിനുട്ടിൽ 10 മൈൽ എന്ന തോതിൽ 20 മൈൽ ദൂരത്തെത്തിയശേഷമാണു് ചെറിയ റോക്കററു് പ്രവർത്തനമാരംഭിച്ചതു്. 250 മൈൽ ദൂരത്തെത്തിയപ്പോൾ അതു താഴെ വീണു.

1957 ഒക്ടോബർ 4-ാംനു- സ്പുട്നിക്ക് I വഴി 585 മൈൽ ദൂരത്തുവെച്ചു് ഭൂമിയെ 95 മിനിട്ടുകൊണ്ടു് 15 തവണ വലയം വെക്കാൻ കഴിഞ്ഞതോടുകൂടി ബഹിരാകാശചരിത്രത്തിൽ ഒരു നാഴികക്കല്ലുകൂടി കയററിവെക്കാൻ സാധിച്ചു. 23 അംഗുലം വ്യാസവും 180 റാത്തൽ ഭാരവുമുള്ള ഒരു കളിപ്പന്തുപോലുള്ള ഒരു റോക്കററായിരുന്നു റഷ്യക്കാർ എയ്തുവിട്ടതു്. 4 മാസം കഴിഞ്ഞപ്പോൾ റഷ്യയുടെ "റൈവൽ" ആയ അമേരിക്ക ഒരു ട്യൂബ്പോലുള്ള റോക്കററു് വിക്ഷേപണം ചെയ്തു. 80 അംഗുലം നീളവും 6 അംഗുലം വ്യാസവുമുണ്ടായിരുന്നു. 31 പൗണ്ടു് ഭാരമുള്ള ഈ റോക്കററു് 1580 മൈൽ ദൂരത്തെത്തി.

ഇതുവരെ വിക്ഷേപിക്കപ്പെട്ട റോക്കററുകളിൽ മനുഷ്യനെയോ ജീവനുള്ള ജീവിയെയോ കയററീട്ടില്ലായിരുന്നു. എന്നാൽ 1959 നവംബർ 3-ാംനു- ജീവനുള്ള ഒരു നായയെ കയററി റഷ്യക്കാർ അവരുടെ കഴിവു് ഒന്നുകൂടി പ്രകടിപ്പിച്ചു. 1961 ഏപ്രിലിൽ മനുഷ്യനെ കയററിയ ഒരു റോക്കററു് റഷ്യ എയ്തുവിട്ടു. യൂറി ഗഗാറിൻ ആയിരുന്നു അതിലെ പൈലററ്. അദ്ദേഹം ഭൂമിയെ ഒരു പ്രാവശ്യം വലയംവെച്ചു. അതേ കൊല്ലം മേയിൽ അമേരിക്ക അവരുടെ മനുഷ്യനെ കയററിയുള്ള ആദ്യത്തെ റോക്കററു് വിക്ഷേപിച്ചു. പൈലററായ അലൻ ഷെപാർഡിന്നു് ഭൂമിയുടെ പകുതി മാത്രമെ വലയംവെക്കാൻ സാധിച്ചുള്ളൂ.

ഇതോടുകൂടിയാണു് മനുഷ്യൻ ചന്ദ്രനെ കീഴടക്കാനുള്ള അഭിലാഷത്തിന്നു് മുളപൊട്ടിയതു്. ബഹിരാകാശചരിത്രത്തിൽ വിജയവും പ്രതാപവും സൃഷ്ടിക്കാൻ മാൽസര്യബുദ്ധിയോടുകൂടിത്തന്നെ അമേരിക്കയും റഷ്യയും അനേകം റോക്കററുകൾ പരീക്ഷണാർത്ഥം എയ്തുവിട്ടു.

ലോകചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം സൃഷ്ടിച്ചുകൊണ്ടാണു് 1968 ഡിസംബർ കടന്നുപോയതു്. ഡിസംബർ 21-ാംനു- ശനിയാഴ്ച വ്യോമസേനാ കേണൽ ഫ്രാങ്കു് ബോർമാൻ നാവികസേനാക്യാപ്റ്റൻ ജെയിംസ് ലോവൽ വ്യോമസേനാ മേജർ വില്യം അൻഡേഴ്സ് എന്നിവരെയും വഹിച്ചു്, ഇതുവരെ മനുഷ്യനെത്തിയിട്ടില്ലാത്ത ചന്ദ്രന്റെ ഭ്രമണപഥത്തിലേക്കു് 543 ജെററു് പോർവിമാനങ്ങളുടെ ശക്തിയും, 2000-ത്തിൽപരം കാറുകളുടെ വലിപ്പവും 36 കെട്ടിടത്തിന്റെ ഉയരവുമുള്ള അമേരിക്കയുടെ അപ്പോളൊ കുതിച്ചുയർന്നപ്പോൾ ലോകജനത ഒന്നടക്കം സന്തോഷിച്ചു. ശാസ്ത്രത്തിന്റെ അത്ഭുതാവഹമായ നേട്ടത്തെ പ്രശംസിച്ചു. ഇതിന്റെ ദൗത്യം ചന്ദ്രനിൽ ഇറങ്ങാൻ പററിയ സ്ഥലവും അവിടത്തെ പാറകളുടെ സ്ഥിതിയെപ്പററിയും നിരീക്ഷണം നടത്തുക എന്നതായിരുന്നു. അവർ ചന്ദ്രന്റെ 60 നോട്ടിക്കൽ മൈൽ അകലെ വെച്ചാണു് 20 മണിക്കൂറിൽ 10 തവണ ചന്ദ്രനെ വലയംവെച്ചതു്. 6 ദിവസത്തിനുശേഷം ഡിസംബർ 27-ാംനു- ഇന്ത്യൻ സമയം രാത്രി 9-21നു് ശാന്തസമുദ്രത്തിൽ വന്നിറങ്ങി. തുടർന്നു് ഒരേ ഉദ്ദേശത്തോടുകൂടി കൂടുതൽ നിരീക്ഷണപരീക്ഷണങ്ങൾ നടത്താൻവേണ്ടി അമേരിക്ക അപ്പോളോ 9-ഉം അപ്പോളോ 10-ഉം വിക്ഷേപിച്ചു.

അവസാനം മനുഷ്യന്റെ ആ ആഗ്രഹവുംകൂടി സഫലീകരിക്കപ്പെട്ടു. 1969 ജൂലായ് 21-ാംനു- നീൽ ആംസ്ട്രോങ്ങും തുടർന്നു് എഡ്വിൻ ആൾഡ്രിനും ചന്ദ്രനിൽ ഇറങ്ങി.

യുഗയുഗങ്ങളായി അപ്രാപ്യമെന്നു് കരുതിയിരുന്ന കവികളുടെ വർണ്ണനകളിലും, കുട്ടികളുടെ "അമ്പിളിഅമ്മാവാ" എന്ന ഗാനത്തിലും മാത്രം ഒതുങ്ങിയിരുന്ന, ആകാശത്തിന്റെ അനന്തതയിൽ, ശൂന്യതയുടെ ഒരു മൂലയിൽ ലക്ഷക്കണക്കിൽ നക്ഷത്രങ്ങളെ വെല്ലുവിളിച്ചുകൊണ്ടു് നമുക്കാവശ്യമായ നീലിമകലർന്ന പ്രകാശം ചൊരിഞ്ഞുകൊണ്ടു്, സൗരയൂഥത്തിലെ അംഗമായ ഭൂ

അമ്പിളിഅമ്മാവനെ ലോകചരിത്രത്തിലാദ്യമായി 1969 ജൂലായി 21-ാംനു- തുരുതുരെ ചുംബിച്ചതിനുശേഷം, മനുഷ്യവിസ്മൃതിയിൽ എന്നും നിലനില്ക്കുന്നവിധം ചന്ദ്രനെ തങ്ങളുടെ പാദത്തിന്നടിയിലാക്കിയ ആംസ്ട്രോങ്ങും, ആൽഡ്രിനും മാതൃവാഹനത്തിന്റെ പൈലററായ മൈക്കൽ കോളിൻസും അവരുടെ ജന്മസ്ഥലമായ ആ ''നല്ല ഭൂമി''യിൽ സുരക്ഷിതമായി വന്നിറങ്ങി. അന്ന് മനുഷ്യചരിത്രത്തിൽ മറക്കാനാവാത്ത ഒരു സംഭവമായിരുന്നുവെങ്കിൽ ശാസ്ത്രത്തിന്ന് അതിന്റെ പുരോഗതിയിലേക്കുള്ള പ്രയാണത്തിൽ ഒരു വഴിത്തിരിവാണ്. ഇതോടുകൂടിയാണ് മനുഷ്യലക്ഷ്യം കുജനിലേക്ക് നീങ്ങിയതു്.

അത്ഭുതകരമായ വേഗതയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രം മനുഷ്യനെ അനുസ്മരിപ്പിച്ചുകൊണ്ട് മുന്നോട്ടു കയറുകയാണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് മനുഷ്യമനസ്സിൽ ഊഹിക്കാൻപോലും കഴിയാത്ത വിസ്മയാവഹമായ നേട്ടമാണ് ശാസ്ത്രം കൈവരിച്ചുകൊണ്ടിരിക്കുന്നതു്.

അമേരിക്ക അവരുടെ കഴിവ് ഒന്നുകൂടി തെളിയിച്ചുകൊണ്ടാണ് നവംബർ കടന്നുപോയതു്. 1969 നംവബർ 14-ാംനു- എയ്തുവിട്ട അപ്പോളോ-12 വീണ്ടും ചന്ദ്രനിൽ ഇറങ്ങി സുരക്ഷിതമായി മടങ്ങിയെത്തി. എന്നിട്ടുകൂടി ഏതോ ഒരു കാലഘട്ടത്തിൽ ജീവിക്കേണ്ട ഒരു വർഗ്ഗം യാഥാസ്ഥിതികന്മാർ ഇന്നും ഈ 20-ാം നൂററാണ്ടിൽ ജീവിക്കുന്നുവെന്നതു് ആധുനികമനുഷ്യന്ന് ഒരപമാനവും, രാഷ്ട്രത്തിന്നൊരു നഷ്ടവും, ഭൂമിക്കൊരു ഭാരവുംകൂടിയാണ്.

# THINK BEFORE YOU ANSWER

Sambhavamani, II B. Sc.

(1) I am a word of five letters. I am a verb in past tense. First four letters make me my present tense. The second, third, and fourth make me a thing which every human being has. The first three and the last is an organ of our body. Now tell me what my name is.?

(2) I am a word of five letters. I am the name of a fruit. First three letters make a noun in masculine gender. Last two letters make a verb. I am found in abundance during summer season. What am I?

(3) I am a word of six letters. The first four letters make a thing which people like in hot season. The first two letters and last three mean an unfortunate woman. I am found in every building. Now can you tell me what my name is?

(4) I am a word of ten letters. I am a large city. The fourth, fifth and sixth mean a vehicle. The second, fifth and sixth make a verb in past tense. The first, third and sixth make a thing which you can see in every house. The last four make a musical instrument. Now please find out my name?

(5) I am a word of six letters. I am a large city in India. First four letters make some thing deadly dreaded by all nations. The third, fifth and the last make the name of a month. The first, second and last make a common noun. Last three make an inlet Now find me out

(6) I am a word of seven letters. I am the name of a country. The third, fourth, fifth and the last taken together means happy. The last three make a conjunction. The last four make the solid part of the earth's surface. The first, second and the last taken together have a finality about them. Then what am I ?

**Answers**

(1) Heard

(2) Mango

(3) Window

(4) Trivandrum

(5) Bombay

(6) England

# ഒരു സിംപോസ്യം

വിഷയം :

## വിദ്യാർത്ഥികൾക്കിടയിലെ അസ്വാസ്ഥ്യ

പങ്കെടുക്കുന്നവർ :

1. **എ. കെ. എ. റഹിമാൻ**, III B. Sc.
2. **ഗോവിന്ദൻകുട്ടി പി. കെ.**, I B. Com.
3. **സി. എച്ച്. വടക്കമ്പാട്ട്**, II P. D. C.
4. **റുക്കിയ**, I B. Com.
5. **പി. വി. ഉസ്മാൻ**, II P. D. C.
6. **കെ. സി. ഹമീദ്**, I B. A.

എ. കെ. എ. റഹിമാൻ, III B. Sc.

വിദ്യാർത്ഥിലോകത്തുള്ള അസ്വസ്ഥതയെപ്പററി നാം നിത്യേന കേൾക്കാറുണ്ടു്. നേതാക്കന്മാർ വാതോരാതെ പ്രസംഗിച്ചുനടക്കാറുണ്ടു്. വിദ്യാഭ്യാസവിചക്ഷണന്മാർ കണക്കററ ലേഖനങ്ങൾ എഴുതിവിടാറുണ്ടു്. പക്ഷെ പ്രശ്നത്തെപ്പററി പഠിക്കുവാൻ ഇപ്പറഞ്ഞകൂട്ടരിൽ ആരെങ്കിലും ആത്മാർത്ഥമായി മിനക്കെട്ടിട്ടുണ്ടോ എന്നുള്ളതു് ഇന്നും ഒരു ചോദ്യചിഹ്നമായിത്തന്നെ അവശേഷിക്കുകയാണു്. അമേരിക്ക, ഫ്രാൻസ് മുതലായ പരിഷ്കൃത നാടുകളിൽ മൃഗങ്ങളെപ്പോലും ലജ്ജിപ്പിക്കുന്ന വിധത്തിലുള്ള ലൈംഗികതേർവാഴ്ചയാണു്, വിദ്യാർത്ഥിവർഗ്ഗം കാട്ടിക്കൂട്ടുന്നതെങ്കിൽ, ഇന്ത്യയെപ്പോലുള്ള ഏഷ്യൻനാടുകളിൽ, ആർപ്പുവിളി, ബസ്സ് കത്തിക്കൽ, തീവണ്ടി മറിച്ചിടൽ മുതലായ പ്രവൃത്തികൾകൊണ്ടും തങ്ങളുടേതായ വ്യാഖ്യാനം നല്കുകയാണു് വിദ്യാർത്ഥിവർഗ്ഗം ചെയ്യുന്നതു്. ഇന്നത്തെ യുവജനവിഭാഗം മുഴുക്കെയും ഈ പകർച്ചവ്യാധിക്കു വശംവദരായിട്ടുണ്ടെങ്കിലും, വിദ്യാർത്ഥിവർഗ്ഗത്തെയാണു് ഈ മഹാവ്യാധി കൂടുതൽ കടന്നാക്രമിച്ചിട്ടുള്ളതെന്നു് ഒററനോട്ടത്തിൽ മനസ്സിലാക്കാം. ഇന്ത്യയെ സംബന്ധിച്ചേടത്തോളം ഇന്നിതൊരു സങ്കീർണ്ണപ്രശ്നമായിത്തീർന്നിരിക്കയാണു്. അതിനുള്ള കാരണങ്ങളും പോംവഴികളും അല്പാല്പമായി ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നു.

## (1) ധാർമ്മികാധഃപതനം

ആധുനികമനുഷ്യന്റെ ധാർമ്മികാധഃപതനമാണു് ഇന്നത്തെ ഈ അരക്ഷിതാവസ്ഥക്കുള്ള ഒരു പ്രധാനഹേതു. ജീവിതത്തിന്റെ എല്ലാ തുറകളിലും ധാർമ്മികാധഃപതനത്തിന്റെ വ്യക്തമായ തെളിവുകൾ കാണാം. മതം മയക്കുമരുന്നാണെന്നോ, മതം മനുഷ്യനിൽ സങ്കുചിതബോധം അങ്കുരിപ്പിക്കുന്നുവെന്നോ പറഞ്ഞു തടിതപ്പാൻനോക്കുന്ന ഒരു പ്രവണത ഇന്നത്തെ മനുഷ്യനിലുണ്ടു്. അത്തരം പ്രവണതകൾ (സങ്കുചിതബോധം വളർത്തൽ മുതലായവ) ആരിലെങ്കിലും കണ്ടുവരുന്നുണ്ടെങ്കിൽ, അതു മതത്തിന്റെ പുറംചട്ടയണിഞ്ഞുകൊണ്ടു്, (മതം എന്തെന്നറിയാതെ) നടക്കുന്ന ഒരുവിഭാഗം ആളുകളിലാണു്. യഥാർത്ഥ മതം, മനുഷ്യനെ സഹിഷ്ണുതാബോധം വളർത്തുവാനും സാഹോദര്യമനോഭാവം കെട്ടിപ്പടുക്കുവാനും മാത്രമേ സഹായിക്കുന്നുള്ളു. ധാർമ്മികബോധം, പൊള്ളയായ ഭൗതികവാഞ്ഛയെതൊട്ടു് മനുഷ്യനെ സുരക്ഷിതനാക്കിയിരിക്കുന്നു.

ബോധമനസ്സും അബോധമനസ്സും തയ്യാറാക്കിക്കൊടുക്കുന്ന പരിപാടികൾക്കു വ്യക്തമായ അന്തിമരൂപം നല്കുന്നതു് അവന്റെ ധാർമ്മികബോധമാണു്. കാലചക്രം ഉരുട്ടിക്കൊണ്ടിരിക്കുന്ന മാലിന്യങ്ങളെതൊട്ടു ബോധവാനാക്കുന്നതും അവന്റെ ധാർമ്മികബോധമാണു്. എന്തിനേറെ, മനുഷ്യന്റെ ആരംഭവും അവസാനവുമില്ലാത്ത എല്ലാ ശാരീരികേച്ഛകൾക്കും കടിഞ്ഞാണിടുന്നതു മതമാണെന്നു പറഞ്ഞാൽ തീർന്നല്ലോ. അത്തരം, അമൂല്യമായ, സംഭാവനകൾ മനുഷ്യന്റെ ദൈനംദിനജീവിതത്തിൽ അർപ്പിച്ചിട്ടുള്ള മതത്തെ ആധുനികമനുഷ്യൻ തള്ളിപ്പറയുകയാണു്. പരിധിക്കപ്പുറം കടക്കണമെങ്കിൽ "സങ്കല്പം" എന്ന ചുക്കാൻകൊണ്ടു മാത്രം തുഴയാൻ സാധിക്കുന്ന "ശാസ്ത്ര"നൗകയിലുള്ള നവീന മനുഷ്യന്റെ യാത്ര അവനെ അവിടെയെത്തിക്കുമെന്നു കണ്ടറിയണം.

അതിനാൽ മിക്ക പ്രശ്നങ്ങളെയും ഉന്മൂലനം ചെയ്യാൻ കരുത്തുള്ള ധാർമ്മികബോധം വിദ്യാർത്ഥികളിൽ നട്ടുവളർത്താൻ സമുദായനേതാക്കളും ഭരണകർത്താക്കളും പരിശ്രമിച്ചേ തീരൂ. ധാർമ്മികമൂല്യങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള പാഠങ്ങൾ പാഠ്യ

പദ്ധതിയിൽ അംഗീകരിക്കേണ്ടതുമുണ്ട്. ഈ ലക്ഷ്യത്തെ സാക്ഷാൽകരിക്കുവാൻ പര്യാപ്തമായ വിധത്തിലുള്ള പ്രഭാഷണങ്ങൾ തുടങ്ങിയ എ. ഐ. ആറിലൂടെ പ്രക്ഷേപണം ചെയ്യുകയും വേണം.

### (2) രാഷ്ട്രീയക്കാരുടെ നുഴഞ്ഞുകയററം

ഇന്നത്തെ മിക്ക അസ്വസ്ഥതകൾക്കുമുള്ള കാരണം രാഷ്ട്രീയപാർട്ടികളുടെ ഇടപെടലാണ്. വിദ്യാർത്ഥികളുടെ ഉന്നമനത്തിനുവേണ്ടി നിലകൊള്ളുന്ന സംഘടനകളെല്ലാംതന്നെ രാഷ്ട്രീയക്കാരുടെ "evening park" ആയി തീർന്നിരിക്കയാണ്. തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കു വിദ്യാർത്ഥികളെ തെരുവിലിറക്കുന്ന ഒരു ദുർവ്വാസന എല്ലാ രാഷ്ട്രീയ പാർട്ടികളിലും കണ്ടുവരുന്നുണ്ട്. അധികാരത്തിലിരിക്കുന്ന ഗവൺമെണ്ടിനെ പുറംതള്ളാൻ വിദ്യാർത്ഥികളെ കരുക്കളാക്കുന്ന ഹീനനടപടി നാം പൊറുപ്പിച്ചുകൂടാ. വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽനിന്ന് അകന്നുനില്ക്കണമെന്നു നീണ്ട മൈതാനപ്രസംഗം നടത്തുകയും, സന്ദർഭം കിട്ടിയാൽ അവരെ തങ്ങളുടെ കൂലിപ്പട്ടാളമായി ഉപയോഗിക്കുകയും ചെയ്യുന്നതു ഒരു വിരോധാഭാസമായി തീർന്നിരിക്കുന്നു.

വിദ്യാർത്ഥികൾക്കു തങ്ങളുടെ പൊതു ആവശ്യങ്ങൾ നേടിയെടുക്കുവാൻ ഒരു സംഘടന കൂടിയേ കഴിയൂ. പക്ഷെ ആ സംഘടന രാഷ്ട്രീയ പാർട്ടികളുടെ വാലിന്മേൽ കൊണ്ടുപോയി ഘടിപ്പിക്കരുത്. രാഷ്ട്രീയക്കാരെ നേതൃസ്ഥാനങ്ങളിലും ഇരുത്തരുത്.

ഒരു രാഷ്ട്രീയപാർട്ടി അധികാരത്തിലേറുമ്പോൾ ആ പാർട്ടികൾക്കു കീഴിലുള്ള സംഘടനാപ്രവർത്തകരായ വിദ്യാർത്ഥികൾക്കു ജോലി നല്കുക എന്ന ഹീനമായ പ്രവൃത്തിയും രാഷ്ട്രീയക്കാർ ഒഴിവാക്കേണ്ടതുണ്ട്. അത്തരം ദുർനടപടികൾമൂലം വിദ്യാർത്ഥികളിൽ സുരക്ഷിതബോധം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്.

വിദ്യാർത്ഥികളെ രാഷ്ട്രീയത്തിലിറക്കുന്നതിൽ നേതൃത്വം നല്കിയവർ നമ്മുടെ സ്വാതന്ത്ര്യസമര നേതാക്കളായിരുന്നു എന്ന യാഥാർത്ഥ്യം നമുക്കു മറച്ചുവെക്കാൻ സാദ്ധ്യമല്ല. നമുക്കു സ്വാതന്ത്ര്യം ലഭിക്കേണ്ടിയിരുന്നു. പക്ഷെ അതിനുവേണ്ടി വിദ്യാർത്ഥികളെ തെരുവിലിറക്കേണ്ടിയിരുന്നില്ല. ഭാവിയുടെ വാഗ്ദാനങ്ങളെ മുളയിൽതന്നെ നുള്ളുകയാണ് നമ്മുടെ സ്വാതന്ത്ര്യസമരനേതാക്കൾ ചെയ്തത്. ആ മഹാപാപത്തിൽനിന്നും ഒഴിഞ്ഞുമാറാൻ അവർക്കു സാദ്ധ്യമല്ല.

വിദ്യാർത്ഥികൾ ഇന്നൊരു തീരുമാനമെടുക്കേണ്ടതുണ്ട്. രാഷ്ട്രീയക്കാരെ തങ്ങളിൽനിന്നും ഒററപ്പെടുത്തുക എന്നുള്ളതുതന്നെ. തങ്ങളുടെ ആവശ്യങ്ങൾക്കു രാഷ്ട്രീയക്കാരുടെ അനുഗ്രഹാശിസ്സുകളൊന്നും ആവശ്യമില്ല എന്നു വിദ്യാർത്ഥികൾ രാഷ്ട്രീയക്കാരെ മനസ്സിലാക്കികൊടുക്കേണ്ട കാലഘട്ടം വൈകിയിരിക്കുന്നു. കൂടാതെ വിദ്യാർത്ഥികൾക്കു തങ്ങളുടെ "സ്വന്തം" ആവശ്യങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുവാൻ ഒരു 'സ്വതന്ത്ര' സംഘടന കെട്ടിപ്പടുക്കണം. 'സ്വതന്ത്ര' എന്ന മൂന്നക്ഷരം സംഘടനയുടെ പേരിൽ ഉള്ളതുകൊണ്ടു കാര്യമില്ല. അതും പ്രവൃത്തിയിൽ തെളിയിച്ചുകൊടുക്കുകയാണ് വേണ്ടത്. അതായിരിക്കട്ടെ നമ്മുടെ അടുത്ത സംരംഭം. അതിനുവേണ്ടിയായിരിക്കട്ടെ നമ്മുടെ അടുത്ത സമരം !

### (3) വിദ്യാഭ്യാസഘടനകളിലെ ന്യൂനതകൾ

വിദ്യാഭ്യാസ ചട്ടങ്ങളിലുള്ള അപാകതയും നമ്മുടെ അസ്വസ്ഥതയെ ഒട്ടധികം പ്രോത്സാഹിപ്പിക്കുന്നുണ്ട്. സ്വാതന്ത്ര്യം നേടിയിട്ട് വർഷങ്ങൾ ഇരുപത്തിരണ്ടു കഴിഞ്ഞിട്ടുണ്ടെങ്കിലും നാമിന്നും പഴയ ബ്രിട്ടീഷ്സമ്പ്രദായത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. കാലത്തിനനുസരിച്ചുള്ള പരിഷ്കാരങ്ങൾ വിദ്യാഭ്യാസത്തിലും നടപ്പിലാക്കണം. ബോധനമാദ്ധ്യമം ഇനിയും പ്രാദേശികഭാഷയാക്കിയിട്ടില്ലെങ്കിൽ അതൊരു വലിയ പരാജയം തന്നെയാണ്. ഒരു പൊതുസമീപനം വിദ്യാഭ്യാസവിഷയത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. മിക്ക സംസ്ഥാനങ്ങളിലും സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ കാലാവധി വ്യത്യസ്തമാണ്. സെക്കണ്ടറിവിദ്യാഭ്യാസം ഇന്ത്യയിലുടനീളം ഒന്നു ഏകീകരിക്കേണ്ടതുണ്ട്. ചിലയിടങ്ങളിൽ പന്ത്രണ്ടു വർഷവും മററു ചിലയിടങ്ങളിൽ പതിനൊന്നു വർഷവും മൂന്നാമതൊരിടത്തു പത്തുവർഷവും ആയി നിലകൊള്ളുന്നതു ഒരുതരം അപാകതതന്നെയാണ്. അതിനാൽ യൂനിയൻ ഗവൺമെന്റ് ചെയ്യേ

ണ്ടതു് സെക്കണ്ടറി വിദ്യാഭ്യാസം അടിയന്തിരമായും ഒന്നു ഏകീകരിക്കുകയെന്നുള്ളതാണു്. സെക്കണ്ടറി വിദ്യാഭ്യാസം പത്തു വർഷമായും ഹയർ സെക്കണ്ടറി പന്ത്രണ്ടു വർഷമായും നിലനിർത്തിക്കൊണ്ടു്. ഈ അസന്തുലിതാവസ്ഥക്കു ഒരു പൂർണ്ണവിരാമം ഇടുവാൻ സാധിക്കും.

ഇങ്ങനെ വരുമ്പോൾ, പത്തു വർഷത്തെ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ അവസാനവർഷത്തിൽ നടത്തുന്ന പൊതുപരീക്ഷക്കുശേഷം വിദ്യാർത്ഥികൾക്കു ഐച്ഛികവിഷയങ്ങളെടുത്തു ഹയർ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം. എന്നാൽ ഇന്നുള്ള പ്രീഡിഗ്രി, പ്രിയൂനിവേർസിററി മുതലായ ''തെയ്യാറെടുപ്പ്'' കോഴ്സുകൾ നിർത്തൽചെയ്യാം. കൂടാതെ ഹയർ സെക്കണ്ടറിക്കുള്ള ഐച്ഛികവിഷയങ്ങളിൽ ഒന്നു ''പെഡഗോഗി'' ആക്കുകയും ചെയ്താൽ, അവരിൽനിന്നുതന്നെ പ്രൈമറി അദ്ധ്യാപകരെ വാർത്തെടുക്കുകയും, ട്രെയിനിങ്ങ് സ്കൂളുകൾ നിർത്തൽചെയ്യുകയും ചെയ്യാം. ജോലിക്കുവേണ്ടിയുള്ള മിനിമം ക്വാളിഫിക്കേഷൻ ഹയർ സെക്കണ്ടറി ആക്കുകയും വേണം.

തന്മൂലം കോളേജുകളിലേക്കുള്ള ഇരമ്പിക്കയററം നില്ക്കും. കോളേജുകൾ ഗണ്യമായി വർദ്ധിപ്പിക്കുന്നതു ഒരിക്കലും ആശാസ്യമല്ല. കോളേജുകൾ വർദ്ധിപ്പിക്കുന്നതിനു പകരമായി നിലവിലുള്ള കോളേജുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയാണു് വേണ്ടതു്. ഇന്നുള്ള മിക്ക കോളേജുകളിലും പഠനസൗകര്യങ്ങൾ വേണ്ടത്രയില്ല. ഈ വിഷയത്തിൽ ഗവർമ്മെണ്ടുകോളേജുകളാണു് പൊതുവെ, വളരെ പിന്നോക്കം നില്ക്കുന്നതു്. ഈ ചുററുപാടു കഴിയുംവേഗത്തിൽ ഇല്ലായ്മ ചെയ്യണം.

പ്രതീക്ഷിതനിലവാരം പുലർത്താത്ത പ്രൈവററു് കോളേജുകളുടെ അംഗീകാരം ഒരു നിശ്ചിതസമയത്തിനുള്ളിൽ പിൻവലിക്കാനുള്ള അധികാരം സർവ്വകലാശാലക്കു് ആയിരിക്കണം.

സർവ്വകലാശാല ഒരു സ്വതന്ത്രസ്ഥാപനമായി വർത്തിക്കണമെന്നതു പൂർണ്ണമായി അംഗീകരിച്ചുകൊടുക്കുവാൻ സാദ്ധ്യമല്ല. സർവ്വകലാശാല ഗവർമ്മെണ്ടിനുകീഴിലായാൽ രാഷ്ട്രീയക്കാരുടെ തള്ളിക്കയററമുണ്ടാകുമെന്നതു് ഒരു അർദ്ധസത്യമാണു്. എങ്കിലും വളരെ നല്ലനിലക്കു മുന്നോട്ടു നീങ്ങുമെങ്കിൽ സർവ്വകലാശാല ഗവർമ്മെണ്ടിനുകീഴിലാക്കുകയാണു് നല്ലതു്. കലാശാല ഗവർമ്മെണ്ടിനുകീഴിലായാൽ മാത്രമേ—സാമ്പത്തികമായി പുരോഗമനം കലാശാലക്കുണ്ടാവുകയുള്ളൂ.

### അദ്ധ്യാപകരുടെ പരിശീലനക്കുറവു്

ഇനി അല്പം എഴുതുവാനുള്ളതു് കോളേജു് അദ്ധ്യാപകരെ സംബന്ധിച്ചാണു്. ഇന്നത്തെ കോളേജു് അദ്ധ്യാപകർക്കു ''ടീച്ചിങ്ങ് പ്രാക്ടീസ്'' ലഭിക്കാത്തതിനാൽ, വിദ്യാർത്ഥികളെ എങ്ങനെ നേരിടണമെന്നതിനെ സംബന്ധിച്ചു യാതൊരു മുൻപരിചയവുമില്ല. ഒരു പോസ്റ്റ് ഗ്രാജേററു് ഡിഗ്രികൊണ്ടു് എല്ലാം ആയി എന്നു വിചാരിക്കുന്നതു കേവലം മൗഢ്യമായിരിക്കും. തന്നിമിത്തം ഡിഗ്രി സമ്പാദിച്ചതിനുശേഷം അദ്ധ്യാപകരാവാൻ ശ്രമിക്കുന്ന ആർക്കും ചുരുങ്ങിയതു ആറുമാസത്തെ പരിശീലനമെങ്കിലും നല്കേണ്ടതാണു്. എങ്കിലേ മനശ്ശാസ്ത്രമനുസരിച്ചു വിദ്യാർത്ഥികളെ നേരിടാനുള്ള മനക്കരുത്തു് അദ്ധ്യാപകർക്കുണ്ടാകുകയുള്ളൂ.

ഗോവിന്ദൻകുട്ടി പി. കെ., I B. Com.

യുവതലമുറയിലെ അസ്വാസ്ഥ്യങ്ങൾ ഇന്ന് എല്ലാവർക്കും ഒരു മുഖ്യസംസാരവിഷയമായിട്ടുണ്ട്. എന്നത്തെയുംപോലെ എല്ലാ വിഭാഗത്തിലുമുള്ള യുവാക്കളും മുതിർന്നവരുടെ കണ്ണിൽ ഒരു വിധത്തിൽ പറഞ്ഞാൽ വിപ്ലവമനോഭാവികളാണ്. വിദ്യാർത്ഥികൾ, ഉദ്യോഗാർത്ഥികൾ, തൊഴിലാളികൾ തുടങ്ങിയവരടങ്ങുന്ന യുവതലമുറയിലെ അസ്വാസ്ഥ്യങ്ങളുടെ കാരണമെന്തെന്നറിഞ്ഞാലല്ലെ നമുക്കതിനു പരിഹാരംകാണാനൊക്കൂ.

മിക്കവാറും മുതിർന്നവരുടെയെല്ലാം അപ്രീതി നേടുന്ന ഒരു വിഭാഗമായിത്തീർന്നിരിക്കുന്നു ഇന്നത്തെ യുവാക്കൾ. അവരിലുള്ള അസ്വാസ്ഥ്യം അവർ പഠിച്ച സ്ഥാപനത്തിന്റെയും വളർന്ന ചുററുപാടുകളുടെയും കുററമാണെന്നു കണ്ണുമടച്ചു വിശ്വസിച്ചു സമാധാനിക്കുകയാണ് മിക്കവരും ചെയ്യുന്നത്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തേയും കലാശാലകളെയുമാണവർ മുഖ്യമായും പഴിചാരുന്നത്. കലാശാലകളിലെ വിദ്യാർത്ഥികളെ അവർ സംശയദൃഷ്ടിയോടെയാണ് നോക്കുന്നതുകൂടി.

യുവാക്കൾ പൊതുവെയും കലാശാലാവിദ്യാർത്ഥികൾ തികച്ചും ആദർശചിത്തരാവേണ്ടതാണ്. പക്ഷെ ഇന്ന് ആദർശചിത്തരായ മുതിർന്നവരെ അവർക്കു മുന്നിൽ കാണുന്നില്ല. പൊതുവെ വിദ്യാർത്ഥികളുടെ നിഴലുകൾ മാത്രമേ കാണപ്പെടുന്നുള്ളൂ. ഉണ്ടെങ്കിൽത്തന്നെ അവരിലെ നല്ല വശങ്ങളെ സംസ്കരിച്ചെടുക്കാൻ അവർ മിനക്കെടുന്നില്ല എന്നത് ഒരു പൂർണ്ണസത്യമാണ്. വിദ്യാർത്ഥികൾ എന്തുകൊണ്ടാണ് അസ്വാസ്ഥ്യങ്ങൾക്കെല്ലാം മുതിരുന്നതെന്നു വിമർശകർ നോക്കുന്നേയില്ല. വിദ്യാഭ്യാസമേന്മയുടെ അടിസ്ഥാനത്തിൽ, മറെറാരുവിധത്തിൽ പറഞ്ഞാൽ കഴിവിന്റെ അടിസ്ഥാനത്തിൽ തങ്ങൾക്കു തങ്ങളിഷ്ടപ്പെടുന്ന മേഖലയിൽ ഭാവിയിൽ വിജയം കൈവരിക്കാമെന്ന കരുതൽ ഭോഷത്വമാണെന്നു മുതിർന്നവരുടെ അനുഭവം വെച്ചുകൊണ്ട്, അഥവാ അവർ കാണിച്ചുതന്നതു കണ്ടിട്ടു ഇന്നത്തെ യുവതലമുറ മനസ്സിലാക്കിയിട്ടുണ്ട്. അങ്ങിനെയുള്ള ചിന്താഗതിയുടെ ഫലമായി ഉണ്ടാകുന്ന ഒന്നാണ്, എങ്ങിനെയെങ്കിലും ഈ സുവർണ്ണകാലഘട്ടം ആസ്വദിക്കാനുള്ളതാണ് എന്ന അവന്റെ ചിന്താഗതി.

വിദ്യാർത്ഥികൾ പഴയതും അപരിഷ്കൃതവുമായ ലോകത്തിലല്ല ജീവിക്കാനിഷ്ടപ്പെടുന്നത്. എന്തിലും ഒരു മാററം അവരാഗ്രഹിക്കുന്നു. വർഷങ്ങളായി അല്പംപോലും മാററംവരാത്ത വിദ്യാഭ്യാസരീതി പിൻതുടരാനവരാഗ്രഹിക്കുന്നില്ല. അതിനാൽ അവന്റെ മുന്നിൽ പൂർത്തീകരിക്കാനായി പലആഗ്രഹങ്ങളും ഉടലെടുക്കുന്നു. ആ അവകാശങ്ങളെല്ലാം, ന്യായമായവ ആണെങ്കിലും അല്ലെങ്കിലും, സമാധാനത്തിലൂടെ നേടാൻ പററാതെവരുമ്പോൾ അവൻ വിപ്ലവാത്മകമായ ചിന്താഗതിയിലേക്കു നയിക്കപ്പെടുന്നു. അല്പം അറിയപ്പെടാനുള്ള ആഗ്രഹവും രാഷ്ട്രീയപ്പാർട്ടികളുടെ കൈകടത്തലും അവന്റെ ചിന്താഗതിക്ക് ഉത്തേജനം നല്കുന്നു. രാഷ്ട്രീയപ്പാർട്ടികൾ ഇന്നു പൊതുവെ അവരുടെ മിക്ക ആവശ്യങ്ങളും നേടിയെടുക്കുന്നതു വിദ്യാർത്ഥികളെ മുന്നിൽനിരത്തിയിട്ടാണ്. അവനു സേവനങ്ങളും വാഗ്ദാനങ്ങളും നല്കി തങ്ങളുടെ പാട്ടിലാക്കുന്നതിൽ ഇന്നവരെല്ലാം ബുദ്ധിമുട്ടുന്നതു നമുക്കു സുപരിചിതമായ കാര്യമാണല്ലോ.

ഇതൊന്നുംകൂടാതെ അവനെ അസ്വസ്ഥനാക്കുന്നത് അവനിഷ്ടപ്പെടാത്ത കാര്യങ്ങൾ നിർബ്ബന്ധപൂർവ്വം ചെയ്യിക്കുമ്പോഴാണ്. കോഴ്സുകൾ തിരഞ്ഞെടുക്കുന്ന കാര്യത്തിൽതന്നെ ചിലപ്പോൾ വിദ്യാർത്ഥികൾ രക്ഷിതാക്കളുടെ ഇഷ്ടത്തിനനുസരിച്ചും അല്ലെങ്കിൽ ധനാർജ്ജനം മാത്രം ലക്ഷ്യ

മാക്കിക്കൊണ്ടും സ്വന്തം അഭിലാഷങ്ങൾ ബലിയർപ്പിക്കാറുണ്ടു്. യാന്ത്രികമായി അവൻ സമുദായത്തിന്റെ ഈ അലിഖിതനിയമങ്ങളെല്ലാം അനുസരിക്കുന്നു. ചില സമയങ്ങളിൽ അവനാഗ്രഹിച്ച വിഭാഗത്തിൽ പഠനം നടത്താൻ സാമ്പത്തികപരാധീനതയോ മററുവല്ല കാരണങ്ങളോ തടസ്സമായി നിന്നേക്കാം. പല കാരണങ്ങളാലും കലാശാലവിദ്യാഭ്യാസം സാദ്ധ്യമാകാതെ വരുന്നുണ്ടു്, പലർക്കും. എന്തായാലും കലാശാലാവിദ്യാർത്ഥികൾക്കു മതിയായ നേതൃത്വം മുതിർന്നവർ കൊടുക്കാത്തതു് ഒരു തെററാണു്. പല കാരണങ്ങളാലും കടിച്ചമർത്തുന്ന വികാരങ്ങൾ സ്വല്പം വിപ്ലവാത്മകമായ ചെയ്തികളിലേക്കു വഴിതെററിപ്പോകുന്നതിൽ വിസ്മയത്തിന്നവകാശമില്ല. ഇങ്ങിനെയൊക്കെയുള്ള കലാശാലാവിദ്യാഭ്യാസം കഴിഞ്ഞു പുറത്തുവരുന്ന വിദ്യാർത്ഥികളെപ്പററിയും നമുക്കൊന്നു ചിന്തിക്കാം.

കലാശാലകളിൽനിന്നും പുറത്തുവരുന്ന വിദ്യാർത്ഥികളിൽ മിക്കവരും ഉദ്യോഗാർത്ഥികളായി മാറുകയാണു് ചെയ്യുന്നതു്. സാധാരണക്കാരനു് കലാശാലകളിൽനിന്നു ലഭിച്ച ഡിഗ്രിക്കും മററും ഉദ്യോഗക്കമ്പോളത്തിൽ ഒരു വിലയും കിട്ടുന്നില്ല. തന്നെക്കാൾ സാമർത്ഥ്യവും അറിവും കുറഞ്ഞവർ കൂടി കൂടുതൽ മാർക്കുനേടി പുറത്തുവരുമ്പോൾ, ന്യായമായും വിദ്യാഭ്യാസസമ്പ്രദായത്തേയും അതേപ്പെടുത്തിയ ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയേയും നിരപരാധിയായിക്കാണാൻ അവനു സാധിക്കുന്നില്ല. ഉദ്യോഗം തേടിപ്പോകുമ്പോൾ ആ അവസ്ഥയെല്ലാം കഴിഞ്ഞ ഉദ്യോഗസ്ഥന്മാർതന്നെ അവരെ നിന്ദാപൂർവ്വമാണു നോക്കുന്നതു്. തന്റെ നിലക്കും വിലക്കും ഉതകുന്ന ജോലിതന്നെ ലഭിക്കണമെന്നു വിചാരിക്കുന്ന പലരും ഈ കൂട്ടത്തിലുണ്ടു്. അതെന്തായാലും മിക്ക ഉദ്യോഗാർത്ഥികൾക്കും ജീവിതം ഒരു പ്രശ്നംതന്നെയാണു്. എങ്ങിനെയെങ്കിലും അതേതുവഴിക്കായാലും വേണ്ടില്ല, ജീവിക്കണം എന്നതായിത്തീരുന്നു അവന്റെ ലക്ഷ്യം. മററു മനുഷ്യരുടെതുപോലുള്ള ന്യായമായ അവകാശങ്ങൾ ലഭിക്കാൻ പരിതഃസ്ഥിതികളനുവദിക്കുകയില്ലെങ്കിൽ അവൻതന്നെ ഏതുവിധേനയെങ്കിലും ആ പരിതഃസ്ഥിതികളെ വാർത്തെടുക്കുന്നു. അതൊരുപക്ഷെ സമാധാനത്തിലൂടെയല്ലാതിരിക്കാം.

തൊഴിലാളികളിലാണെങ്കിൽ തങ്ങൾ ചെയ്യുന്ന ജോലിക്കനുസരിച്ച വേതനംതന്നെയായിരിക്കാം മുഖ്യആവശ്യം. ഇതു കൂടാതെതന്നെ പല നീതീകരിക്കാവുന്ന ആവശ്യങ്ങളും അവനിലുണ്ടായിരിക്കാം. ഈ അവകാശങ്ങൾ അവൻ മുതലാളിയുടെ മുന്നിൽ പ്രത്യക്ഷപ്പെടുമ്പോൾതന്നെ ചിലപ്പോൾ അവനു കിട്ടുന്ന പ്രതിഫലം പിരിച്ചുവിടലും സസ്പെൻഷനുമാകാറുണ്ടു്. അതുണ്ടായാലും ഇല്ലെങ്കിലുംശരി അവകാശങ്ങൾ നിരസിക്കുമ്പോഴും, തന്നെക്കാൾ കഴിവുകുറഞ്ഞവൻ തന്നെ ഭരിക്കാൻ വരുമ്പോഴും അവനു മുതലാളിയുടെനേർക്കു വെറുപ്പുണ്ടാകും. ആ വെറുപ്പു എന്തായാലും ഒരിക്കൽ പുറത്തുവരാതിരിക്കില്ല.

ഇങ്ങിനെ മുതിർന്നവരുടെ കണ്ണിൽ കാണപ്പെടുന്ന യുവതലമുറയുടെ ചാപല്യങ്ങൾക്കു മതിയായ കാരണങ്ങൾ നമുക്കു കാണാൻ സാധിക്കും. പൊതുവെ പറഞ്ഞാൽ അവർക്കു ശരിയായ നേതൃത്വം കൊടുക്കുന്നതിൽ മുതിർന്നവരുടെ അഭാവംതന്നെയാണു് മുഖ്യകാരണം. സമാധാനത്തിനു പൊതുവെ ഈ ലോകത്തിൽ വിലയെല്ലാം താഴുവാൻ തുടങ്ങിയ ഈ കാലഘട്ടത്തിൽ അവർ അതിൽനിന്നു വ്യതിചലിക്കുന്നതിൽ തെററുണ്ടോ ? അതും മററു് പരിഹാരമാർഗ്ഗങ്ങളൊന്നുമില്ലാത്തതിനാലാണുതാനും. ഏതായാലും ദേശപുരോഗതിക്കുപയോഗിക്കേണ്ട യുവാക്കളെ ഇന്നു മുതിർന്നവർ നോക്കുന്നതുപോലെ അവജ്ഞയോടുകൂടിത്തന്നെയാണു് നോക്കുന്നതെങ്കിൽ ഈ സ്ഥിതിക്കൊരു മാററവും വരുകയില്ല. അവരുടെ ചീത്തവശങ്ങളെ അവർക്കു സ്വന്തം ജീവിതത്തിലൂടെ അതു ചീത്തയാണു് എന്നു മനസ്സിലാക്കിക്കൊടുക്കേണ്ടതു മുതിർന്നവർ ചെയ്യേണ്ട പ്രവൃത്തിയാണു്. അതേസമയം നല്ല വശത്തെ ഉത്തേജിപ്പിക്കുകയും ചെയ്യണം. ജീവിതത്തെ നേരിടുവാൻതക്ക പ്രചോദനം യുവതലമുറയിലുണ്ടാക്കിക്കൊടുക്കണം. അവരെ ദയയും സ്നേഹവും നിറഞ്ഞ കണ്ണുകളോടെയാണു് വീക്ഷിക്കേണ്ടതു്. അതല്ല അവർ നന്നാവില്ല എന്ന വിശ്വാസത്തോടുകൂടി എല്ലാവരുമവനോടു പെരുമാറുകയാണെങ്കിൽ രാജ്യത്തിന്റെ സ്ഥിതി എന്താണെന്നു കണ്ടുതന്നെ അറിയണം.

സി. എച്ച്. വടക്കമ്പാട്, II P. D. C.

അസ്വാസ്ഥ്യങ്ങളുടെ നീർച്ചുഴിയിൽപ്പെട്ട് നട്ടംതിരിയുകയാണ്, ഇന്നു വിദ്യാർത്ഥിവർഗ്ഗം. ഉന്നതതലങ്ങളിൽ ഇന്ന് ഈ പ്രശ്നം കൈകാര്യം ചെയ്യപ്പെടുന്നു. വിദ്യാർത്ഥിസമൂഹത്തിൽ പൊട്ടലുകളും ചീററലുകളും ഇടയ്ക്കിടെ ഉണ്ടാവുന്നു. പരിപാവനമായ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നു 'ഭാവിവാഗ്ദാന'ങ്ങളാൽ കുത്തിനിറക്കപ്പെട്ട മററു കലാശാലകളിൽനിന്ന്, എല്ലാം വീശുന്നതു ദുർഗ്ഗന്ധംനിറഞ്ഞ കാററാണ്. വിദ്യാർത്ഥിസമരങ്ങളുടെയും വിദ്യാർത്ഥിമർദ്ദനങ്ങളുടെയും കഥകളേ ചുററുപാടുകൾക്കു പറയാനുള്ളൂ. ഈ അസ്വാസ്ഥ്യങ്ങൾക്കു കാരണമെന്താണ്? അതു പരിഹാര്യമല്ലേ?

നമുക്കു കേരളത്തിന്റെ ചരിത്രംതന്നെ എടുക്കാം. അടുത്ത കാലത്തായി വിദ്യാർത്ഥിസമരങ്ങളുടെ ഒരു ഘോഷയാത്രതന്നെ നാം കണ്ടുവല്ലോ. അവകാശങ്ങൾ നേടിയെടുക്കാനുള്ള ഒരു 'കുറുക്കുവഴി'യാണു സമരം ഇന്ന്. യാത്രാസൗകര്യമില്ലായ്മ, ഫീസിന്റെ ക്രമീകരണമില്ലായ്മ, ഡീററൻഷൻ, കലാശാലകളിൽ ക്ലാസുകളുടെ പരിമിതി ഇവയെല്ലാം വിദ്യാർത്ഥിസമരങ്ങൾക്കു കാരണങ്ങളാണ്.

അടുത്തകാലംവരെ പ്രൈവററ് കോളേജുകളിൽ 'ഡീററൻഷൻ' എന്ന പേരിൽ വിദ്യാർത്ഥികളെ തേജോവധംചെയ്യുന്ന ഒരു പരിപാടി ഉണ്ടായിരുന്നു. ഡീററൻഷൻകൊണ്ടു ഉദ്ദേശിക്കുന്നതു് മാർക്കിന്റെയും സ്വഭാവത്തിന്റെയും പേരിൽ കോളേജുകൾക്കു നടത്താൻ കഴിയുന്ന ഒരു അവകാശമായിരുന്നു. പക്ഷെ പലപ്പോഴും ഡീററൻഷൻ എന്ന ആയുധം യഥാവിധിയല്ല ഉപയോഗിച്ചിരുന്നതു — പല കോളേജുകളിലും. ഇങ്ങിനെ ഡീററൻഷൻ എന്ന ആ പ്രതിഭാസത്തിന്റെ ബലിഷ്ഠകരങ്ങളാൽ ഞെരിക്കപ്പെട്ടു്, കോളേജുകളിൽ സീററ് കിട്ടാതെ തെണ്ടിനടന്നു്, സമൂഹത്തിലെ ചപ്പുചവറുമായി തള്ളപ്പെട്ട എത്രയോ യുവസുഹൃത്തുക്കളെ ചുററിലും കണ്ടപ്പോൾ വിദ്യാർത്ഥിവർഗ്ഗം ആ ആയുധത്തെ തുറിച്ചുനോക്കി. ദീർഘകാലം വിദ്യാർത്ഥികൾ തളരാതെ അടരാടിയതിന്റെ ഫലമായി ഇന്നു ഡീററൻഷൻ കുറെയൊക്കെ അവസാനിച്ചിട്ടുണ്ട്. (കലിക്കററ് യൂനിവേഴ്സിററി ഡീററൻഷൻ നടത്താൻ തീരുമാനമെടുത്തതു മറക്കുന്നില്ല.)

പല മാനേജുമെന്റുകളും നടത്തുന്ന 'വിദ്യാഭ്യാസക്കച്ചവടം' വിദ്യാർത്ഥികളെ വല്ലാതെ ഞെരുക്കിയിട്ടുണ്ട്. ഗവ. കോളേജുകളിൽ വാങ്ങുന്നതിന്റെ ഏതാണ്ട് ഒരിരട്ടിയോളം ഫീസായി ഈടാക്കിയതിനുശേഷം നിസ്സാരകാര്യങ്ങൾ പറഞ്ഞു വിദ്യാർത്ഥികളെ ടി. സി. കൊടുത്തയക്കാൻ പല മാനേജ്മെന്റുകളും മടിച്ചിരുന്നില്ല. പല പ്രൈവററുകോളേജുകളിലും ഫീസുനിരക്കും, പിരിക്കുന്ന വഴികളും ഇന്നും വ്യത്യസ്തമാണ്. ഇന്നു വിദ്യാർത്ഥികളുടെ ഇടയിൽ ആകപ്പാടെ ആശയക്കുഴപ്പം ഉണ്ടാക്കാൻ പര്യാപ്തമായിരുന്നു. വിദ്യാർത്ഥികളുടെ 'തലച്ചോറിന്റെ തൂക്കം' കണക്കാക്കുന്ന പരീക്ഷാസമ്പ്രദായങ്ങൾ നിലവിലിരിക്കെത്തന്നെ വേണ്ടത്ര ലാബട്ടറിസൗകര്യങ്ങൾ ഇന്നും പല കോളേജുകളിലുമില്ല. ഇങ്ങിനെ നിരന്തരം പുതിയ പുതിയ പ്രശ്നങ്ങൾ ഉടലെടുത്തപ്പോൾ വിദ്യാർത്ഥിസംഘടനകൾ രംഗത്തുവന്നു. ഫീസുകൾ ഏകീകരിക്കുക, ലാബർട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, യാത്രാസൗകര്യം വിപുലീകരിക്കുക, കാപ്പിറേറഷൻ ഫീ ഉപേക്ഷിക്കുക, ഡീററൻഷൻ നിർത്തലാക്കുക, വിദ്യാർത്ഥികൾക്കു സെനററിലും സിൻഡിക്കേററിലും പ്രാതിനിദ്ധ്യം നല്കുക, വിദ്യാഭ്യാസസമ്പ്രദായം പുതുക്കി പുതിയൊരു സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുക തുടങ്ങിയ ആവശ്യങ്ങൾ അവർ മുന്നോട്ടുവെക്കുകയുണ്ടായി.

കലാശാലകളിലേക്കു വിദ്യ 'അർത്ഥി'ക്കുവാൻ എത്തിച്ചേരുന്ന 'വിദ്യാർത്ഥി'ക്കു ഇത്തരം പ്രശ്നങ്ങളുമായി മല്ലിടേണ്ടിവരുന്നു. ആവശ്യങ്ങൾ നേടിയെടുക്കാൻ അദ്ധ്യയനദിവസങ്ങൾ ദുർവ്യയം ചെയ്തു 'ഷോർട്ട്കട്ട്', നേടേണ്ടിവരുന്നു. അങ്ങിനെ വിദ്യാർത്ഥികൾ സക്കാറിനും നാട്ടിനും നാട്ടാർക്കും ഒരു ഭാരമായിത്തീരുന്നു. ഭാവിഭാരതത്തിന്റെ ഭരണചക്രം കാക്കേണ്ട വിദ്യാർത്ഥികൾ കുഷ്ഠരോഗിയേപ്പോലെ നിന്ദ്യരായി കണക്കാക്കപ്പെടുന്നു. 'കരയുന്ന കുഞ്ഞിനേ പാലുള്ളൂ' എന്ന തത്വത്തിന്റെ പരിണതഫലങ്ങളല്ലേ ഇവയെല്ലാം ? ഗുരുശിഷ്യബന്ധത്തിനു് കടുത്ത വിടവു് ഉണ്ടായതും ഇത്തരം അസ്വാസ്ഥ്യങ്ങൾക്കു മുതൽക്കൂട്ടാണു്.

### എങ്ങിനെ പരിഹരിക്കാം

വിദ്യാർത്ഥികൾ സമരായുധവുമായി രംഗത്തിറങ്ങിയാലെ അവകാശങ്ങൾ പകവെച്ചുകിട്ടൂ എന്ന പൊതുധാരണ മാററാൻ ആദ്യമായും ഗവണ്മെൻറിനു കഴിയണം. സമയം അതിക്രമിച്ചതിനുശേഷമാണു പലപ്പോഴും പ്രശ്നങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നതും പരിഹാരം ഉണ്ടാക്കുന്നതും. ഗവണ്മെണ്ടിന്റെ വിദ്യാർത്ഥികളോടുള്ള നയത്തിൽ സമൂലമായ ഒരു പരിവർത്തനം അത്യന്താപേക്ഷിതമാണു്. യൂനിവേഴ്സിററിക്കു പ്രൈവററ് കോളേജുകളെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയണം. യാത്രാസൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതു പ്രാഥമികാവശ്യമാണു്. ഫീസുകൾ ഏകീകരിക്കുകയും വേണം. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥിപ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ടു് 'യൂനിവേഴ്സിററി യൂനിയൻ' ഉണ്ടാക്കുന്നതു ഗവണ്മെൻറും വിദ്യാർത്ഥികളുമായി അടുക്കാനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്കു പരിഹാരമുണ്ടാക്കാനും സഹായകമായിരിക്കും.

സമൂഹത്തിൽ കാണുന്ന അസ്വാസ്ഥ്യങ്ങൾ കുറെയെല്ലാം വിദ്യാർത്ഥികളുടെ ഇടയിലേക്കും വ്യാപിക്കാറുണ്ടു്. ഇത്തരം സന്ദർഭങ്ങളിൽ വിദ്യാർത്ഥികൾ പൊതുവെ വിഷമിക്കാറുണ്ടു്. കാസർക്കോട്ടുനടന്ന വെടിവെപ്പിൽ ശാന്താറാം ഷേണായി, സുധാകരൻ, അഖിത്തായി എന്നീ വിദ്യാർത്ഥികൾ മരണമടയാൻ ഇടയായതു് ഇത്തരുണത്തിൽ സ്മരണീയമാണു്.

വിദ്യാർത്ഥികളുടെ വിഷമതകൾ ഗവണ്മെൻറ് മനസ്സിലാക്കുകയും അവക്കു് അനുഭാവപൂർവ്വം പരിഹാരം കാണുകയും ചെയ്യുന്നതിനുപുറമെ, വിദ്യാർത്ഥിപ്രതിനിധികൾ ഉൾപ്പെടുന്ന ഒരു 'Students court' രൂപീകരിച്ചു വിദ്യാർത്ഥികൾ ചെയ്യുന്ന അച്ചടക്കരാഹിത്യത്തിനു മാതൃകാപരമായ ശിക്ഷ കൊടുക്കുകയും ചെയ്യേണ്ടതാണു്. സമകാലികപ്രശ്നങ്ങൾക്കു് അപ്പപ്പോൾ പരിഹാരം ഉണ്ടാക്കുകയും രചനാത്മകങ്ങളായ നിർമ്മാണപ്രവർത്തനങ്ങൾക്കു് അവരെ പ്രചോദിതരാക്കുകയും ചെയ്താൽ വിദ്യാർത്ഥികളുടെ ഇടയിൽ ധൂളിപോലെ പാറിക്കിടക്കുന്ന അസ്വാസ്ഥ്യങ്ങളാകുന്ന കാർമേഘപടലങ്ങൾ നീങ്ങി പ്രശോഭിതമായ ഒരു വിദ്യാർത്ഥിലോകം ഇവിടെ ഉണ്ടാകുമെന്നു നമുക്കാശിക്കാം.

രുക്കിയ, I B. Com.

ഇന്നു് ഈ കാണുന്ന അച്ചടക്കലംഘനത്തിനു് കാരണം എന്താണു്? ഈ മുഖ്യചോദ്യത്തിനു് എം. പി. മന്മഥൻ മാതൃഭൂമിയിൽ കുറിച്ച വരികൾ ഓർമ്മിക്കുക, "പ്രാചീനകാലങ്ങളിൽ ശാസന ഏതുതന്നെയായാലും അതു ദിവ്യത്വത്തിന്റെ ഒരു പരിവേഷമണിഞ്ഞിരുന്നു. ശ്രീകോവിലിലിരുന്ന കല്ലിനെയാണു് ദൈവം എന്നു തെറ്റിധരിച്ചു് 'തത്വാന്വേഷി' ക്ഷേത്രാരാധന വെറുത്തതുപോലെ ആധുനികയുഗം പ്രാചീനകാലത്തെ വിദ്യാഭ്യാസത്തിന്റെ പരിവേഷം മിഥ്യയാണെന്നു തെറ്റിധരിച്ചിരിക്കുന്നു." ഇതായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ലെനിൻ പറഞ്ഞിട്ടുണ്ടു് "ഒരു വിപ്ലവം കഴിഞ്ഞ രാഷ്ട്രത്തിലെ വിദ്യാർത്ഥികളെ അവരുടെ കടമ പഠിപ്പിക്കേണ്ടതു് അവശ്യമാണു്" എന്നു്. ഇന്നത്തെ വിദ്യാർത്ഥികൾ ഒരു വിപ്ലവത്തിനുശേഷം നില്ക്കുകയാണു്. അവരെ കടമകളോ കർത്തവ്യങ്ങളോ, പഠിപ്പിക്കാൻ ആരുമില്ല. Thomas Hardy യുടെ "The return of the native" എന്ന നോവലിൽ നടക്കുന്ന ഭീകരസംഭവങ്ങൾക്കു കാരണം ഏകാന്തമായ Egdon Heath ആണെന്നു വിവരിക്കുന്നുണ്ടു്. ഏതാണ്ടിതുപോലെയുള്ള ഒരു കുഴപ്പമാണു് നമ്മുടെ വിദ്യാർത്ഥികൾക്കും സംഭവിച്ചിരിക്കുന്നതു്. അവരുടെ പ്രവർത്തനമണ്ഡലം വിപ്ലവാത്മകമാണു്. ഇതിനുപുറമേ അദ്ധ്യാപകവിദ്യാർത്ഥീബന്ധം അവരുടെ അസ്വസ്ഥതകൾക്കു മാറ്റുകൂട്ടുന്നു. 'അദ്ധ്യാപകർ വെറും വിജ്ഞാനവാണിഭക്കാരാണു്''. അദ്ധ്യാപകരിൽനിന്നും ശരിയായ വിദ്യാഭ്യാസം ലഭിക്കാതെ വരുമ്പോൾ അവർ സിലബസ്സു് അനുസരിച്ചു തയ്യാറാക്കപ്പെട്ടിട്ടുള്ള 'ടാബ്‌ലെറ്റു്'' ആകുന്ന 'ഗൈഡു'കളെ അഭയംപ്രാപിക്കുന്നു. അങ്ങനെ, നേർവഴിക്കു പോകേണ്ട അവർ കുറുക്കുവഴികളിൽക്കൂടി കടന്നു രക്ഷ നേടുന്നു. ഇതാണു് ഇപ്പോൾ എവിടെ നോക്കിയാലും കാണുന്നതു്.

പക്ഷെ കഥയിങ്ങനെയൊക്കെയാണെങ്കിലും ഭാവിഭാരതത്തിന്റെ ശില്പികളാകുന്ന 'വിദ്യാർത്ഥികളെ' കടഞ്ഞെടുക്കേണ്ട ചുമതല ഇന്നത്തെ പൗരന്മാർക്കാണു്. രാജാരവിവർമ്മയെപ്പോലുള്ള കലാകാരന്മാർക്കു് തിരുവനന്തപുരത്തു കാണുന്ന Sri Chita Arts Galleryയിൽ കാണുന്ന മനോഹരങ്ങളായ ചിത്രങ്ങൾ വരക്കാൻ കളർമാത്രം പോരാ മറ്റുചില ഘടകങ്ങളും വേണ്ടിയിരിക്കുന്നു. പേപ്പറും കളറും ഉണ്ടെങ്കിൽ വരക്കാൻ ആളില്ലെങ്കിലോ? ഇതെല്ലാം ഉണ്ടെങ്കിലേ കാര്യം നടക്കു. അതുപോലെ ഒരു നല്ല രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനു് വിദ്യാർത്ഥികൾ മാത്രം പോരാ . . . . ആൻറിതീസിസ്, മെറ്റാതിസീസ് മുതലായവയിൽക്കൂടി ചിന്തിച്ചു് ഒന്നു സ്വീകരിക്കാനുള്ള കഴിവു് നമ്മുടെ വിദ്യാർത്ഥികൾക്കില്ല. ബ്യൂറോക്രസിയുടേയും ഡമോക്രസിയുടേയും സന്ദേശം വിദ്യാർത്ഥികളെ മനസ്സിലാക്കി അവരെ രാഷ്ട്രത്തിന്റെ ഭാവിശില്പികളാക്കി മാറ്റുകയാണു് വേണ്ടതു്.

അങ്ങനെ ഒരു പുത്തൻതലമുറക്കു രൂപംകൊടുക്കുന്ന രീതിയിലുള്ള സൽകർമ്മങ്ങളിൽ ഏർപ്പെട്ടെങ്കിൽ മാത്രമേ പ്രശാന്തസുന്ദരമായ ഒരന്തരീക്ഷം ഭാരതത്തിനു് കൈവരുകയുള്ളു.

പി. വി. ഉസ്മാൻ, II P. D. C.

ഭാവിതലമുറയുടെ ഭാരം ചുമക്കേണ്ട ഇന്നത്തെ യുവതലമുറയും ഭാവിയിൽ തങ്ങൾക്കും ശേഷമുള്ളവർക്കും അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾ എന്തെന്നറിയാതെ ക്ഷുദ്രവാസനയുടെയും നശീകരണ പ്രവണതയുടെയും പിന്നാലെ അനിയന്ത്രിതമാത വാഹനമെന്നപോലെ പായുന്നതു് അത്യധികം ഖേദകരവും ഭയാനകവുമായിരിക്കുന്നു.

യുവാക്കളിൽ പ്രത്യേകിച്ചു് വിദ്യാർത്ഥികളിൽ കാണുന്ന ഈ അസ്വസ്ഥത വിദ്യാർത്ഥികൾക്കു കൂടുതൽ സ്വാതന്ത്ര്യമുള്ളതുകൊണ്ടോ അതെല്ലങ്കിൽ ഒരു ജനായത്തഭരണത്തിനു് കീഴിലുള്ള രാജ്യത്തിലായതുകൊണ്ടോ ആണോ? എന്നൊക്കെ ഇത്തരം സന്ദർഭങ്ങളിൽ തോന്നിപ്പോകാറുണ്ടു്.

എന്നാൽ വിദ്യാർത്ഥികൾക്കു സ്വാതന്ത്ര്യം കൂടിയതുകൊണ്ടും, ജനായത്തഭരണമായതുകൊണ്ടുമല്ല, ജനായത്തഭരണമുള്ള ഇന്ത്യയിലും, സ്വേച്ഛാധിപത്യഭരണമുള്ള പാക്കിസ്ഥാനിലും, ആധുനിക വിദ്യാഭ്യാസസജ്ജീകരണങ്ങളോടുകൂടി അഭ്യസിക്കുന്ന ടോക്കിയോവിലും, ലോകത്തിന്റെ സമസ്തകോണുകളിലും നമുക്കു് ഈ അസ്വസ്ഥത കാണാവുന്നതാണു്.

1968-ൽ ഐക്യരാഷ്ട്രസമിതിയുടെ ഒരു പ്രത്യേക കമ്മീഷൻ ഇതിനെക്കുറിച്ചു പഠനം നടത്തുകയുണ്ടായി. അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുതകൊല്ലം അൻപതിൽ മീതെ രാഷ്ട്രങ്ങളിൽ അത്യുഗ്രമായ വിദ്യാർത്ഥിപ്രക്ഷോഭങ്ങൾ നടക്കുകയുണ്ടായെന്നാണു്.

വിദ്യാർത്ഥികളിൽ കാണുന്ന ഇത്തരം ചെയ്തികളുടെ തിരശ്ശീലയും പിന്നിൽ ഗൌരവമേറിയ പല സംഗതികളുമുണ്ടു്. അവ പ്രധാനമായി *രാഷ്ട്രീയം, സ്വാർത്ഥതല്പരത, ധാർമ്മികവും സാംസ്കാരികവുമായ അധഃപതനം, ഗവൺമെണ്ടിന്റെയും അധികൃതരുടേയും അനാസ്ഥ* എന്നിവയാണു്.

## രാഷ്ട്രീയം

വിദ്യാർത്ഥികളിലുള്ള അച്ചടക്കരാഹിത്യത്തിന്റെ 50 ശതമാനവും രാഷ്ട്രീയമാണെന്നുള്ളതു നിസ്തർക്കമായ പരമാർത്ഥമാണു്. ഇന്നത്തെ ചുറ്റുപാടിൽ രാഷ്ട്രീയത്തിൽനിന്നു വിദ്യാർത്ഥികളെ ഒഴിച്ചുനിർത്തുക വളരെ പ്രയാസമാണു്. ഇരുപത്തിയൊന്നു വയസ്സു് പ്രായമായ ഒരിന്ത്യക്കാരനു് (വിദ്യാർത്ഥിയായാലും ശരി) വോട്ടവകാശമുണ്ടു്. വോട്ടർമാരായ പ്രസ്തുത വിദ്യാർത്ഥികളായിരിക്കാം ഒരുപക്ഷേ വിദ്യാർത്ഥികളുടെ നേതാക്കന്മാർ. ഇത്തരത്തിൽപ്പെട്ടവരെ രാഷ്ട്രീയസംഘടനകൾ മിനുക്കിമെരുക്കി തങ്ങളുടെ കരുക്കളാക്കി മാറ്റുന്നു. അങ്ങിനെ നിലവിലുള്ള ഭരണത്തെ തകിടംമറിയ്ക്കാൻ വ്യത്യസ്ത രാഷ്ട്രീയസംഘടനകൾ വിവിധകാലങ്ങളിൽ ശ്രമിയ്ക്കുന്നു. ഈ പരമാർത്ഥം യഥാർത്ഥത്തിൽ വിദ്യാർത്ഥികൾ മനസ്സിലാക്കുന്നില്ല.

രാജ്യത്തു് ഇന്നു് അനേകം രാഷ്ട്രീയസംഘടനകളുണ്ടു്. അവയുടെ എണ്ണത്തിൽ ഒട്ടുംകുറയാതെ വിദ്യാർത്ഥിസംഘടനകളുമുണ്ടു്. ഈ സംഘടനകളുടെ അംഗമാവുന്നവർ പ്രസ്തുത സംഘടനയുടെ പ്രവർത്തനത്തെ അല്പംപോലും മനസ്സിലാക്കുന്നില്ല. ഇത്തരത്തിൽപ്പെട്ട സംഘടനയുടെയെല്ലാം പ്രവർത്തനം രാഷ്ട്രീയസംഘടനയുമായി പൊരുത്തപ്പെട്ടിരിയ്ക്കുന്നു. വിദ്യാർത്ഥികൾ തങ്ങളുടെ നേതാക്കന്മാർ സംഘടനയെ ഏതുവിധത്തിൽ നയിക്കുന്നുവെന്നറിയുന്നില്ല. നേതാക്കന്മാരിൽ സിംഹഭാഗവും 'വിദ്യാർത്ഥി' എന്ന കാഞ്ചനക്കുപ്പായമണിഞ്ഞ രാഷ്ട്രീയക്കാരാണു്. അതുകൊണ്ടു് രാഷ്ട്രീയതടവുകാരെ വിട്ടയക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു വിദ്യാർത്ഥികൾ തെരുവിലിറങ്ങി സമരം നടത്തുന്നതിൽ ഇന്നു് അത്ഭുതമില്ല.

വിദ്യാർത്ഥിലോകം ഇന്നു രാഷ്ട്രീയമാകുന്ന സാഗരത്തിലെ ലക്ഷ്യമില്ലാത്ത ഓടമാണു്. ഇങ്ങിനെ

തുടന്നാൽ ഇന്നത്തെ വിദ്യാർത്ഥിലോകം നാളത്തെ ഇരുളടഞ്ഞ ഭാവിയുടെ സന്തതികളായിപ്പോകും. അതുകൊണ്ടു് വിദ്യാർത്ഥിവ്യൂഹം രാഷ്ട്രീയത്തെ കൈവെടിഞ്ഞു് സുശക്തവും സംഘടിതവുമായ ഒരു വിദ്യാർത്ഥിസംഘടന രൂപീകരിക്കേണ്ടിയിരിയ്ക്കുന്നു.

### സ്വാർത്ഥതല്പരത

അസ്വസ്ഥത രാഷ്ട്രീയംകൊണ്ടു് മാത്രമാണെന്നു് പറഞ്ഞുകൂടാ. വിദ്യാർത്ഥികൾക്കിടയിലുള്ള സ്വാർത്ഥമനോഭാവംകൊണ്ടുകൂടിയാണു്. മുമ്പു വിദ്യാർത്ഥികൾക്ക സ്ഥാനമാനങ്ങൾ ലഭിച്ചിരുന്നതു് അവരുടെ സ്വഭാവത്തെയും പഠനത്തേയും ആശ്രയിച്ചായിരുന്നു. എന്നാൽ ഇന്നു് ഒരു കലാലയത്തിലെ റപ്രസൻറേററീവോ, സ്പീക്കറോ ആവണമെങ്കിൽ അവൻ ഒന്നുകിൽ ഒരു സമരത്തെ നയിച്ചിരിയ്ക്കണം; അല്ലങ്കിൽ കോളേജ് 'ഹീറോ' ആവണം, അത്രയേ വേണ്ടു. വിദ്യാർത്ഥികളുടെ ചിന്താശക്തി ഇത്തരം പരിവർത്തനത്തിനു് വിധേയമാവാൻ കാരണം. യു. എൻ. സമിതി അഭിപ്രായപ്പെടുന്നപോലെ സ്വാഭാവികമായി ദേശീയ ജീവിതത്തിൽ തോന്നുന്ന ശക്തിക്ഷയം സാമൂഹ്യ വിരുദ്ധപ്രകടനങ്ങളിലേയ്ക്കും സംഘടിത ആക്രമങ്ങളിലേയ്ക്കും നീങ്ങുന്നുവെന്നതാണു്.

ഇതിൻെറയെല്ലാം ഫലമായി കോളേജിൽ പ്രവേശിച്ചാലുടൻ സ്വാർത്ഥതല്പരരായ വിദ്യാർത്ഥികൾ തങ്ങളുടെ വിജയസാദ്ധ്യതയ്ക്കുവേണ്ടി അവരുടെ അസാധാരണവൈരുദ്ധ്യങ്ങൾ വിദ്യാർത്ഥികൾക്കുമുമ്പാകെ അവതരിപ്പിയ്ക്കുന്നു. അതുകൊണ്ടു് ഇത്തരത്തിൽപ്പെട്ടവരുടെ കൂടെച്ചേർന്നു മററുള്ളവർകൂടി ആവശ്യമില്ലാത്തിടത്തു സമരം സൃഷ്ടിക്കവാൻ ശ്രമിയ്ക്കുന്നു.

### ധാർമ്മികവും സാംസ്കാരികവുമായ അധഃപതനം

ഇതിനെല്ലാററിനും പുറമേ മറെറാരു പ്രധാന കാരണം ധാർമ്മികവും, സാംസ്കാരികവുമായ അധഃപതനം ആണു്. അല്ലാതെ ചിലർ അഭിപ്രായപ്പെടുന്നപോലെ വിപ്ലവത്തിനുവേണ്ടിയുള്ള വെമ്പലോ പുതിയ വ്യവസ്ഥിതികളെ ലക്ഷ്യമാക്കിയുള്ള ആവേശമോ, സാമൂഹ്യപരിവർത്തനത്തിനു് വേണ്ടിയുള്ള പരക്കംപാച്ചിലോ അല്ല. അങ്ങിനെയാണെങ്കിൽ ഇത്തരത്തിലുള്ളവയൊന്നും കാണാനില്ലാത്ത സ്വീഡനിലെ വിദ്യാർത്ഥികൾ ഇതു കണ്ടു് അധഃപതിയ്ക്കുവാൻ കാരണമെന്തു്? അവിടത്തെ വിദ്യാർത്ഥികളിൽ കാണുന്ന ധിക്കാരവും, ദുഃസ്വാതന്ത്ര്യവും യൂറോപ്പിലെങ്ങും കാണുന്ന മററു വിദ്യാർത്ഥികളിൽ കാണ്മാൻകഴിയില്ലെന്നു പറയപ്പെടുന്നു. അതുകൊണ്ടു് (വിദ്യാർത്ഥികളിൽ കാണുന്ന അസ്വസ്ഥതയും വിപ്ലവമനോഭാവവും വികസിതരാഷ്ട്രത്തിലെ യുവതലമുറയുടെ എടുത്തുചാട്ടമാണെന്നു് പറഞ്ഞുകൂടാ. ഒരു വികസിത രാഷ്ട്രത്തിൻെറ അഭിവൃദ്ധിയ്ക്കു് നശീകരണമല്ല ആവശ്യം, രചനാത്മകമായ പ്രവർത്തനമാണു്. എന്നാൽ ഇന്നു കാണുന്നതോ ആദ്യം പറഞ്ഞതും.)

ഇതിന്നെല്ലാം കാരണം വിദ്യാർത്ഥികൾക്ക ഒരു ലക്ഷ്യബോധമില്ല എന്നതാണു്. മുമ്പൊക്കെ വിദ്യാർത്ഥികൾക്ക ഒരു ലക്ഷ്യബോധമുണ്ടായിരുന്നു. ഒരു ഡാക്ടറാകുക, ഇഞ്ചിനിയറാകുക, അല്ലെങ്കിൽ ഒരു അഭിഭാഷകനാകുക എന്നൊക്കെ; ഇന്നതൊക്കെ അസ്ഥാനത്താണു്. ഇന്നത്തെ വിദ്യാർത്ഥികൾ ഭാവിയുടെ ഇരുളടഞ്ഞ മേഘപടലമാണു് കാണുന്നതു്. ഭാരതത്തെ സംബന്ധിച്ചടത്തോളം ഇതു വളരെ അർത്ഥവത്താണുതാനും. അഭ്യസ്തവിദ്യരെ സൃഷ്ടിക്കുന്നതിനനുസരിച്ച അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്കു് പൂർണ്ണമായി പരിഹാരം കാണുക ഭാരതത്തെ സംബന്ധിച്ചടത്തോളം വളരെ പ്രയാസമാണു്. ഇങ്ങിനെയാകുമ്പോൾ വിദ്യാർത്ഥികൾ കലാശാലയിലേയ്ക്കു വരുന്നതു് വിദ്യ അഭ്യസിക്കാനായിരിക്കില്ല, ഒരു നേരംപോക്കിനായിരിക്കും.

### ഗവണ്മെണ്ടിൻേറയും അധികൃതരുടേയും അനാസ്ഥ

വിദ്യാർത്ഥികൾക്കിടയിലുള്ള അച്ചടക്കരാഹിത്യത്തെ ഉന്മൂലനം ചെയ്യേണ്ടവർ വിദ്യാർത്ഥികൾക്കിടയിൽ പ്രകോപനം സൃഷ്ടിക്കുന്നതാണു് നാമിപ്പോൾ കാണുന്നതു്. വിദ്യാർത്ഥികൾക്ക തങ്ങളുടെ ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും വകവച്ചു കിട്ടണമെങ്കിൽ വിദ്യാർത്ഥികൾ സമരം നടത്തിയേ പററൂ എന്ന നിലയാണിപ്പോൾ.

വിദ്യാർത്ഥിജീവിതത്തെ ഹനിയ്ക്കുന്ന ഡീറററൻഷൻ സമ്പ്രദായം എടുത്തുകളയണമെന്നു് വിദ്യാർത്ഥികളും വിദ്യാഭ്യാസവിദഗ്ധരും അഭിപ്രായപ്പെട്ടെങ്കിലും അവ നീക്കം ചെയ്യാൻ ഗവ

മ്മേണ്ടിന് സന്മനസ്സുണ്ടായില്ല. എന്നാൽ വിദ്യാർത്ഥികൾ പ്രസ്തുത ആവശ്യം സമരത്തിലൂടെ ആവശ്യപ്പെട്ടപ്പോൾ അധികൃതർക്ക് ബോദ്ധ്യമായി അവ എടുത്തുകളയണമെന്ന്. എന്നാൽ സർവ്വകലാശാല ആ സമ്പ്രദായം എടുത്തുകളഞ്ഞെങ്കിലും വിദ്യാഭ്യാസസ്ഥാപനങ്ങൾ അതു വീണ്ടും മററു പലവിധത്തിലും ഉപയോഗിച്ചു വിദ്യാർത്ഥികളെ വീണ്ടും സമരത്തിലേക്കിറക്കുകയാണ് ചെയ്യുന്നത്. അതിനാൽ ശാശ്വതവും കർശനവുമായ നിയമങ്ങളായിരിക്കണം സർവ്വകലാശാലയുടേത്.

അധികൃതരുടെ നിലപാടിനെക്കുറിച്ചു മനസ്സിലാക്കണമെങ്കിൽ മററൊന്നുകൂടി ഇവിടെ പ്രതിപാദിക്കാം. കോളേജുകളിലേക്കുള്ള ബസ്സിന്റെ അസൗകര്യത്തെക്കുറിച്ച് ഒരു കോളേജിലെ വിദ്യാർത്ഥികൾ അധികൃതരുടെ മുമ്പാകെ ഒന്നിലധികം നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി. പക്ഷേ യാതൊരു പ്രതികരണവും ലഭിക്കായ്കയാൽ അവർ സമരമാകുന്ന ദണ്ഡെടുത്തു ഗതാഗതത്തെ പൂർണ്ണമായി സ്തംഭിപ്പിച്ചു. പിറേറദിവസംമുതൽ ബസ്സുകൾ ഇഷ്ടാനുസരണം ഓടുകയുണ്ടായി. ഇതിൽനിന്ന് (ആവശ്യങ്ങൾ വകവെച്ചു കിട്ടണമെങ്കിൽ സമരംനടത്തിയേ പററൂ എന്നു വിദ്യാർത്ഥികളും, ന്യായമായ അവകാശങ്ങളാണങ്കിൽ വിദ്യാർത്ഥികൾ സമരം നടത്തിക്കൊള്ളുമെന്ന് അധികൃതരും തീർച്ചപ്പെടുത്തിയിരിക്കുന്നുവെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.)

അതുകൊണ്ട് വിദ്യാർത്ഥികളുടെ ആവശ്യം സമരംമുഖേന ഗ്രഹിക്കുകയല്ലാ വേണ്ടത്, സമരത്തിനുമുമ്പ് വിദ്യാർത്ഥികളുടെ ആവശ്യമെന്താണെന്ന് ആരായുകയാണ് വേണ്ടത്.

കെ. സി. ഹമീദ്, I B. A.

കലാലയത്തിലെ അച്ചടക്കപ്രശ്നം രാജ്യത്തിന്റെ പൊതുപ്രശ്നങ്ങളിൽനിന്ന് വിഭിന്നമായി വീക്ഷിക്കുന്നത് ശരിയാണോ? രാജ്യത്തിൽ നടക്കുന്ന അരാജകത്വത്തിന്റെയും ആദർശരാഹിത്യത്തിന്റെയും ഒരു ഭാഗം മാത്രമല്ലേ വിദ്യാർത്ഥിലോകത്തും കാണുന്നത്? വിദാർത്ഥികൾക്ക് നേതൃത്വം കൊടുക്കേണ്ടുന്നവർ വിദ്യാർത്ഥിസമൂഹത്തെയല്ലേ സ്വന്തം ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് ആശ്രയിക്കുന്നത്? ഇവിടെ ആര് ആരെ ഉപദേശിക്കാൻ അർഹരാണ്; എന്തിനേറെ പറയണം, നമ്മുടെ നിയമനിർമ്മാണസഭകളിൽപോലും അച്ചടക്കരാഹിത്യവും സംസ്കാരശൂന്യതയുമല്ലേ കാണുവാൻ കഴിയുന്നത്? സാമൂഹ്യാന്തരീക്ഷത്തിൽനിന്ന് മാനുഷികമൂല്യങ്ങളുടെ തിരോധാനമാണ് ഇവ കുറിക്കുന്നത് — അതെ, ധാർമ്മികാധഃപതനമാണ് കലാലയത്തിലെ അച്ചടക്കപ്രശ്നത്തിന് പ്രധാനകാരണം. ധാർമ്മികമായ ചുറ്റുപാടിൽ നടത്തുന്ന കലാലയത്തിൽ അച്ചടക്കപ്രശ്നം തീവ്രമായി ഉത്ഭവിക്കുന്നില്ലയെന്നുള്ള വസ്തുത ശ്രദ്ധേയമാണ്. ഡോ. രാധാകൃഷ്ണനെപ്പോലുള്ള ക്രാന്തദർശികൾ ഈ വസ്തുത പലപ്രാവശ്യങ്ങളായി ആവർത്തിച്ചിട്ടുണ്ട്. അതിനാൽ മൂലകാരണങ്ങളെപ്പറ്റി മനസ്സിലാക്കിക്കൊണ്ടുള്ള ഒരു പരിഷ്കാരമാണ് അടിയന്തരമായ ആവശ്യം. പ്രശ്നങ്ങൾക്ക് ശേഷം പ്രശ്നങ്ങൾക്കും സൃഷ്ടിക്കുക മാത്രമാണ് ഇന്നുള്ളപരിഷ്കരണംകൊണ്ട് സാധിക്കുന്നത്.

കലാലയത്തിലെ അച്ചടക്കപ്രശനത്തിന് മറ്റൊരു കാരണം എല്ലാ രാഷ്ട്രീയപാർട്ടികളും കലാലയത്തിൽ സമാന്തരസംഘടനകൾ രൂപീകരിക്കുകയും രാഷ്ട്രീയാവശ്യത്തിനുവേണ്ടി വിദ്യാർത്ഥികളെ കരുക്കളാക്കുകയും ചെയ്യുന്നുവെന്നതാണ്. വിദ്യാർത്ഥിസംഘടനകളുടെ നേതാക്കൾ മാതൃസംഘടനയിലെ സജീവപ്രവർത്തകരാണെന്നതാണ് യാഥാർത്ഥ്യം. നിർഭാഗ്യവശാൽ വിദ്യാർത്ഥികൾ രാഷ്ട്രീയപാർട്ടികളുടെ ദുരുദ്ദേശം മനസ്സിലാക്കാതെയാണ് പ്രവർത്തിക്കുന്നത്. പല വിദ്യാർത്ഥിസമരങ്ങളും രാഷ്ട്രീയോദ്ദേശ്യം മുന്നിറുത്തിയല്ലോ നടത്തുന്നത്? ഉദാ: ഈയിടെ ഗവ: ചുമത്തിയപരീക്ഷഫീസിനെതിരിൽ നടത്തപ്പെട്ട സമരം രാഷ്ട്രീയപ്രചോദിതവും രാഷ്ട്രീയകാരണത്താൽ തന്നെ പരാജയപ്പെട്ടതുമല്ലേ? അന്ധമായ രാഷ്ട്രീയവിരോധം വിദ്യാർത്ഥികളിലും സ്വാധീനം ചെലുത്തുന്നുണ്ട്.

ഭാവനാശൂന്യമായ വിദ്യാഭ്യാസപദ്ധതിയും പരീക്ഷാസമ്പ്രദായവും മറ്റൊരു പ്രധാനകാരണമാണ്. ഇന്നത്തെ പരീക്ഷാസമ്പ്രദായം വെറും ഓർമ്മശക്തിയെ മാത്രമാണ് പരീക്ഷിക്കുന്നത്. പൊതുപരീക്ഷയുടെ ഏതാനും മാസം മുമ്പ് പഠിത്തം തുടങ്ങിയാൽതന്നെ പാസ്സാവാൻ കഴിഞ്ഞേക്കും. അതിനാൽ അധികസമയവും പാഠ്യേതരവിഷയത്തിലാണ് വിദ്യാർത്ഥികൾ വിനിയോഗിക്കുന്നത്. പ്രമോഷന് അർദ്ധവാർഷികപരീക്ഷകൂടി ഇന്ന് കണക്കിലെടുക്കുന്നില്ല. ഇവ മനസ്സിലാക്കിയിട്ടല്ലേ പല വിദ്യാലയത്തിലെ വിദ്യാർത്ഥികൾ. പരീക്ഷാബഹിഷ്കരണ സമരം നടത്തുന്നത്? അതുപോലെ ഇന്നു വിദ്യാർത്ഥികൾ അദ്ധ്യാപകന്മാരുടെ നോട്ടുകൾമാത്രം ആശ്രയിച്ചുകൊണ്ട് തൃപ്തിപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇവ കൊണ്ട് വിദ്യാർത്ഥിയുടെ മാനസികവികാസം സാദ്ധ്യമാവുകയില്ലെന്നു മാത്രമല്ല ഗവേഷണോത്സുകത കുറഞ്ഞുവരുകയാണ് ചെയ്യുന്നത്. ഗവേഷണോത്സുകത വർദ്ധിക്കുമ്പോൾ മാത്രമെ വിദ്യാർത്ഥിക്കു വിഷയവുമായി കൂടുതൽ ബന്ധം സ്ഥാപിക്കാൻ കഴിയുകയുള്ളൂ. അതിനാൽ അദ്ധ്യാപകൻ ക്ലാസിലെങ്കിലും ഒരു സഹായിയായി മാത്രം ആയിത്തീരുകയും വിദ്യാർത്ഥികളിൽ നിരീക്ഷണോസാമർത്ഥ്യം വർദ്ധിപ്പിക്കുകയും ചെയ്യത്തക്കവിധത്തിൽ നമ്മുടെ വിദ്യാഭ്യാസപദ്ധതികൾ ആവിഷ്കരിക്കതന്നെവേണം. അതിന് ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അഭിരുചിയുള്ള വിഷയങ്ങളിൽ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ വിദ്യാർത്ഥികൾ കൂടുതൽ പഠനവുമായി ബന്ധപ്പെടുകയും വിദ്യാർത്ഥികളുടെ ശക്തികളെ നിർമ്മാണരംഗത്ത് പ്രകാശിപ്പിക്കുകയും ചെയ്യാൻ സാധിക്കും.

# WHAT I WOULD LIKE TO BE

Jayasree Sukumaran, I M. A.

We often hear the wise men speak that true happiness in life consists not in doing what we like, but in liking what we have to do. But everyone of us do cherish high hopes and aims. If someone asks me "what would you like to be", the simplest answer I would give is that I would like to be a dutiful teacher in my life. It is not an 'unelected vocation' on my part, but I deliberately chose it, after my own heart.

To be a good teacher is not a Herculian task, but it has its own handicaps and difficulties. I feel, the first step to be one is to win the hearts of the students. The first impression is always the best impression and it is applicable here also. So I would like myself to be one whom the students would at least do not condemn if they can't respect.

At the same time I would like to be one whom others consider as an example. That may be a tall claim, but, I do not think it impossible — a teacher should be in the good graces of the students; I do not like to be an unapproachable, secluded, aloof person, or a martinet. That does not mean that I would like to be one among my students. There should be a difference between a teacher and his or her students and I would like to keep up the same.

In these days, it seems almost an improbable thing to expect perfect discipline from the student circle. I would never wish myself to be a super human being commanding respect from every nook and corner. Still, I would never like to sacrifice my self-respect to be an admirable teacher.

In my student life, one of my lecturers impressed me so much that it is my ambition to follow his foot-steps. If I succeed in my attempt, then I would be proud enough in the later years of my life, to look back and tell my near ones that "I have done something in my life."

I would try to understand each and every student of mine, to know their difficulties considering studies and encourage him. By correction one makes another understand his mistakes, and I think by encouragement one makes him more hopeful. It does a great deal to improve the student and every one of us likes to get encouragement. It makes us feel that someone is there who is interested in us, and "it is easier to suffer in silence when you know somebody is watching".

If I would become a teacher, whom the students love and respect I would consider myself as the happiest and the most lucky person in the world. There are two sides to every coin and so too here. Normally, we hardly find a teacher, loved and respected by all his students. Taste differs and one cannot be a favourite of all, always. About this matter, I bother the least, I would like myself to be, in a way, a detached and an impartial observer of all the students. One cannot blame another for his inability to like a person however good

or great he may be. Likes and dislikes are not based on stern, strict laws.

"All the world's a stage" and all men are mere actors. Every one has to play a part and I would like to play my part in the best possible manner. Apart from the vocation I selected, I would like to be a sensible person in life and I do not want to have a puzzling view of life. Though I am aware of the fact that I am only 'a drop in the ocean', I do not wish to make it a muddy one, instead I would like to make the drop a pure, crystal clear one. I would never like to be a tool of circumstances, a slave of my emotions, but one of my hopes is to be a master of my will. Reason should be the torch making my pathway bright. I do not expect life to be a 'bed of roses' but even if it appears before me as a 'thorn patch', I would like myself, not to be affected by the pricks of thorns, but to hope for light and cheer.

The last two hopes I keep near to my heart are, to be a harmless, if not good, citizen of my beloved country, and to hold my faith in the Almighty, whatever troubles come on my way. Life is to most people a heavy burden, but if I succeed in achieving at least a few of my hopes, I think, that burden will be lightened and it will not press me too hard.

It may be impossible for one to get everything he desires in life But if, at least some of my dreams come true, I hope in the last years of my life, I will never be a frustrated old woman, but one who is contented in life waiting for the last moment with a glad heart.

# WHAT WE WOULD LIKE TO BE

"What I would like to be!" A nice question indeed, but the answer is a fantastic (funny you may say) one. I would like to be an illiterate, well trained, and home loving, house-wife like my beloved mother. High brows may pooh-pooh my idea, yet I don't care a two penny..."

*Sneheprabha. M*
*I M. A. (Eng)*

"....I shall try to be neither the Words-worthian pagan, nor Shelley's West Wind; but I shall try to 'find tongues in trees, books in he running brooks.'

Sermons in stones, good in every thing nd be a MAN and MYSELF."

*Yaseen Ashraf. K*
*II B. A. (Eng)*

"....The knowledge I have acquired, I ant to siphon out to the younger generation. may be in a short measure. But I can have e satisfaction that I could do a little good ence my yearning is to become a lecturer."

*Siddique. P. M*
*I M. A. (Eng)*

"....I often indulge in reveries when I in class rooms, dreaming all the while the asant and unpleasant experiences I may en-nter in my venture to scale space. I will urally go deep into the principles that necessitate the mental make-up of an astronaut like myself. There I may see the the souls of dead bodies and may be able to speak to Gods



and Goddessess who dole out unequal plea-sures to the hopless humanity.

*Abdussalam. C.*
*II B. Sc.*

....As an ideal Block Development Offi-cer, I will plead with the Government to give free education for the farmers, and help them financially in bringing tractors and manures, and other necessary things.

*Mohamed. C. G.*
*I B. Sc. (Phy)*


....I would like to be a man with a mind and might to better humanity. All evils should be fought against and overcome. The

future generation must not know what evil is.

*Yahya Haroan*
*II B. Sc. (Zool)*

I would like to be a teacher. I firmly believe that the profession of a teacher is the worthiest in the world.

*Mohamed Ali. S.*
*III B. A. (Econ)*




I want to be a doctor. I should work very hard to fulfil this ambition.

*Naveen Chandran. M.*
*I PDC*

I would like to become a guardian of our country i. e. to become a soldier, because in that I see not only the future of my family but also the future of the whole country 'India'.

*Mohanan. P.*
*II B. Sc. (Zool)*

To be a teacherr is not a great thing in itself. I cannot confine myself within the four corners of a college class room. I would like to go out into my village with the torch of



service and illuminate the dark recesses of the minds of my countrymen.

*Oosman. T.*
*I M. A. (Eng.)*